വേണ്ട. നിരാകരണ പ്രമേയമില്ല. ഒരു ബില്ലിൽ രണ്ട് ഡിസന്റ് ഉണ്ട്. പിന്നെ ഓരോ ബില്ലിനും രണ്ട് ഭേദഗതി മാത്രമേയുള്ളൂ. ആറ് പേര് സംസാരിക്കേണ്ടി വരും. അത് നടപടിക്രമം അനുസരിച്ച് വേണ്ടതാണ്. അതിന് നീണ്ട പ്രസംഗം വേണ്ട. നടപടിക്രമം അനുസരിച്ച് സംസാരിക്കണമല്ലോ; അത്രയേയുള്ളൂ. അതനുസരിച്ച് ചർച്ച ഒരുമിച്ചാണ്. എന്നിട്ട് ഓരോ ബില്ലായി ക്ലാസ്സ് ബൈ ക്ലാസ്സായി സെക്കന്റ് റീഡിംഗിൽ എടുക്കാം. ചർച്ചയിൽ ആദ്യം ആരൊക്കെയാണ് പങ്കെടുക്കുകയെന്ന് ഞാൻ പറയാം. ബന്ധപ്പെട്ട വകുപ്പുമന്ത്രി ആദ്യം രണ്ട് ബില്ലും അവതരിപ്പിക്കും. ആദ്യം 2000-ത്തിലെ കേരള-പഞ്ചായത്തീരാജ് (ഭേദഗതി) ബിൽ എടുക്കാം. പിന്നീട് 2000-ത്തിലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ.

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2000-ത്തിലെ കേരള പഞ്ചായത്തീരാജ് (ഭേദഗതി) ബിൽ

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2000-ത്തിലെ കേരള പഞ്ചായത്തീരാജ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : പ്രമേയത്തെ പിന്താങ്ങുന്നു.

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2000-ത്തിലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2000-ത്തിലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : ഒന്നാമത്തെ ബില്ലിൽ ഡിസന്റ് ഇല്ല. രണ്ടാമത്തെ ബില്ലിൽ രണ്ട് ഡിസന്റ് ഉണ്ട് ശ്രീ. ബി. വിജയകുമാർ ഇവിടെ ഇല്ല, ശ്രീ. അബ്ദുറബ്ബ് ആണുള്ളത്. മുനിസിപ്പാലിറ്റി ഭേദഗതി ബില്ലിനെ സംബന്ധിച്ചിടത്തോളം ശ്രീ. ജോണി നെല്ലൂർ, ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ എന്നിവരാണ് സംസാരിക്കാനുള്ളത്. പഞ്ചായത്തീരാജ് ബില്ലിനെ സംബന്ധിച്ചിടത്തോളം ശ്രീ. കെ.സി. വേണുഗോപാൽ, ശ്രീ. നാലകത്ത് സൂപ്പി എന്നിവരാണുള്ളത്. ഇപ്പോൾ ഇതിനെക്കുറിച്ച് ഒരു ഏകദേശ ധാരണയുണ്ടായല്ലോ. പൊതുവായ അഭിപ്രായങ്ങളെക്കുറിച്ച് ഒരു ഏകദേശ ധാരണയുണ്ടായല്ലോ. പൊതുവായ അഭിപ്രായങ്ങളെക്കുറിച്ചുള്ള ചർച്ച കഴിഞ്ഞതിനുശേഷം ഓരോ ബില്ലായി എടുത്ത് സെക്കന്റ് റീഡിംഗ് കഴിഞ്ഞ് പാസ്സാക്കിയെടുക്കാം.

കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിന് വിയോജനക്കുറിപ്പ് കൊടുത്ത ശ്രീ. പി.കെ. അബ്ദുറബ്ബിന് സംസാരിക്കാം.

ശ്രീ. പി.കെ. അബ്ദുറബ്ബ് : സർ, 2000-ത്തിലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിനെ ഞാൻ എതിർക്കുകയാണ്. മുമ്പ് ഇവിടെ അവതരിപ്പിച്ച

അനുബന്ധം XX

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തീരാജ് മുനിസിപ്പാലിറ്റി ബില്ലുകളിൽ കെട്ടിട നിർമ്മാണ ചട്ടങ്ങളെ സംബന്ധിച്ച് പ്രതിപാദിച്ചിരുന്നു. ചട്ടങ്ങൾ ഇനിയും തയ്യാറാകാത്തതുകൊണ്ട് അവ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന തീയതി, ഈ ഏപ്രിൽ 1-ാം തീയതി വരെ ദീർഘിപ്പിച്ചിരുന്നു. മാത്രമുമല്ല ഇന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഭേദഗതിയിൽ അത് 2001 ജനുവരി ഒന്നു മുതൽ നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്ത് പുതിയ കെട്ടിട നിർമ്മാണ ചട്ടങ്ങളുണ്ടാക്കി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും മുനിസിപ്പാലിറ്റികൾക്കും അധികാരങ്ങൾ കൊടുക്കുകയും ഗവൺമെന്റിനുള്ള അപ്പീൽ അധികാരം എടുത്തുകളയുകയും ചെയ്യുമ്പോൾ 'ഇല്ലത്തുനിന്ന് പോരുകയും ചെയ്തു; അമ്മാത്ത് ഒട്ട് എത്തിയുമില്ല' എന്നുള്ള ഒരവസ്ഥയിലാണ് കാര്യങ്ങൾ നീങ്ങുന്നത്. അതിനിടയിൽ വരുന്ന അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ റഗുലറൈസ് ചെയ്യുന്നത് സംബന്ധിച്ച് 1999 ഒക്ടോബർ 15 വരെയാണ് കാലാവധി വച്ചിട്ടുള്ളത്. അപ്പോൾ ഇങ്ങനെയുള്ള നിർമ്മാണങ്ങളിൽ 1994-ലെ പഞ്ചായത്തീരാജ് മുനിസിപ്പൽ ആക്ടുകളിലെ 220 (ബി)യും 383 (എ) യും വകുപ്പുകൾ വരുന്നതിന് മുമ്പുള്ള കെട്ടിടങ്ങളും അവ വന്നതിനുശേഷമുള്ള കെട്ടിടങ്ങളുമുണ്ട്. അപ്പോൾ നിലവിലുള്ള കെട്ടിടങ്ങൾ എന്നു പറഞ്ഞുകൊണ്ട്, മൂന്നുമീറ്റർ ദൂരപരിധി ലംഘിച്ചുകൊണ്ട് കെട്ടിയിട്ടുള്ള കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിന് നിശ്ചിത ഫീസ് സർക്കാരിന് നൽകിക്കൊണ്ട് രാജിയാക്കാം. "അവ ക്രമവൽക്കരിക്കാം." എന്നാണ് പറഞ്ഞിട്ടുള്ളത്. അങ്ങനെ പറയുമ്പോൾ 1994-ന് ശേഷമുണ്ടായിട്ടുള്ള കെട്ടിടങ്ങൾക്ക് മൂന്നു മീറ്റർ ദൂരപരിധി ലംഘിച്ചുകൊണ്ടുണ്ടാക്കിയിട്ടുള്ള കെട്ടിടങ്ങൾ ക്രമവൽക്കരിക്കും എന്നു പറഞ്ഞിട്ടില്ല. അവയ്ക്കു മുകളിൽ ഒന്നാം നിലയും രണ്ടാം നിലയുമൊക്കെ പണിയാമെന്നാണ് പറഞ്ഞിട്ടുള്ളത്. അങ്ങനെ പണിയുന്നതിന് ഒരുപാട് റിലാക്സേഷൻ ഒരു പാട് ഇളവുകൾ നൽകിയിട്ടുണ്ട്. സൺഷെയ്ഡ് അടക്കം ഉണ്ടാകാമെന്നുള്ള ഒരു റിലാക്സേഷൻ നൽകുകയും അതിനുശേഷം ചേർത്തിട്ടുള്ള പുതിയ വകുപ്പിൽ വളരെ പ്രയാസമുണ്ടാക്കുകയും ചെയ്യുന്നു. അത് ഞാൻ വായിക്കാം. "എന്നു മാത്രമല്ല നിലവിലുള്ള കെട്ടിടത്തിന്റെ ഭാഗം ഏതെങ്കിലും നഗരാസൂത്രണ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി പൊട്ടിച്ചുമാറ്റേണ്ടിവരുമ്പോൾ അത് ബാക്കിവരുന്ന കെട്ടിടത്തിനേയോ പുതുതായി നടത്തുന്ന കൂടിച്ചേർക്കലിനേയോ ദോഷകരമായി ബാധിക്കാത്ത വിധത്തിലായിരിക്കേണ്ടതും അതിന്റെ സുരക്ഷയും ഉറപ്പും സംബന്ധിച്ച പൂർണ്ണ ഉത്തരവാദിത്വം കെട്ടിടമുടമസ്ഥനിലായിരിക്കേണ്ടതും അയാൾ അപ്രകാരം പൊട്ടിച്ചുമാറ്റേണ്ടിവരുമ്പോൾ അത് തന്റെ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും നിർവ്വഹിക്കേണ്ടതും പ്രസ്തുത നിർമ്മാണത്തിന് യാതൊരു നഷ്ടപരിഹാരത്തിനും അർഹതയുണ്ടായിരിക്കുന്നതല്ലാത്തതും ഇതിലേയ്ക്കായി ഒരു സമ്മതപത്രം അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതും ആണ്." എന്നാണ് പറഞ്ഞിട്ടുള്ളത്. ഒരു അനധികൃതനിർമ്മാണം നമ്മൾ ക്രമവൽക്കരിച്ചുകൊടുക്കുകയാണ്. ഭരത് ക്രമവൽക്കരിച്ചുകൊടുക്കുന്നതോടുകൂടി എല്ലാ നിബന്ധനകളും പാലിച്ച ഒരു കെട്ടിടമുടമസ്ഥനുള്ള എല്ലാ അധികാരങ്ങളും അവകാശങ്ങളും ഇയാൾക്കും ലഭിക്കുന്നു. ഇങ്ങനെ വരുമ്പോൾ ഭാവിയിൽ ഒരു നഗരാസൂത്രണ പദ്ധതിക്കോ അല്ലെങ്കിൽ മറ്റേതെങ്കിലും കാര്യത്തിനുവേണ്ടിയോ നേരത്തേ നിലവിലുള്ള കെട്ടിടം പൊളിക്കുമ്പോൾ ആ കെട്ടിട ഉടമസ്ഥന് കിട്ടുന്ന മാന്യമായ ഈ ഒരു ക്ലാസ് എഴുതിവച്ചുകഴിഞ്ഞാൽ ഇങ്ങനെ നമ്മൾ ക്രമവൽക്കരിച്ചുകൊടുക്കുന്ന കെട്ടിടത്തിന്റെ ഉടമസ്ഥന് ലഭിക്കാതെ പോകും. അതുകൊണ്ട് നമ്മൾ ഒരിക്കൽ ക്രമവൽക്കരിച്ചുകഴിഞ്ഞാൽ,

LIBRARY ARCHIVES Kerala Legislative Assembly

നേരത്തേ എല്ലാ നിയമങ്ങളും പാലിച്ചുകൊണ്ട് ഉണ്ടാക്കിയ കെട്ടിടഉടമസ്ഥനും, നേരത്തെ നിയമത്തിന് വിരുദ്ധമായി ഉണ്ടാക്കിയത് നമ്മൾ ക്രമവൽക്കരിച്ചുകഴിഞ്ഞ കെട്ടിടത്തിന്റെ ഉടമസ്ഥനും ഉള്ള അവകാശങ്ങൾ ഒരേ രീതിയിലായിരിക്കണം. അതുകൊണ്ട് പുതുതായി ചേർത്തിട്ടുള്ള ഈ ഉപവകുപ്പും പുതിയ നിബന്ധന ഒഴിവാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ 2001 ജനുവരി 1-ാം തീയതി മുതൽ പുതിയ കെട്ടിടനിർമ്മാണചട്ടങ്ങൾ നടപ്പിലാക്കാൻ പോകുകയാണ്. അപ്പോൾ ഇതുവരെയുള്ള നിർമ്മാണങ്ങൾ ക്രമവൽക്കരിക്കാനുള്ള ഒരു നടപടികൂടി വേണം.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. രാഘവൻ)

1999 ഒക്ടോബർ 15-ാം തീയതിക്കുശേഷമുള്ള അനധികൃത നിർമ്മാണങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഒന്നും പറഞ്ഞില്ല. ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ അക്കാര്യം സംബന്ധിച്ച് പറയുമെന്ന് ഞാൻ ആശിക്കുകയാണ്. 2001 ജനുവരി മുതൽ ഒരു പുതിയ നിയമം നടപ്പിലാക്കുമ്പോൾ 2000 ഡിസംബർ 31 വരെയുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ ഒരു അവസാന തീരുമാനമുണ്ടാകണം. ക്രമവൽക്കരണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കേണ്ടത്? ഇപ്പോൾ കൊടുത്തിട്ടുള്ള ക്രമവൽക്കരിക്കാനുള്ള നിബന്ധനകൾ അത്തരം കെട്ടിടങ്ങൾക്കുകൂടി ബാധകമാക്കാനുള്ള ഏർപ്പാട് ഉണ്ടാകണം. മാത്രമല്ല, കഴിഞ്ഞ നാല് വർഷത്തിനിടയിൽ ഒരുപാട് അനധികൃത കെട്ടിടനിർമ്മാണങ്ങൾ നമ്മുടെ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും നടന്നിട്ടുണ്ട്. അത് ക്രമവൽക്കരിക്കാൻ സർക്കാരിന് അധികാരം കൊടുത്തിട്ടുള്ള ഈ ബിൽ പാസ്സായി വരുമ്പോൾ സർക്കാരിലേയ്ക്ക് അത്തരം അപേക്ഷകളുടെ ഒരു ഒഴുക്ക് തന്നെ ഉണ്ടാകും. ഞാൻ അക്കാര്യം കഴിഞ്ഞദിവസം ശ്രദ്ധ ക്ഷണിക്കലിലൂടെ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. അതിന് നിശ്ചിത ഫീസ് ഈടാക്കിക്കൊണ്ട് ക്രമവൽക്കരിക്കാനുള്ള അധികാരം ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങൾക്ക്തന്നെ നൽകണം. ഇവിടെ ഒരുഭാഗത്ത് അപ്പീൽ പരിഗണിക്കാനുള്ള സർക്കാരിന്റെ അധികാരം എടുത്തുകളയുകയും ഈ ഒരു ചെറിയ ക്രമവൽക്കരണത്തിനുവേണ്ടി വീണ്ടും സർക്കാരിലേക്ക് എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേയും ജനങ്ങളെ രണ്ടാമത് വരുത്തുകയും ചെയ്യുന്ന നടപടി ശരിയല്ല. ഇത് ക്രമവൽക്കരിക്കാനുള്ള അധികാരം പഞ്ചായത്തുകൾക്കായാലും മുനിസിപ്പാലിറ്റികൾക്കായാലും നൽകണമെന്നാണ് എനിക്ക് പറയാനുള്ളത്. എനിക്ക് പിന്നെ ഒരു കാര്യം പറയാനുള്ളത് തെരഞ്ഞെടുപ്പ് ചെലവുകളുടെ കണക്കുകളെ സംബന്ധിച്ചാണ്. തെരഞ്ഞെടുപ്പു ചെലവുകളുടെ കണക്കു സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്ന ആളുകൾക്ക് 5 വർഷത്തേയ്ക്ക് അയോഗ്യത കൽപ്പിക്കുന്ന വ്യവസ്ഥ നേരത്തെ ഉണ്ടായിരുന്നു. ഇടക്കാലത്ത് ആ വകുപ്പ് എടുത്തുകളഞ്ഞതാണ്. 5 വർഷത്തേയ്ക്ക് എന്നുള്ളതിന് പകരം നിലവിലുള്ള കൗൺസിലിന്റെ കാലാവധി വരെയെന്നുള്ളത് കഴിഞ്ഞ ബില്ലിൽ കൊണ്ടുവന്നതാണ്. അത് രണ്ടാമതും മാറ്റിക്കൊണ്ട് 5 വർഷത്തേയ്ക്ക് എന്നുള്ള ഒരു വ്യവസ്ഥയാണ് കൊണ്ടുവന്നിട്ടുള്ളത്. അത് പഴയതുപോലെതന്നെയാക്കണം. കൗൺസിലിന്റെ കാലാവധി കഴിയുന്നതുവരെ എന്നുള്ള നിബന്ധന തന്നെ കൊണ്ടുവരണമെന്നാണ് എനിക്ക് പറയാനുള്ളത്. സർ, അതുപോലെതന്നെ വാർഡ് വിഭജനത്തെ സംബന്ധിച്ചും സംവരണ വാർഡുകൾ തീരുമാനിക്കുന്നതിനെ സംബന്ധിച്ചും തെരഞ്ഞെടുപ്പ് കമ്മീഷന് നൽകിയിട്ടുള്ള അധികാരങ്ങൾ നേരത്തേ ജില്ലാ കളക്ടർമാർക്ക് നൽകിക്കഴിഞ്ഞതാണ്. അത് ഫൈന

LIBRARY ARCHIVES Kerala Legislative Assembly

ലായിരിക്കുമെന്നും അതിന്മേൽ അപ്പീൽ ഇല്ലെന്നിമൊക്കെയാണ് പറഞ്ഞിരുന്നത്. ഇപ്പോൾ ഇലക്ഷൻ കമ്മീഷന് പുതിയ അധികാരം കൊടുക്കുന്ന ഭേദഗതികൾ കൊണ്ടുവന്നപ്പോൾ മുനിസിപ്പാലിറ്റിയുടെ കാര്യത്തിൽ സംവരണ വാർഡുകൾ തീരുമാനിക്കുന്നതിന് ഇലക്ഷൻ കമ്മീഷന് അധികാരം കൊടുത്തു. പക്ഷേ, പഞ്ചായത്തിന്റെ കാര്യത്തിൽ അക്കാര്യം പറഞ്ഞുകാണുന്നില്ല. പഞ്ചായത്തിന്റെ കാര്യത്തിൽ സംവരണ വാർഡുകൾ തീരുമാനിക്കുന്നതിന്റെ അപ്പീൽകൂടി ഇലക്ഷൻ കമ്മീഷൻ കേൾക്കുന്ന വ്യവസ്ഥ ഉണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിലെ 235(എ) മുതൽ (ഇസഡ്) വരെയുള്ള വകുപ്പുകളും മുനിസിപ്പാലിറ്റി ഭേദഗതി)ബില്ലിലെ 407-ാം വകുപ്പും നടപ്പിലാക്കിക്കഴിഞ്ഞാൽ പിന്നെ പഞ്ചായത്ത് രാജ്-മുനിസിപ്പൽ നിയമങ്ങളിലെ 220(ബി)യും 383(എ)യും വകുപ്പുകൾ നിലനിറുത്തേണ്ട ആവശ്യമുണ്ടോ എന്നുള്ളത് പരിശോധിക്കണം. കാരണം, സാധാരണഗതിയിൽ റോഡിൽ നിന്ന് 3 മീറ്റർ ദൂരപരിധി കണക്കാക്കിക്കൊണ്ട് കെട്ടിടനിർമ്മാണം നടത്തണമെന്നുള്ള ഒരു കാര്യം മാത്രമാണ് ഈ വകുപ്പുകളിലുള്ളത്. നിർബന്ധമായും നമ്മുടെ കെട്ടിടനിർമ്മാണചട്ടങ്ങളിൽ ആ വകുപ്പ് വരുന്നതുകൊണ്ട് ഇങ്ങനെയൊരു പ്രത്യേക വകുപ്പ് ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം. ആ വകുപ്പ് എടുത്തുകളയാനുള്ള ഒരു ഭേദഗതികൂടി ഇതിൽ ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മറ്റ് ഭേദഗതികളെ സ്വാഗതം ചെയ്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ജോണി നെല്ലൂർ</u> : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2000-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി)ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഭേദഗതി അവതരിപ്പിച്ചുകൊണ്ട് സംസാരിക്കുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്നിരിക്കുന്ന ഈ ഭേദഗതി നിയമം വരാൻ പോകുന്ന ഭവിഷ്യത്തുകളെക്കുറിച്ച് ആലോചിക്കാതെ കൊണ്ടുവന്നിട്ടുള്ള ഒരു ഭേദഗതി നിയമമായിട്ടാണ് കാണാൻ കഴിയുന്നത്. കേരള നിയമസഭ അടുത്തകാലത്ത് പാസ്സാക്കിയ ഒരു നിയമമാണ് കേരള ഹൈവേ (പ്രൊട്ടക്ഷൻ) ബിൽ ആ നിയമത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളും ഇന്ന് ഇവിടെ കൊണ്ടുവന്നിരിക്കുന്ന ഈ ഭേദഗതി നിയമത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളും തമ്മിൽ കോൺട്രഡിക്റ്ററിയാണ്. ആ നിയമത്തിൽ പറഞ്ഞിരിക്കുന്നതിന് ഘടകവിരുദ്ധമായ ഒരു ഭേദഗതിയായിട്ടാണ് ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്. ഇതിൽനിന്ന് ഒരു കാര്യം വളരെ വ്യക്തമാണ്. നിയമങ്ങൾ കൊണ്ടുവരുമ്പോൾ നമ്മുടെ ഡിപ്പാർട്ടുമെന്റുകൾ പരസ്പരം ആലോചിക്കുന്നില്ല. കോ-ഓർഡിനേറ്റ് ചെയ്ത് നിയമനിർമ്മാണം നടത്തുന്ന കാര്യത്തിൽ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുന്നു. ഏതാനും ദിവസങ്ങൾക്ക് മുമ്പ് പാസ്സാക്കിയ നിയമത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾക്ക് കടകവിരുദ്ധമായി ഭേദഗതികൾ കൊണ്ടുവന്നിരിക്കുന്നു. കേരള ഹൈവേ (പ്രൊട്ടക്ഷൻ) ബില്ലിൽ കെട്ടിടനിർമ്മാണത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നത് എന്താണ്? ഒരു ബൗണ്ടറി ലൈൻ ഫിക്സ് ചെയ്യാമെന്നും ആ ബൗണ്ടറി ലൈനിനുള്ളിൽ യാതൊരുവിധ കെട്ടിടനിർമ്മാണവും അനുവദിക്കുകയില്ലെന്നും ആ നിയമത്തിൽ പറയുന്നു. ഇവിടെ 3 മീറ്റർ നിയന്ത്രണം കൊണ്ടുവന്നിരിക്കുന്നു. ഇതെങ്ങനെ പൊരുത്തപ്പെടും? അങ്ങ് ഇക്കാര്യത്തെക്കുറിച്ച് ഗൗരവമായി ആലോചിക്കണം. ഒരു നിയമം കൊണ്ടുവരുമ്പോൾ, മറ്റു ഡിപ്പാർട്ടുമെന്റുകൾ പരസ്പരം ഒന്ന് കോ-ഓർഡിനേറ്റ് ചെയ്ത് അവരുടെകൂടി അഭിപ്രായങ്ങൾ അംഗീകരിച്ചുകൊണ്ട് നിയമനിർമ്മാണം നടത്താൻ തയ്യാറായാൽ അതുപോലുള്ള വൈദഗ്ദ്ധ്യങ്ങളും പാകപ്പിഴവുകളും

LIBRARY ARCHIVES Kerala Legislative Assembly

ഒഴിവാക്കാൻ കഴിയുമെന്നുള്ളതുകൊണ്ട് ഇനി അങ്ങോട്ടുള്ള കാര്യങ്ങളില്ലെങ്കിലും ആ ഒരു ധാരണ വച്ചു പുലർത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇത് തീർച്ചയായും അങ്ങേയ്ക്ക് തന്നെ മനസ്സിലാകും. വളരെ കോൺട്രിഡക്ടറിയായിട്ടുള്ള ഭേദഗതിയാണ് അവിടെ കൊണ്ടുവന്നിരിക്കുന്നത്. പഞ്ചായത്ത് രാജ് നിയമത്തിലും മുനിസിപ്പാലിറ്റി നിയമത്തിലും ഒക്കെ ചുരുക്കം ചില ഭേദഗതികൾ അങ്ങ് നിർദ്ദേശിച്ചിട്ടുണ്ട്. ഇവിടെ ചട്ടങ്ങൾ ഉണ്ടായില്ല, അതുകൊണ്ട് ഇങ്ങനെ നിർമ്മിച്ചിരിക്കുന്ന അല്ലെങ്കിൽ നിർമ്മാണത്തിലിരിക്കുന്ന കെട്ടിടം റെഗുലറൈസ് ചെയ്യാനുള്ള സമയം നീട്ടി കൊണ്ടുള്ള ഒരു ഭേദഗതി കൊണ്ടുവന്നിരിക്കുന്നു. അനധികൃതമായി നിർമ്മിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങൾക്കും ഈ ഭേദഗതിയുടെ മറവിൽ അംഗീകാരം കൊടുക്കാൻ ഗവൺമെന്റ് തയ്യാറായാൽ നിയമങ്ങൾ ലംഘിച്ചുകൊണ്ട് ഒട്ടേറെ കെട്ടിട നിർമ്മാണങ്ങൾ ഈ സംസ്ഥാനത്ത് നടക്കുന്നുണ്ട്.

<u>ശ്രീ. കെ. മുഹമ്മദാലി</u> : സർ, കൊച്ചി നഗരസഭയിലെ ഗ്രേറ്റർ കൊച്ചിൻ ഡെവലപ്പ്മെന്റ് അതോറിറ്റിയും കോർപ്പറേഷനും ജില്ലാ അഡ്മിനിസ്ട്രേഷനുംകൂടി അനധികൃത കെട്ടിടനിർമ്മാണങ്ങളെക്കുറിച്ച് പരിശോധന നടത്തി. വളരെയധികം വൻകിട കെട്ടിടങ്ങൾ എല്ലാ നിയമവും ലംഘിച്ച് അവിടെ നിർമ്മിച്ചിട്ടുണ്ട്. അങ്ങനെ നിയമവിരുദ്ധമായി നിർമ്മിച്ച വൻകിട കെട്ടിടങ്ങൾ റെഗുലറൈസ് ചെയ്യാനുള്ള സൗകര്യം ഉണ്ടാവുകയാണ്. ഇതിനകത്ത് വളരെ ഗുരുതരമായ പാകപ്പിഴകളുണ്ട്. ഇത് വളരെ ലാഘവമായി കൈകാര്യം ചെയ്യാൻ പാടില്ല. പ്രധാനപ്പെട്ട ദേശീയപാതകളിലും റോഡുകളിലും അനധികൃതമായി എല്ലാ നിയമവും ലംഘിച്ചു ഗവൺമെന്റിനെ വെല്ലുവിളിച്ചുകൊണ്ട് നിർമ്മിച്ച കെട്ടിടങ്ങളൊക്കെ ഇപ്പോൾ റെഗുലറൈസ് ചെയ്യാൻ പോവുകയാണ് എന്നകാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ജോണി നെല്ലൂർ</u> : സർ, ബഹുമാനപ്പെട്ട മന്ത്രി വളരെ ഗൗരവമായി കാണേണ്ട ഒരു വിഷയമാണിത്. നിയമങ്ങളും ചട്ടങ്ങളും ലംഘിച്ച് ഒട്ടേറെ വലിയ കെട്ടിടങ്ങൾ നമ്മുടെ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും നിർമ്മിക്കുന്നുണ്ട്. ഈ നിയമത്തിന്റെ ഭേദഗതിയുടെ മറവിൽ ആ കെട്ടിട ഉടമകളും കെട്ടിടനിർമ്മാതാക്കളും ഒരു അപേക്ഷ കൊടുത്താൽ അത് റെഗുലറൈസ് ചെയ്യാൻ ഈ ഭേദഗതിയിലൂടെ സൗകര്യമുണ്ടായാൽ അത് ഉണ്ടാക്കിവയ്ക്കുന്ന പ്രത്യാഘാതം വളരെ വലുതാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ ഏത് വിധത്തിലുള്ള അനധികൃത കെട്ടിടനിർമ്മാണങ്ങൾക്കും ഈ നിയമത്തിലൂടെ സാധുകരണം ഉണ്ടാക്കാൻ കഴിയും. അതിന് ഗവൺമെന്റ് എന്താണ് ഉദ്ദേശിക്കുന്നത്? അങ്ങനെയുള്ള അനധികൃത കെട്ടിടനിർമ്മാണങ്ങൾക്ക് ഒരു കാരണവശാലും നിയമസാധുതയില്ലെങ്കിൽ, അതിന് അംഗീകാരം കൊടുക്കുകയില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് ഉറപ്പ് കൊടുക്കാൻ കഴിയുമോ? നമ്മുടെ സംസ്ഥാനത്തെ പല പ്രദേശങ്ങളിലും അനധികൃതമായി, യാതൊരുവിധ നിയന്ത്രണങ്ങൾക്കും വിധേയമല്ലാത്ത വിധത്തിൽ പടുത്തുയർത്തുന്ന പടുകൂറ്റൻ ഫ്ളാറ്റുകളുടേയും അതുപോലുള്ള കെട്ടിടങ്ങളുടേയും നിർമ്മാണത്തെ സാധുകരിക്കാൻവേണ്ടി, ആരെയോ സഹായിക്കാൻവേണ്ടി തന്ത്രപ്പെട്ട് കൊണ്ടുവന്ന ഒരു ഭേദഗതിയാണ് ഇതെന്ന് ആരെങ്കിലും പറഞ്ഞാൽ അത് ഇപ്പോഴത്തെ സാഹചര്യത്തിൽ നിഷേധിക്കാൻ കഴിയുമോ? ഇതുസംബന്ധിച്ച് അപേക്ഷ വന്നാൽ അത് പരിശോധിക്കാനുള്ള സംവിധാനം ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവരണം. ഇന്നുവരെ നിർമ്മിച്ചിരിക്കുന്ന മുഴുവൻ കെട്ടിടങ്ങളുടേയും

LIBRARY ARCHIVES Kerala Legislative Assembly

അപേക്ഷകൾ വന്ന് എല്ലാറ്റിനും അനുമതി കൊടുത്താൽ, റെഗുലറൈസ് ചെയ്താൽ ഈ ഭേദഗതി അനുസരിച്ച് വലിയ അപകടം ഉണ്ടാകും.

എല്ലാ ചട്ടങ്ങളും നിയമങ്ങളും ലംഘിച്ചുകൊണ്ടുള്ള വൻകിട കെട്ടിടങ്ങൾ നിർമ്മിച്ചാൽ, ആ കെട്ടിടങ്ങളുടെ നിർമ്മാണത്തിന് അധികാരം കൊടുക്കാനുള്ള നീക്കം ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയില്ല. ബഹുമാനപ്പെട്ട അബ്ദുറബ്ബ് സൂചിപ്പിച്ചതുപോലെ എന്തിനാണ് ഈ അധികാരം ഗവൺമെന്റ് ഇങ്ങോട്ട് എടുക്കുന്നത്? അധികാരവികേന്ദ്രീകരണത്തിനുവേണ്ടിയാണല്ലോ നാം കഴിഞ്ഞ കുറേ നാളുകളായി മുറവിളി കൂട്ടുന്നത്. അധികാരവികേന്ദ്രീകരണത്തിനായി നാം പല കാര്യങ്ങളും ചെയ്യുന്നു. ഏറ്റവും പ്രധാനപ്പെട്ട ഒരു പഞ്ചായത്തു പ്രദേശത്ത് അല്ലെങ്കിൽ ഒരു മുനിസിപ്പൽ പ്രദേശത്ത് ഒരു കെട്ടിട നിർമ്മാണം നടക്കുന്നുവെങ്കിൽ ആ കെട്ടിടം നിർമ്മിക്കുന്നത് എല്ലാ നിയമങ്ങളും ചട്ടങ്ങളും ലംഘിച്ചാണോ എന്ന് ഏറ്റവും നന്നായി അറിയാൻ കഴിയുന്നത് ആ സ്ഥലത്തെ തദ്ദേശ ഭരണസ്ഥാപനത്തിനാണ്. അതുകൊണ്ട് ആ സ്ഥാപനത്തിന് അധികാരം കൊടുക്കുന്നതായിരുന്നു കൂടുതൽ നല്ലത്. അതിനുപകരം ഗവൺമെന്റ് അധികാരം ഇങ്ങോട്ട് എടുക്കുന്നു; ബാക്കി എല്ലാ അധികാരങ്ങളും താഴോട്ടു കൊടുക്കാൻ വെമ്പൽ കൊള്ളുന്നു. ഈ ഒരു കാര്യത്തിൽ മാത്രം അധികാരം ഗവൺമെന്റിലേയ്ക്ക് കൊണ്ടുവന്നിരിക്കുന്നു. അപ്പോൾ ഇതിന്റെ പിന്നിൽ വല്ല ഗൂഢദ്ദേശവുമുണ്ടോ എന്ന് ആരെങ്കിലും സംശയിച്ചാൽ നമുക്ക് അവരെ കുറ്റം പറയാൻ കഴിയുമോ? അതുകൊണ്ട് ഇക്കാര്യം ബഹുമാന്യനായ മന്ത്രി വളരെ സജീവമായി പുനഃപരിശോധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മറ്റൊരുകാര്യം പഞ്ചായത്തുകൾക്ക് അധികാരം കൊടുത്തു. അതിന്റെ അടിസ്ഥാനത്തിൽ അവർക്ക് കാര്യങ്ങൾ ചെയ്യാൻ തുകയും അനുവദിച്ചുകൊടുത്തു. അങ്ങനെ തുകയും അനുവദിച്ചു കൊടുത്തതിനു ശേഷമാണ് തദ്ദേശഭരണസ്ഥാപനങ്ങളെ പ്രവർത്തിക്കാൻ അനുവദിക്കാതെയുള്ള സാഹചര്യങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ടാക്കിയിരിക്കുന്നത്. ഇവിടെ അതിന് ഒട്ടേറെ ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാനുണ്ട് മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി പഞ്ചായത്ത് അതിനൊരു ഉദാഹരണമാണ്. ആ പഞ്ചായത്തിൽ രണ്ടു വർഷമായി വികസന പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ല. എന്താണ് കാരണം? ഈ സർക്കാർ എല്ലാം സ്റ്റേ ചെയ്തിരിക്കുന്നു. അവിടെ വികസന പ്രവർത്തനങ്ങൾ സ്റ്റേ ചെയ്യാനുള്ള കാരണമെന്താണ്? ഞങ്ങൾ ഇതു പറയുമ്പോൾ ഇതിനകത്ത് രാഷ്ട്രീയമില്ല. ആ പഞ്ചായത്ത് ഒരു കുടിയേറ്റമേഖലയാണ്. മലയോര കർഷകർ കുടിയേറി താമസിക്കുന്ന, അവർ അവരുടേതായ കൃഷി ചെയ്ത് ഉപജീവനം നടത്തുന്ന പഞ്ചായത്താണ്. അവിടെ ഒരു മുൻ പഞ്ചായത്ത് പ്രസിഡന്റ്, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടിയുടെ പ്രാദേശിക നേതാവ് എല്ലാ നിയമങ്ങളും ലംഘിച്ച്, നിയമവിധേയമല്ലാത്ത ഒരു റോഡ് ഏറ്റെടുത്ത് നിർമ്മിക്കണമെന്നാവശ്യപ്പെട്ടു. അതിന് കഴിയില്ലെന്ന് ആ പഞ്ചായത്ത് ഭരണസമിതി ഒരു നിലപാട് കൈക്കൊണ്ടു. അദ്ദേഹത്തിന്റെ ആവശ്യം അംഗീകരിച്ചു കിട്ടാത്തതിൽ പ്രതിഷേധിച്ച്, സ്വാധീനമുപയോഗിച്ച് ആ പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങളെല്ലാം സ്റ്റേ ചെയ്യിച്ചു. രണ്ട് വർഷമായി. അതിനെത്തുടർന്ന് അവിടത്തെ ഒരു വനിതാ പഞ്ചായത്ത് പ്രസിഡന്റ് നാളെ മന്ത്രിയുടെ വീട്ടുപടിക്കൽ സത്യാഗ്രഹത്തിനു വരികയാണ്, മന്ത്രിയുടെ വീട്ടു പടിക്കലേക്ക് മാർച്ചു നടത്താൻ വരുന്നു. അത് ശരിയാണോ? തങ്ങളുടെ ഇഷ്ടത്തിനൊത്ത് കാര്യങ്ങൾ നടന്നില്ലെങ്കിൽ അധികാരവികേന്ദ്രീകരണനിയമത്തിൽ പറയുന്നതൊന്നും ഞങ്ങൾക്ക് ബാധകമല്ല. പഞ്ചായത്ത് ഭരണസമിതി തീരുമാ

LIBRARY ARCHIVES Kerala Legislative Assembly

നിക്കുന്നതല്ല ഇവിടെ കാര്യമെന്നുള്ള ആ മനോഭാവത്തോടുകൂടി ഒരു പാർട്ടിയുടെ തീരുമാനപ്രകാരം വികസന പരിപാടികളാകെ സ്റ്റേ ചെയ്യുന്ന തരത്തിലുള്ള നടപടികളെ വളരെ ഗൗരവത്തോടെ കാണണം. ഇതുപോലുള്ള നടപടികൾ ഗവൺമെന്റിന് ഭൂഷണമല്ല. കോട്ടയം ജില്ലാ പഞ്ചായത്തിന്റെ കാര്യം ഇവിടെ നിരവധി പ്രാവശ്യം ചൂണ്ടിക്കാണിച്ചു. ആ പഞ്ചായത്തിൽ എത്രകോടി രൂപയുടെ വികസനമാണ് നടക്കേണ്ടത്? ആ ജില്ലാപഞ്ചായത്തിൽ വികസനപ്രവർത്തനങ്ങൾ നടന്നിട്ടുണ്ടോ? കോട്ടയം ജില്ലാ പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്കുള്ള തുക മരവിപ്പിച്ചിരിക്കുകയാണ്. അവിടെ വികസനം ത്വരിതപ്പെടുത്തണമെന്നു പറഞ്ഞുകൊണ്ട് വികസനത്തിനുള്ള ഒട്ടേറെ പദ്ധതികൾ ആവിഷ്ക്കരിച്ച് മുന്നോട്ടുപോവുകയാണ്. ഇത്തരത്തിലുള്ള സങ്കുചിതമായ മനഃസ്ഥിതി വച്ചുകൊണ്ട് തദ്ദേശ ഭരണസ്ഥാപനങ്ങളുടെ അധികാരത്തിൻമേൽ കടന്നുകയറാനുള്ള ഗവൺമെന്റിന്റെ ഈ നീക്കം അപലപനീയമാണ്. ആ നീക്കത്തിൽനിന്നും ഗവൺമെന്റ് പിൻമാറണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. കെ. ബാബു</u> : അധികാരവികേന്ദ്രീകരണം കൂടുതൽ നടപ്പാക്കുമ്പോൾ, നേരത്തേ പഞ്ചായത്ത് പ്രസിഡന്റുമാർക്ക് അയ്യായിരം രൂപവരെ അടിയന്തിര ഘട്ടങ്ങളിൽ ചെലവാക്കാൻ കഴിയുമായിരുന്നത് ഇപ്പോൾ ആയിരം രൂപയായി ചുരുക്കിയെന്നും അതിന്റെ ഫലമായി ഇപ്പോൾ പേപ്പട്ടിയെ പിടിക്കാൻ ഉൾപ്പെടെയുള്ള അടിയന്തിര കാര്യങ്ങൾക്ക് പണം ചെലവാക്കണമെങ്കിൽ ബി.എൽ.ഇ.സി.കളുടെ പുറകേ നടക്കേണ്ട സ്ഥിതിയാണുള്ളതെന്നും, പഞ്ചായത്ത് പ്രസിഡന്റുമാർക്കുള്ള അധികാരം കുറച്ചിരിക്കുകയാണെന്നും അവർ പറഞ്ഞ കാര്യത്തെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. ജോണി നെല്ലൂർ</u> : ശ്രീ. ബാബു പറഞ്ഞതുതന്നെയാണ് ഇപ്പോഴത്തെ സ്ഥിതി. പല അധികാരങ്ങളും താഴോട്ടു കൊടുക്കുന്നു എന്നുപറയുകയും ഉള്ള അധികാരങ്ങളൊക്കെ ഒതുക്കി വയ്ക്കുകയും ചെറിയ കാര്യങ്ങൾക്ക്പോലും പഞ്ചായത്ത് ഡയറക്ടറേയും ഗവൺമെന്റിനേയും സമീപിക്കേണ്ട അവസ്ഥയിലേക്ക് കാര്യങ്ങൾ എത്തി നിൽക്കുകയും ചെയ്യുന്നുവെന്നുള്ളത് ആക്ഷേപകരമായ ഒരു കാര്യമാണ്. ബഹുമാനപ്പെട്ട മന്ത്രി ഈ കാര്യങ്ങളൊക്കെ പരിശോധിക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : ബഹുമാനപ്പെട്ട മെമ്പർ കോട്ടയം ജില്ലാ പഞ്ചായത്തിന് പണം നൽകാത്തകാര്യം പറഞ്ഞു. 1999-2000 ബഡ്ജറ്റാണ് ഇവിടെയുള്ളത്. അതിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് ബഡ്ജറ്റ് എസ്റ്റിമേറ്റിനേക്കാൾ വളരെ അശാസ്ത്രീയമാണ്. ബഡ്ജറ്റ് എസ്റ്റിമേറ്റ് ആയിരത്തി ഇരുപത് കോടിരൂപയാണ് ജനകീയാസൂത്രണത്തിന് പ്ലാനിൽ വച്ചത്. അത് എഴുനൂറ്റി എഴുപത്തി മൂന്ന് കോടിരൂപയായി റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം കുട്ട് ചെയ്തിരിക്കുന്നു. അതുകൊണ്ട് കോട്ടയം ജില്ലാ പഞ്ചായത്തിന് മാത്രമല്ല, ജനകീയാസൂത്രണത്തിനുവേണ്ടി പ്രസംഗിക്കുന്നതുപോലെയല്ല, എല്ലായിടത്തും കുട്ട് വരുമെന്നുള്ളകാര്യം മെമ്പർക്കറിയാമോ?

<u>ശ്രീ. ജോണി നെല്ലൂർ</u> : അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. ഞാനും അതുതന്നെയാണു പറഞ്ഞത് പറയുന്ന കൂട്ടത്തിൽ രണ്ട് ഉദാഹരണം പറഞ്ഞുവെന്നു മാത്രമേയുള്ളൂ. സംസ്ഥാനമൊട്ടാകെയുള്ള സ്ഥിതിയാണ് ബഹുമാനപ്പെട്ട ആര്യാടൻ പറഞ്ഞത്. അങ്ങ് ചർച്ചയ്ക്ക് മറുപടി പറയുമ്പോഴോ വകുപ്പു തിരിച്ചുള്ള ചർച്ചയ്ക്ക് മറുപടി പറയുമ്പോഴോ ഇക്കാര്യം വളരെ ഗൗരവമായി പരിഗണിക്കാൻ വേണ്ടിയാണ് ഞാൻ പറഞ്ഞത്. 383(എ) ആണല്ലോ

LIBRARY ARCHIVES Kerala Legislative Assembly

പ്രധാനപ്പെട്ട വകുപ്പായി മുനിസിപ്പൽ നിയമത്തിൽ കൊണ്ടുവന്നിരിക്കുന്നത്. 383(എ) വകുപ്പിൽ മൂന്ന് മീറ്ററിനുള്ളിൽ എന്നാണ് പറയുന്നത്. അതിൽ പറഞ്ഞിരിക്കുന്ന ഒരു വ്യവസ്ഥ നമ്മുടെ രണ്ടായിരത്തിലെ കേരള ഹൈവേ (സംരക്ഷണ) ആക്ട് പ്രകാരം നിർണ്ണയിക്കപ്പെട്ടിട്ടുള്ള കെട്ടിട അതിർത്തിക്കുള്ളിലോ എന്നുകൂടി അതിൽ ചേർത്തില്ലെങ്കിൽ ഞാൻ ആദ്യം പറഞ്ഞതുപോലെ വലിയ വൈരുദ്ധ്യങ്ങളുണ്ടാകും; രണ്ട് നിയമങ്ങളും തമ്മിൽ ഏറ്റുമുട്ടലുണ്ടാകും. അങ്ങനെയായാൽ ഏതു നിയമമാണ് നമുക്ക് സംരക്ഷിക്കപ്പെടാൻ കഴിയുന്നത്? അതുകൊണ്ട് അനുയോജ്യമായ ഭേദഗതി വരുന്നുണ്ട്; അത് അങ്ങ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. മറ്റു കാര്യങ്ങളിലേയ്ക്ക് ഞാൻ ദീർഘമായി കടക്കാൻ ആഗ്രഹിക്കുന്നില്ല. നമ്മുടെ സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തി അവയ്ക്ക് അധികാരങ്ങൾ കൊടുക്കാൻ വളരെ ആവേശപൂർവ്വം നാമെല്ലാവരും ഇവിടെ പ്രസംഗിക്കുന്നവരാണ്. ആ കാര്യത്തെക്കുറിച്ച് വളരെ വ്യക്തമായി ഒരുകാര്യം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അപ്പുറത്തുള്ള ആളുകൾ പ്രസംഗിക്കുന്നതുപോലെയാണോ കാര്യങ്ങൾ, അപ്പുറത്തുള്ളയാളുകൾ തെറ്റിദ്ധരിപ്പിക്കുന്നതുപോലെയാണോ കാര്യങ്ങൾ?

<u>ശ്രീ. പി.പി. തങ്കച്ചൻ</u> : കഴിഞ്ഞ സമ്മേളനത്തിലോ അതിനു തൊട്ടുമുൻപുള്ള സമ്മേളനത്തിലോ എന്ന് ഓർക്കുന്നില്ല; മന്ത്രി ഒരു ഉറപ്പ് തന്നിരുന്നു. ബി.എൽ.ഇ.സി. അവസാനിപ്പിക്കും; വിദഗ്ദ്ധ കമ്മിറ്റി വേണ്ടെന്നുവയ്ക്കും; കുറച്ച് ഉദ്യോഗസ്ഥന്മാരുടെ ഒരു ഡിപ്ലോയ്മെന്റിന്റെ കാസ്റ്റ്യനായി അത് ലിങ്ക് ചെയ്യാതിരിക്കാൻ ചർച്ചനടത്തി അത് അവസാനിപ്പിക്കും എന്ന് മന്ത്രി ഉറപ്പു തന്നിരുന്നു. സി.പി.ഐ.(എം)ന് അതിൽ ശക്തമായ എതിർപ്പുണ്ടായിരുന്നു. അതിന്റെ അമെന്റ്മെന്റ് വന്നതാണ്. ആ ഉറപ്പിന്റെ അടിസ്ഥാനത്തിലാണ് അമെന്റ്മെന്റ് പിൻവലിച്ചത്. ഈ ഫ്ളോറിൽ തന്ന ഉറപ്പാണ്. അത് പാലിച്ചിട്ടില്ല. ഇപ്പോഴും ആ കമ്മിറ്റിയുണ്ട്. തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റികളുടെ മുകളിൽ ബാഹ്യശക്തികൾ കൈ കടത്തുന്നുവെന്നുള്ള വസ്തുത അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ജോണി നെല്ലൂർ</u> : ഞാനും അതു തന്നെയാണ് പറഞ്ഞുവരുന്നത്. കഴിഞ്ഞ നിയമസഭയിൽ ഉറപ്പുതന്നതാണ്. ഭേദഗതി കൊണ്ടുവരാമെന്നു പറഞ്ഞിരുന്നു. അവർ ആരുടേയും മുൻപിൽ പോയി ഓച്ചാനിച്ചു നിൽക്കുന്ന അവസ്ഥയുണ്ടാകാൻ പാടില്ല എന്ന് മന്ത്രി പറഞ്ഞതാണ്. എക്സ്പെർട്ട് കമ്മിറ്റി എന്നുപറഞ്ഞാൽ നോമിനേറ്റ് ചെയ്യപ്പെടുന്ന ആളുകളാണ്. അവരെ ഒഴിവാക്കാൻ ഭേദഗതി കൊണ്ടുവരാമെന്നു പറഞ്ഞതിനുശേഷം മന്ത്രിതന്നെ നിരവധി ഭേദഗതികൾ കൊണ്ടുവന്നിട്ട് ഏറ്റവും പ്രധാനപ്പെട്ട, ഈ നിയമസഭയുടെ വികാരം ഉൾക്കൊണ്ടുകൊണ്ട്, എക്സ്പെർട്ട് കമ്മിറ്റികൾ ഒഴിവാക്കിക്കൊണ്ടുള്ള തീരുമാനം വരും, ആവശ്യമായ നിർദ്ദേശം കൊടുക്കാം, ഭേദഗതി കൊണ്ടുവരാമെന്ന് പറഞ്ഞിട്ട്, ഭേദഗതി കൊണ്ടുവന്നില്ല. അതുകൊണ്ടാണ് ഞാൻ പറയുന്നത് ഈ ഗവൺമെന്റിനു പറയുന്ന കാര്യങ്ങളിൽ ആത്മാർത്ഥതയില്ല. സി.പി.ഐ.യുടെ മെമ്പർമാരൊക്കെ വളരെശക്തമായി എഴുതിക്കൊടുത്ത ഏറ്റവും പ്രധാനപ്പെട്ട ഒരാവശ്യം. കേരളത്തിൽ വളരെയേറെ ചർച്ച ചെയ്യപ്പെട്ട ഒരാവശ്യം, ശ്രീ.പി.പി.തങ്കച്ചൻ ഇവിടെ സൂചിപ്പിച്ചതുപോലെ നിയമഭേദഗതി കൊണ്ടുവന്നപ്പോഴെങ്കിലും ബഹുമാനപ്പെട്ട മന്ത്രി അതിനു തുനിയണമായിരുന്നു. അത് കൊണ്ടുവരാതെ പഞ്ചായത്തു കമ്മിറ്റികളുടെ തീരുമാനത്തിനുള്ള അംഗീകാരത്തിനായി എക്സ്പെർട്ട് കമ്മിറ്റിയുടെ മുന്നിൽ

LIBRARY ARCHIVES Kerala Legislative Assembly

ഓച്ചാനിച്ചു നിൽക്കേണ്ട ഗതികേടുണ്ടാകുന്നത് എല്ലാപേർക്കും നാണക്കേടാണ്.

<u>ശ്രീ. പി.സി. ജോർജ്ജ്</u> : ബി.എൻ.ഇ.സി. നിയമവിധേയമായ ബോഡിയല്ല. അത് വേണ്ടെന്ന് എം.എൽ.എ.മാർ പറയുന്നത് ശരിയാണോ? ശ്രീ. പി.പി. തങ്കച്ചനെപ്പോലെയുള്ളവർ അങ്ങനെ പറയുന്നത് സങ്കടമാണ്. ഇത് നിയമപരമായി നിലനിൽക്കുന്ന ബോഡിയല്ല. പഞ്ചായത്ത് മെമ്പർമാർ എന്നു പറഞ്ഞാൽ എഞ്ചിനീയറിംഗ് പാസ്സായവരോ ഡോക്ടർമാരോ അല്ല. ആ നിലയ്ക്ക് ഒരു റോഡിന്റെ എസ്റ്റിമേറ്റ് എടുത്താൽ അതിന്റെ അപാകത മനസ്സിലാക്കാൻ എക്സ്പെർട്ട് കമ്മിറ്റി വേണ്ട? ആ കമ്മിറ്റിക്ക് സ്ക്രൂട്ടിണൈസ് ചെയ്യാൻ അവസരം കൊടുക്കണ്ടേ? ബി.എൽ.ഇ.സി-ക്ക് അധികാരങ്ങളില്ല. പഞ്ചായത്തിന്റെ വർക്കുകൾ പഠിക്കാൻ അവരെ സമ്മതിച്ചതിനെ പാഴാക്കേണ്ട കാര്യമെന്താണ്?

<u>ശ്രീ. കെ. ബാബു</u> : സർ, സി. പി. ഐ. ഉൾപ്പെടെയുള്ളവരുടെ ശക്തമായ എതിർപ്പുമൂലം ബഹുമാനപ്പെട്ട മന്ത്രി നിയമസഭാ വിദഗ്ദ്ധ കമ്മിറ്റിയെ ഒഴിവാക്കാൻ തീരുമാനിച്ചു. മാർക്സിസ്റ്റ് പാർട്ടിയുടെ സംസ്ഥാന സെക്രട്ടറി ശ്രീ. പിണറായി വിജയൻ വളരെ ശക്തമായി പറഞ്ഞു വിദഗ്ദ്ധകമ്മിറ്റി തുടരുമെന്ന്. ഇവിടെ എന്ത് തീരുമാനിച്ചാലും മാർക്സിസ്റ്റ് പാർട്ടി തീരുമാനിക്കുന്നതേ നടക്കുകയുള്ളുവെന്നുള്ളകാര്യം അങ്ങേയ്ക്കറിയാമോ?

<u>ശ്രീ. ജോണി നെല്ലൂർ</u> : സർ, ഞാൻ അതുതന്നെയാണ് പറയുന്നത് ബഹുഭൂരിപക്ഷത്തിന്റെ വികാരം ഒരു ഭാഗത്ത് നിൽക്കുമ്പോഴും മാർക്സിസ്റ്റ് പാർട്ടി അധികാരത്തിന്റെ മറവിൽ അവർക്ക് തോന്നുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി ഈ ഭരണം ഉപയോഗപ്പെടുത്തുന്നുവെന്നുള്ളതാണ് എന്റെ അഭിപ്രായം.

<u>ശ്രീ. ജി. കാർത്തികേയൻ</u> : സർ, ഇവിടെ ബഹുമാനപ്പെട്ട പി.സി. ജോർജ് പറഞ്ഞു എക്സ്പെർട്ട് കമ്മിറ്റിയിൽ മെമ്പർമാരായിട്ടുള്ളവർ ഡോക്ടർമാരും എൻജിനീയർമാരുമല്ല അതുകൊണ്ട് വിദഗ്ദ്ധർ വേണമെന്ന്. വിദഗ്ദ്ധ സമിതിയിൽ കേരളത്തിലെ ഭാഷാ അദ്ധ്യാപകരടക്കമുള്ള ആളുകളെ നിയമിച്ചതായി കണ്ടു. ഭാഷാ അദ്ധ്യാപകൻമാർക്ക് പാലം, റോഡ്, തോട് തുടങ്ങിയവ കെട്ടുന്നതിനുള്ള വൈദഗ്ദ്ധ്യം എന്താണെന്ന് അങ്ങേയ്ക്ക് വിശദീകരിക്കാമോ?

<u>ശ്രീ. ജോണി നെല്ലൂർ</u> : സർ, അതുതന്നെയാണ് ഞാൻ പറഞ്ഞത്. വിദഗ്ദ്ധ കമ്മിറ്റികളിൽ വച്ചിരിക്കുന്ന ആളുകൾ രാഷ്ട്രീയ പരിഗണനവച്ച്, ചില പ്രത്യേക രാഷ്ട്രീയ സംഘടനകളിൽപ്പെട്ടവരാണ്, അതിന്റെ പ്രവർത്തകരാണ് എന്ന്. അത് പിരിച്ചുവിടുകയില്ലെന്ന് ഭരണത്തിന് നേതൃത്വം കൊടുക്കുന്ന മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സെക്രട്ടറി നിയമസഭയ്ക്ക് വെളിയിൽ പറഞ്ഞ കാര്യവും എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ, ഈ സഭ തീരുമാനിക്കുന്ന കാര്യമല്ല, മാർക്സിസ്റ്റ് പാർട്ടി തീരുമാനിക്കുന്ന കാര്യമാണ് ഇവിടെ നടപ്പിലാക്കുന്നതെന്ന് ശ്രീ.ബാബുവും ശ്രീ. കാർത്തികേയനും പറഞ്ഞു. അത് വസ്തുതാവിരുദ്ധമാണ്. ഇവിടെ ഈ ഗവൺമെന്റ് നടപ്പിലാക്കുന്നത് മാർക്സിസ്റ്റ് പാർട്ടി തീരുമാനിക്കുന്നതല്ല. എൽ.ഡി.എഫ്. തീരുമാനിക്കുന്ന മിനിമം പരിപാടിയാണ് നടപ്പിലാക്കുന്നത്. വിദഗ്ദ്ധ കമ്മിറ്റിയിൽ ഭാഷാ അദ്ധ്യാപകരും ഉണ്ടെന്ന് പറഞ്ഞു. അവർ പാലത്തെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

അഭിപ്രായം പറയണ്ട. ഭാഷയെക്കുറിച്ചുള്ള കാര്യത്തിൽ വിദഗ്ദ്ധ അഭിപ്രായം പറയാൻ ഭാഷാ അദ്ധ്യാപകരുടെ ആവശ്യമുണ്ട്. വിദ്യാഭ്യാസത്തെ സംബന്ധിച്ചുള്ള കാര്യത്തിൽ ഭാഷാ അദ്ധ്യാപകരുടെ സേവനം ആവശ്യമുണ്ട്. ഓരോ രംഗത്തുമുള്ള വിദഗ്ദ്ധരെ അതിൽപ്പെടുത്തുന്നത് അതാത് രംഗത്തുള്ള വിദഗ്ദ്ധ അഭിപ്രായമറിയാൻ വേണ്ടിയാണ്. അല്ലാതെ പാലത്തെക്കുറിച്ച് പറയാൻവേണ്ടി ഭാഷാ അദ്ധ്യാപകരെ ഉൾപ്പെടുത്തിയിട്ടില്ല.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> സർ, പഞ്ചായത്തിലേക്ക് മൽസരിച്ച് തോറ്റ ആളിന്റെ മുൻപിൽ ജയിച്ച ആൾ, ടെക്നിക്കൽ സാംഗ്ഷനുവേണ്ടി കൈയും നീട്ടി നിൽക്കേണ്ട ഗതികേടുണ്ടാകുന്നുവെന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ജോണി നെല്ലൂർ</u> : സർ, തീർച്ചയായും അങ്ങ് പറഞ്ഞ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുതന്നെയാണ് ഞാൻ ഇവിടെ പറയുന്നത്. ഇത്രയും ചർച്ചയും അപ്പുറത്തുനിന്നുള്ള ഇടപെടലുമുണ്ടായപ്പോൾ ഒരു കാര്യം വ്യക്തമായി, ഈ നിയമസഭ പാസ്സാക്കുന്ന കാര്യങ്ങൾപോലും നിയമസഭക്ക് വെളിയിൽ അത് നടപ്പിലാക്കുകയില്ലെന്ന് അഹങ്കാരത്തോടുകൂടി പറയുന്ന ഒരു സമീപനം ഈ ഭരണത്തിന് നേതൃത്വം കൊടുക്കുന്ന മാർക്സിസ്റ്റ് പാർട്ടിയുടെ ഭാഗത്തുനിന്നുണ്ടാകുന്നു. അപ്പുറത്തുള്ളവരാണ് അത് ശരിയാണോയെന്ന് തീരുമാനിക്കേണ്ടത്. നമ്മൾ എന്ത് നിയമം പാസ്സാക്കിയാലും നിയമസഭയിൽ എന്ത് ഉറപ്പുകൾ നൽകിയാലും ആ ഉറപ്പുകളൊന്നും പാലിക്കപ്പെടുന്നില്ലെന്നുള്ളത് ഒരു വസ്തുതയാണ്. അതുകൊണ്ട് ഇവിടെ ഈ നിയമനിർമ്മാണഭേദഗതി ബഹുമാനപ്പെട്ട മന്ത്രികൊണ്ടുവരുമ്പോൾ ഞാൻ ആരംഭത്തിൽ പറഞ്ഞത് ഒരിക്കൽകൂടി അടിവരയിട്ട് പറയട്ടെ, വലിയ അഴിമതിക്കുള്ള സാധ്യത ഇതിന്റെ പിന്നിലുണ്ട്. നിർമ്മിച്ചിരിക്കുന്ന അനധികൃത വൻകിട ഫ്ളാറ്റുകളുൾപ്പെടെ ഫ്ളാറ്റുകൾ നിർമ്മിച്ചിരിക്കുന്നത് ആരൊക്കെയാണെന്ന് ഞാൻ പറയുന്നില്ല. ഫ്ളാറ്റുകൾ നിർമ്മിച്ചിരിക്കുന്നവർ അതിന് അംഗീകാരം വാങ്ങാൻ വരുമ്പോൾ അത് അഴിമതി രഹിതമായി നിലനിൽക്കണമെങ്കിൽ വളരെ ഗൗരവത്തോടുകൂടി ഓരോ അപേക്ഷയുമെടുത്ത് പരിശോധിക്കുവാനും അതിനാവശ്യമായ കാര്യങ്ങൾ തീരുമാനിക്കാനുമുള്ള സംവിധാനം ഉണ്ടാകണം. ഒറ്റയടിക്ക് വന്നിരിക്കുന്ന കെട്ടിട നിർമ്മാണങ്ങൾക്ക് മുഴുവൻ അംഗീകാരം കൊടുത്തുകൊണ്ടുള്ള ഭേദഗതി അപകടത്തിലേക്കാണ് പോകുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഒരിക്കൽകൂടി ചിന്തിച്ച് ഇത് വളരെ പ്രധാനപ്പെട്ട ഒരു നിയമനിർമ്മാണമെന്നുള്ളനിലയിൽ പൊതുജനവിചാരംകൂടി കണക്കിലെടുക്കണം. അതിനുവേണ്ടി ഈ ബിൽ സർക്കുലേറ്റുചെയ്യണമെന്നു മാത്രം പറഞ്ഞുകൊണ്ട് ഞാൻ എന്റെ പ്രസംഗം നിറുത്തുന്നു.

<u>ശ്രീ. നാലകത്ത് സൂപ്പി</u> : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2000-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി നാറാണത്ത് ഭ്രാന്തനെപ്പോലെയാണ്. പഞ്ചായത്ത്-മുനിസിപ്പൽ നിയമം ഇവിടെ പാസ്സാക്കിയതിനുശേഷം എത്ര തവണ അദ്ദേഹം ഭേദഗതി കൊണ്ടുവന്നു! കൊണ്ടുവന്ന ഭേദഗതി തന്നെ രണ്ടാമത് മാറ്റം ഓരോ തവണയും ഭേദഗതി കൊണ്ടുവരും; മന്ത്രി ഭേദഗതിയുമായി സഭയിൽ വരും അങ്ങനെ ഒന്നു കൊണ്ടുവരിക, പിന്നീട് മറ്റൊന്ന് കൊണ്ടുവരിക. നാറാണത്ത് ഭ്രാന്തനും ചെയ്തത് ഇതുതന്നെയാണ്. ബഹുമാ

LIBRARY ARCHIVES Kerala Legislative Assembly

നപ്പെട്ട ജോണി നെല്ലൂർ പറഞ്ഞതുപോലെ തന്നെയാണ് ബഹുമാനപ്പെട്ട മന്ത്രിയുടേയും നിലപാട്.

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> : സർ, നമ്മുടെ രാജ്യത്തിന്റെ ഭരണഘടനയ്ക്ക് 79 ഭേദഗതികൊണ്ടുവന്ന ഡോ. അംബേദ്ക്കർ, നാറാണത്ത് ഭ്രാന്തനാണെന്നുള്ള അഭിപ്രായം ബഹുമാനപ്പെട്ട സൂപ്പിക്കുണ്ടോ?

<u>ശ്രീ. നാലകത്ത് സൂപ്പി</u> : സർ, ഇല്ല, ഡോ: അംബേദ്ക്കർ എവിടെ കിടക്കുന്നു; നമ്മൾ എവിടെ കിടക്കുന്നു? ഭേദഗതി കൊണ്ടുവന്നുകൂടെന്നല്ല. ബിൽഡിംഗിന് എക്സംപ്ഷൻ കൊടുക്കുന്ന ഭേദഗതി, അതിന്റെ ഗൗരവതരമായ ഓപ്ഷനെക്കുറിച്ച് ഇവിടെ പറഞ്ഞു. ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് നിരവധി കെട്ടിടങ്ങളുണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിക്ക്തന്നെ അക്കാര്യം അറിയാം. അതിന് എക്സംപ്ഷൻ കൊടുക്കുകയാണ്. ഇത് നേരത്തേ മനസ്സിലാക്കാമായിരുന്നു. 1994-ൽ ഞങ്ങൾ ഭേദഗതി കൊണ്ടുവന്നപ്പോൾ ഞങ്ങൾ അങ്ങയോട് പറഞ്ഞതാണ്. കഴിഞ്ഞ നിയമസഭയിലും ഭേദഗതികൊണ്ടുവന്നപ്പോൾ ഞങ്ങൾ പറഞ്ഞതാണ്. ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ചില്ല.

<u>ശ്രീ. കെ. ബാബു</u> : സർ, ബഹുമാനപ്പെട്ട ആനന്ദൻ, അംബേദ്ക്കറിനെക്കുറിച്ച് പറഞ്ഞതും ഇതുമായി യാതൊരു ബന്ധവുമില്ല. കാരണം ഡോ:അംബേദ്ക്കർ ഭരണഘടന എഴുതിയുണ്ടാക്കുകയാണ് ചെയ്തത്; ഭേദഗതി കൊണ്ടുവരികയല്ല ചെയ്തത്. ഇവിടെ ഭേദഗതി കൊണ്ടുവരുന്നതിനെക്കുറിച്ചല്ലേ അങ്ങ് സംസാരിക്കുന്നത്?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, ബഹുമാനപ്പെട്ട സൂപ്പി ഭേദഗതിയെക്കുറിച്ച് പറഞ്ഞു. അങ്ങ് പറഞ്ഞത്, നിലവിലുണ്ടായിരുന്ന ഭരണഘടനയ്ക്ക് 79 ഭേദഗതികൾ വന്നു. നേരത്തെ ഉണ്ടായിരുന്നത് മാറ്റി വീണ്ടും നേരത്തേയുള്ളത് കൊണ്ടുവന്ന ഒരു ചരിത്രം 50 വർഷത്തിനിടയിലുണ്ടായിട്ടില്ല. അതേയവസരത്തിൽ ഇന്ന് ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്ന ഭേദഗതിയെന്താണ്? ഞങ്ങൾ കൊണ്ടുവന്ന 1994-ലെ ബില്ലിൽ വൈസ് ചെയർമാൻ, വൈസ് പ്രസിഡന്റ്, പ്രസിഡന്റ് എന്നിവരെ തെരഞ്ഞെടുക്കുന്നയോഗത്തിൽ പ്രസിഡന്റോ, വൈസ് പ്രസിഡന്റോ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനോ പങ്കെടുക്കണമെന്നാണ് നിങ്ങൾ കഴിഞ്ഞ പ്രാവശ്യം കൊണ്ടുവന്ന ഭേദഗതി. ഞങ്ങളുടേത് ഉദ്യോഗസ്ഥനായിരുന്നു. അദ്ദേഹത്തിനെ മാറ്റിയിട്ട് പ്രസിഡന്റോ, വൈസ് പ്രസിഡന്റോ ചെയർമാനോ എന്നു കഴിഞ്ഞ പ്രാവശ്യം ഭേദഗതി കൊണ്ടുവന്നു. ഇപ്പോൾ അങ്ങ് അത് മാറ്റിയിട്ട് നാറാണത്ത് ഭ്രാന്തനെപ്പോലെ പഴയതുതന്നെ കൊണ്ടുവരികയാണ്. അതാണ് ബഹുമാനപ്പെട്ട സൂപ്പി പറഞ്ഞത്.

<u>ശ്രീ. നാലകത്ത് സൂപ്പ</u> : സർ, ഞാൻ പറഞ്ഞത് 1998- ഡിസംബർ 31-ാം തീയതിവരെയെന്നുള്ളത് 1999 ഒക്ടോബർ 5-ാം തീയതിവരെ എന്നാക്കുക എന്നാണ്. അതിനിടയ്ക്ക് മാറ്റണ്ടിവരുമെന്ന് ഗവൺമെന്റ് നേരത്തേ അറിയേണ്ടിയിരുന്നു. അത് ചെയ്തില്ല. ഇനിയും ഭേദഗതി കൊണ്ടുവരേണ്ടിവരുമെന്നാണ് പല മെമ്പർമാരും അപ്പുറത്തുനിന്ന് പറഞ്ഞിരിക്കുന്നത്. അതിനിടയ്ക്ക് ഈ രാജ്യത്ത് നിരവധി അനധികൃത കെട്ടിടങ്ങളുണ്ടാകുന്നുണ്ട്; വലിയ അഴിമതി നടക്കുന്നുണ്ട്. ഈ നിയമത്തിന് വിരുദ്ധമായിട്ടുള്ള കാര്യങ്ങൾ നടക്കുന്നുണ്ട്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ വേണ്ടിയാണ് പറഞ്ഞത്. അതുപോലെ പഞ്ചായത്ത് രാജ് നിയമത്തിൽ ഇലക്ഷൻ കമ്മീഷനെ സംബന്ധിച്ചിടത്തോളം അധികാരം കൊടുത്തല്ലോ. കഴിഞ്ഞ 21-നാണ് വാർഡ് വിഭജനത്തെസംബന്ധിച്ച ഫൈനൽ നോട്ടിഫിക്കേഷൻ വരേണ്ടിയിരുന്നത്. അത് ഇതുവരെ പബ്ലിഷ് ചെയ്തില്ല. ഇവിടെ നിവ്യൂ പെറ്റീഷനുകൾ

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തു. റിവ്യൂവിനെസംബന്ധിച്ച് ഇവിടെ വിശദമായി ചർച്ച ചെയ്തല്ലോ. ഫൈനൽ റിവ്യൂ വേണ്ടേ? ഏതൊക്കെ വാർഡുകൾ, പഞ്ചായത്തുകൾ എങ്ങനെ വേണം എന്നുള്ളത് സംബന്ധിച്ച് ഇലക്ഷൻ കമ്മീഷന്റെ അപ്പീലിന്റെ റിവ്യൂവിനെപ്പറ്റി ഇതുവരെ ഫൈനലായി ഓർഡേഴ്സാക്കിയിട്ടില്ല. അത് നീട്ടിക്കൊണ്ടു പോവുകയാണ്. എന്താണ് അതിന്റെ അർത്ഥം. ഡേറ്റുവച്ചു തീരുമാനിക്കേണ്ടതല്ലേ? അതുപോലെ വോട്ടേഴ്സ് ലിസ്റ്റിന്റെ കാര്യം പറഞ്ഞു. പാവങ്ങൾ വോട്ടേഴ്സ് ലിസ്റ്റ് പുതുക്കുകയില്ലെന്നുള്ള വാശിയിലാണ്. വാശി പിടിക്കേണ്ട കാര്യമാണോ? വോട്ടേഴ്സ് ലിസ്റ്റ് പുതുക്കുകയില്ല എന്ന വാശിയുടെ കാര്യമുണ്ടോ? ഏത് വോട്ടേഴ്സ് ലിസ്റ്റ് വച്ചാണ് ഇലക്ഷൻ നടത്താൻ പോകുന്നതെന്ന് ഇതുവരെ വ്യക്തമായി പറഞ്ഞിട്ടില്ല. അക്കാര്യം ഇലക്ഷൻ കമ്മീഷനും ഗവൺമെന്റും തീരുമാനിക്കേണ്ടതാണ്. ഏതു വോട്ടേഴ്സ് ലിസ്റ്റ് വച്ചാണ് ത്രിതല പഞ്ചായത്തുകളിൽ ഇലക്ഷൻ നടത്താൻ പോകുന്നതെന്ന് ഇതുവരെ വ്യക്തമാക്കിയിട്ടില്ല. വോട്ടേഴ്സ് ലിസ്റ്റ് പുതുക്കുകയില്ലെന്നും പറയുന്നു; ഏത് ലിസ്റ്റ് വച്ചാണ് തെരഞ്ഞെടുപ്പ് നടത്തുന്നതെന്ന് പറയുന്നുമില്ല.

<u>ശ്രീ. കെ. ബാബു</u> : വോട്ടേഴ്സ് ലിസ്റ്റ് കിട്ടാത്തതുകൊണ്ട് പഞ്ചായത്തുകൾ ഒരുപാട് കത്രിക വാങ്ങേണ്ടിവരും. കാരണം എല്ലാ വാർഡുകളിൽ നിന്നും വെട്ടിച്ചേർത്തുവേണം ഇപ്പോൾ ഈ വോട്ടേഴ്സ് ലിസ്റ്റ് ഉണ്ടാക്കാൻ. അതുകൊണ്ട് അതിന്റെ കൂടി ചെലവ് കണക്കാക്കേണ്ടിവരുമെന്ന കാര്യം അറിയാമോ?

<u>ശ്രീ. നാലകത്ത് സൂപ്പി</u> : ഞാൻ അതാണ് പറഞ്ഞത്, 5 കൊല്ലം കഴിയുമ്പോൾ തെരഞ്ഞെടുപ്പ് നടത്തണമെന്ന് നിർബന്ധമുള്ളതുകൊണ്ട് നീട്ടിക്കൊണ്ടു പോകാൻ പറ്റില്ല. 2000 ഒക്ടോബർ രണ്ടാം തീയതി പുതിയ ത്രിതല പഞ്ചായത്തുകൾ നിലവിൽ വരണമെന്ന് നിർബന്ധമുണ്ട്. അപ്പോൾ അതനുസരിച്ച് വോട്ടേഴ്സ് ലിസ്റ്റ് പുതുക്കേണ്ട കാഴ്ചപ്പാട് ഇലക്ഷൻ കമ്മീഷന് ഉണ്ടാകേണ്ടതായിരുന്നു. ഇനി വോട്ടേഴ്സ് ലിസ്റ്റ് പുതുക്കുകയാണെങ്കിൽ ഇലക്ഷൻ മാറ്റിവയ്ക്കേണ്ടിവരുമെന്നു പറയുന്നതിൽ എന്ത് അർത്ഥമാണുള്ളത്. അങ്ങനെ മാറ്റി വയ്ക്കുന്നതിൽ യാതൊരു ന്യായവുമില്ല. നേരത്തേ ശ്രദ്ധിക്കേണ്ട കാര്യമായിരുന്നു. അത് ഗവൺമെന്റിന്റേയും ഇലക്ഷൻ കമ്മീഷന്റേയും ശ്രദ്ധയിൽ വന്നില്ലെന്നുള്ളആക്ഷേപമാണ് എനിക്ക് പറയാനുള്ളത്. ഈ രാജ്യത്തെ വാർഡ് വിഭജനത്തിൽ മാറ്റമുണ്ടായി പുതുതായി വോട്ടർമാരായി വന്നവർക്കുള്ള സമ്മതിദാനാവകാശം ഈ കാരണം പറഞ്ഞുകൊണ്ട് നിഷേധിക്കാമോ?

<u>ശ്രീ. പി.പി. തങ്കച്ചൻ</u> : ഏഴെട്ടു മാസങ്ങൾക്ക്മുമ്പ് രേഖാമൂലം യു.ഡി.എഫ്-ന്റെ ലൈസോൺ കമ്മിറ്റിയെന്നെ എന്യൂമറേഷൻ നടത്തി വോട്ടർ പട്ടിക പുതുക്കുമെന്നു പറഞ്ഞ് ഇലക്ഷൻ കമ്മീഷന് എഴുതിക്കൊടുത്തു. അന്ന് ഇലക്ഷൻ കമ്മീഷൻ പറഞ്ഞത് ആവശ്യത്തിന് സ്റ്റാഫ് ഗവൺമെന്റിൽ നിന്നും വിട്ടുതരാമെങ്കിൽ ചെയ്യാമെന്നാണ്. പിന്നെ മനസ്സിലാക്കി സ്റ്റാഫിനെ കൊടുക്കാൻ ഗവൺമെന്റ് സമ്മതിക്കാത്തതുകൊണ്ട് ഇത് നടക്കാതെ പോയിയെന്ന്.

<u>ശ്രീ. നാലകത്ത് സൂപ്പി</u> : ഞങ്ങൾ ഇത് പറയുന്നത് ഇലക്ഷൻ കമ്മീഷനോടുള്ള വിരോധംകൊണ്ടല്ല. ഇലക്ഷൻ കമ്മീഷനും ഞങ്ങളും തമ്മിലുള്ള ശീതസമരമല്ല. തദ്ദേശഭരണസ്ഥാപനങ്ങളിലുള്ള വോട്ടർമാർക്ക് വോട്ടവകാശം കൊടുക്കുക എന്നുള്ളത് ന്യായമായ കാര്യമാണ്. ബഹുമാനപ്പെട്ട മന്ത്രി തന്ന കണക്കനുസരിച്ചും ചോദ്യത്തിന് നൽകിയ ഉത്തരവനുസരിച്ചും വളരെ കുറച്ചു പഞ്ചായത്തുകളിൽ മാത്രമേ പെർഫോമൻസ് ഓഡിറ്റ് നടന്നുള്ളൂ. കുറേയെണ്ണ

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ നടന്നിട്ടില്ല. പെർഫോമൻസ് ആഡിറ്റ് നടന്ന പഞ്ചായത്തുകളിലൊക്കെ നിരവധി അപാകതകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് എന്ത് നടപടി എടുത്തു എന്നറിയാൻ ആഗ്രഹമുണ്ട്. പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി അടച്ചിട്ടു. കേരളത്തിന്റെ ചരിത്രത്തിൽ ഒരു മുനിസിപ്പാലിറ്റി അടച്ചിട്ട സംഭവം വേറെ ഉണ്ടായിട്ടില്ല. ഇന്നലെ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി ആഫീസ് തുറന്നില്ല. പരിപൂർണമായി അടച്ചിട്ടു. 5 മണിവരെ ഒരാളും അവിടെ വന്നില്ല, കാരണം യു.ഡി.എഫ്-ലെ തെരഞ്ഞെടുക്കപ്പെട്ട 12 കൗൺസിലർമാർ ആ മുനിസിപ്പാലിറ്റിയിൽ നടക്കുന്ന വിവേചനത്തിനെതിരായി ആ മുനിസിപ്പാലിറ്റിക്കു മുന്നിൽ ധർണ്ണനടത്തുകയാണ്. അവിടെ പഞ്ചായത്ത് സെക്രട്ടറിയില്ല, ബന്ധപ്പെട്ട ആളുകളുമില്ല. ഒരു പരാതി പോലും ആരും കൊടുത്തിട്ടില്ല. നിങ്ങൾ എത്രകാലം ധർണ്ണ നടത്തുമെന്ന് ഞങ്ങളൊന്നു കാണട്ടെ എന്നാണ് പറയുന്നത് അതാണോ ന്യായം? ഈ സമരത്തിന് ആധാരമായ കാര്യങ്ങളെ സംബന്ധിച്ച് ഇതിനു മുൻപ് ഞാൻ ഈ നിയമസഭയിൽ പറഞ്ഞതാണ്. ബഹുമാനപ്പെട്ട മന്ത്രി പരിശോധിയ്ക്കണ്ടേ? അത് പരിശോധിക്കണം. റെറ്റ് ഞങ്ങളുടെ ഭാഗത്താണെങ്കിൽ പറയണം. ഞങ്ങൾ ചൂണ്ടിക്കാണിക്കുന്നത് അവിടെ അപാകതകൾ ഉണ്ടെന്നുള്ളതാണ്. കേരളത്തിലെ വിവിധ പഞ്ചായത്തുകളിൽ യു.ഡി.എഫ്. ഭരിക്കുന്നു. എൽ.ഡി.എഫ്. ഭരിക്കുന്നു. ചില വർക്കുകൾ അവഗണിച്ചിട്ടുണ്ട്. എങ്കിൽ അത് ആ സമയത്ത് പറയേണ്ടതല്ലേ? അത് ബന്ധപ്പെട്ട ആളുകളെ ബോദ്ധ്യപ്പെടുത്തേണ്ടതല്ലേ? ഒരു മുനിസിപ്പാലിറ്റിയിലെ, ഒരു പ്രദേശത്തെ മുഴുവൻ ആളുകളേയും ബുദ്ധിമുട്ടിക്കുന്ന കാര്യമാണ്. കഴിഞ്ഞ 12-ാം തീയതി മുതൽ 12 ദിവസമായി ഓരോ മെമ്പർമാർ ഓരോ ദിവസം ധർണ്ണ നടത്തി. ഇപ്പോഴും ആ മുനിസിപ്പാലിറ്റിയിൽ ഉപരോധമാണ്. മുനിസിപ്പാലിറ്റി ഓഫീസ് തുറന്നിട്ടില്ല. ഇത് നിരുത്തരവാദപരമായ നിലപാടല്ലേ? ധർണ്ണ നടത്തിയത് തെറ്റാണെങ്കിൽ അവരുടെ പേരിൽ ആക്ഷൻ എടുക്കാത്തതിന്റെ അർത്ഥമെന്താണ്? അതിൽ ന്യായമുണ്ട്. രേഖാമൂലം പറയാൻ സാധിക്കും. പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിൽ പ്രതിപക്ഷ മെമ്പർമാർക്ക് ഒരു കാര്യവും പറയാൻ പാടില്ല. അവർ പറയുന്ന ഒരു കാര്യവും അംഗീകരിക്കുന്നില്ലെന്നു മാത്രമല്ല അവർ പറയുന്നത് കേൾക്കാൻ പോലും തയ്യാറാകുന്നില്ല. പെർഫോർമെന്റ്സ് ആഡിറ്റ് നടത്തി, ഓരോ കൊല്ലം കഴിയുമ്പോഴും അടുത്ത വർഷാരംഭത്തിൽ പ്രയോറിറ്റി വച്ച് വർക്ക് നിശ്ചയിക്കണമെന്നുണ്ട്. അത് നിയമത്തിലുള്ളതാണ്. പ്രയോറിറ്റി നിശ്ചയിച്ചു കൊണ്ട് ഒരു വർക്കും ഇന്നുവരെ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിൽ നടത്തിയിട്ടില്ല; ആ ലിസ്റ്റ് ഉണ്ടാക്കിയിട്ടുമില്ല. 4 കൊല്ലമായി. അവിടെ ബാക്കിയുള്ള 12 മെമ്പർമാർ തെരഞ്ഞെടുക്കപ്പെട്ടവരല്ലേ? അവർക്ക് അവരുടെ വോട്ടർമാരോട് ഉത്തരവാദിത്വമില്ലേ? അവരുടെ ബാദ്ധ്യത നിറവേറ്റണ്ടേ? ആളുകളെ അവഗണിക്കുന്നതാണോ മര്യാദ? ഞാൻ രാഷ്ട്രീയം പറയുകയല്ല. അങ്ങ് ഇക്കാര്യം ഗൗരവമായിട്ട് എടുക്കുന്നില്ല. അങ്ങ് അങ്ങയുടെ പാർട്ടിക്കാർ പറയുന്നത് സ്വീകരിക്കും. ഞങ്ങൾക്കും ഞങ്ങളുടെ പാർട്ടിക്കാരുടെ വാക്കുകൾ മാനിക്കേണ്ടിവരും. അതാണ് ബഹുമാനപ്പെട്ട മന്ത്രിയോട് ഇക്കാര്യം പറയുന്നത്. 4 കൊല്ലമായി പെർഫോമൻസ് ആഡിറ്റിൽ പറഞ്ഞത് ചെയ്തിട്ടില്ല. സ്പെഷ്യൽകൗൺസിൽ വിളിച്ചു കൂട്ടണമെന്നുണ്ട്, ഈ സ്പെഷ്യൽ കൗൺസിൽ വിളിച്ചുകൂട്ടി കാസ്റ്റിംഗ് വോട്ട് രേഖപ്പെടുത്തിയാണ് നിർദ്ദേശം നൽകിയത്. എന്ത് അധികാരം കഴിഞ്ഞ ബഡ്ജറ്റിൽപ്പോലും കാസ്റ്റിംഗ് വോട്ട് ഉപയോഗപ്പെടുത്തി മുസ്ലീം ലീഗിലെ ഒരു മെമ്പർ അപ്പുറത്ത് പോയിട്ടാണ് അവിടെ 12 ആയത്. അവിടെയുണ്ടായിരുന്ന രണ്ട് സ്വതന്ത്രൻമാർ അവിടെ

LIBRARY ARCHIVES Kerala Legislative Assembly

നീതി കിട്ടുന്നില്ലെന്ന് മനസ്സിലാക്കിയിട്ട് ഞങ്ങളുടെ കൂടെ വന്നു. അങ്ങനെയാണ് പന്ത്രണ്ടും പന്ത്രണ്ടുമായത്. എന്നിട്ടാണ് കാസ്റ്റിംഗ് വോട്ട് ഉപയോഗിച്ച് ചെയ്യുന്നത്. ബഹുമാനപ്പെട്ട മന്ത്രിക്കറിയാവുന്ന ഒരു കാര്യം പറയാം. പെരിന്തൽമണ്ണ ടൗണിൽ നിർമ്മാണത്തിലിരിക്കുന്ന എഫ്.എ.സി.ടി.യുടെ ഒരു ബിൽഡിംഗ് പൊളിച്ചു മാറ്റാനായി നടപടി എടുക്കാൻ സാധിച്ചിട്ടുണ്ടോ? മുനിസിപ്പൽ സെക്രട്ടറിക്ക് ഞാൻ പെറ്റീഷൻ കൊടുത്തതാണ്. അവിടെ മറവച്ചുകൊണ്ട് ബിൽഡിംഗ് പണി നടക്കുകയാണ്. പരാതി കിട്ടിയിട്ടില്ലേ? ഇനി നിയമം റിലാക്സ് ചെയ്ത് കൊടുക്കാതെ നിവൃത്തിയില്ല. മുസ്ലീം ലീഗിൽനിന്നും കൂറുമാറിയ ഒരു മെമ്പർ പറയുന്നത്, ഞാൻ പറയുന്ന കാര്യങ്ങൾ ചെയ്തില്ലെങ്കിൽ ഞാൻ തിരിച്ച് അങ്ങോട്ടുതന്നെ പോകും, കൂറുമാറും അപ്പോൾ നിങ്ങളുടെ ഭൂരിപക്ഷം പോകും എന്നാണ് അതുകൊണ്ട് ഇന്ന ഇന്ന കാര്യങ്ങൾ ചെയ്യണമെന്നു പറഞ്ഞുകൊണ്ട് ആ മെമ്പർ ബഹുമാനപ്പെട്ട മന്ത്രിക്ക് പരാതി കൊടുത്തു. എന്തിനാണ് പരാതി കൊടുത്തതെന്ന് അറിയാമോ? മുൻഗവൺമെന്റിന്റെകാലത്ത് ബിൽഡിംഗ് റൂൾ അനുസരിച്ച് നിയമപ്രകാരം ഉണ്ടാക്കിയ ഒരു കെട്ടിടം പൊളിച്ചു മാറ്റുന്നു. ഈ മെമ്പറുടെ വ്യക്തിവിരോധത്തിന്റെ പേരിൽ പൊളിച്ചു മാറ്റണമെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് പരാതി കൊടുത്തു. മന്ത്രി ആ പരാതി അന്വേഷണത്തിന് വിട്ടു. എത്ര ചുരുങ്ങിയ ദിവസം കൊണ്ടാണ് അന്വേഷണ റിപ്പോർട്ട് ഉണ്ടാക്കിയതെന്ന് അറിയാമോ? ഒരു റിപ്പോർട്ട് ഉണ്ടാക്കിയ ബിൽഡിംഗ് പൊളിച്ചു മാറ്റുന്നതിനെക്കുറിച്ച് ഇപ്പോൾ ആലോചിക്കുകയാണ്. ഈ മെമ്പർക്ക് വേണ്ടിയിട്ടാണ്. ഒരു കാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ബഹുമാനപ്പെട്ട ആ മെമ്പർ കൂറുമാറി വന്നാൽ ഞങ്ങൾക്ക് ഭൂരിപക്ഷം ഉണ്ടാകുമെന്നല്ലേ പറയുന്നത്? അങ്ങനെ ഒരു ഭൂരിപക്ഷം ഞങ്ങൾക്ക് വേണ്ട. ഞങ്ങൾ അപ്പോഴേ പറഞ്ഞു ആ മെമ്പർ മാറിവന്ന് യു.ഡി.എഫിന്റെ ചെയർപേഴ്സൺ ആക്കണ്ട എന്ന്. പിന്നെ എന്തിനാണ് അവർ എഴുതിക്കൊടുക്കുന്നത് അനുസരിച്ച് മന്ത്രി ഓർഡർ ഇടുന്നത്? എനിക്ക് ഇതാണ് മനസ്സിലാകാത്തത്. ഞാൻ നേരിട്ട് സംസാരിച്ചു. ജനപ്രതിനിധി എന്നുള്ളനിലയിൽ ഞാൻ കാര്യങ്ങൾ പറയുമ്പോൾ അങ്ങ് സ്വീകരിക്കണമെന്നില്ല എന്നാൽ സാമാന്യ മര്യാദ അനുസരിച്ച് എന്താണെന്ന് പരിശോധിക്കണ്ടേ? അതേസമയം ഇടപ്പറ്റ പഞ്ചായത്തിൽ പാലക്കാട് ജില്ലയുമായി ബന്ധപ്പെട്ടവർക്ക് നടന്ന സമയത്ത്കല്ലങ്കോട്സില എന്നു പറയുന്ന വി.സി.ബിയുടെ പണിക്ക് 8 ലക്ഷം രൂപ, അതിന്റെ പണി തുടങ്ങി; അതിന്റെ നോംസ് നിശ്ചയിച്ചിട്ടില്ല. അവിടത്തെ ലോക്കൽ കമ്മിറ്റിയിലെ മുഹമ്മദാലി എന്ന ആൾ പരാതി കൊടുത്തു. ആ പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി വി.സി.ബി.യുടെ പണി നിർത്തിവച്ചു. മാത്രമല്ല അഡ്വാൻസായി വാങ്ങിയ 50,000 രൂപ തിരിച്ചു കൊടുക്കണമെന്നും പറഞ്ഞു. അത് അന്വേഷിച്ചു. മലപ്പുറം ജില്ലയ്ക്കു മാത്രമായി ഒരു വി.സി.ബി. ഉണ്ടാക്കാൻ പറ്റുമോ? രണ്ട് ജില്ലകളെ ബന്ധിപ്പിക്കുന്ന പദ്ധതികൾക്ക് മുഖ്യമന്ത്രി അടങ്ങുന്ന ഒരു സമിതി ഗവൺമെന്റ്തലത്തിൽ ഉണ്ടാക്കുമെന്ന് അന്ന് പറഞ്ഞിരുന്നു. ആ സമിതി ഉണ്ടാക്കിയില്ല. ജില്ലാകളക്ടർക്ക് നിർദ്ദേശം കൊടുത്തുവെന്നു പറഞ്ഞു. ഇപ്പോൾ 24.2.2000-ത്തിൽ ഈ 50,000 രൂപ തിരിച്ചു കൊടുക്കണമെന്ന് പറഞ്ഞ് ഗവൺമെന്റ് ഉത്തരവായി. അങ്ങ് ന്യായം ചെയ്യുന്ന കാര്യത്തിൽ എനിക്ക് വിരോധമില്ല. ഏതാരു ചെയ്താലും, തങ്ങളുടെ ആളുകൾ ചെയ്താലും നടപടി എടുക്കുന്നതിൽ വിരോധമില്ല. ഞങ്ങൾ കഴിഞ്ഞ തവണ ഭരിച്ച പഞ്ചായത്താണ് കീഴാറ്റൂർ പഞ്ചായത്ത്. കീഴാറ്റൂർ പഞ്ചായത്തിൽ വ്യാപകമായി അഴിമതിനടക്കുന്നു എന്ന് പരാതിയുണ്ടായി. ആ പരാതി ഞങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ബോധപൂർവ്വം ഉണ്ടാക്കിയതല്ല. രാഷ്ട്രീയം വച്ചുകൊണ്ട് പറഞ്ഞതല്ല. പത്രങ്ങളിൽ വാർത്ത വന്നു, ബന്ധപ്പെട്ട ഗവൺമെന്റ് സെക്രട്ടറി, ഉദ്യോഗസ്ഥർ, അഡീഷണൽ സെക്രട്ടറി തുടങ്ങിയവർ അന്വേഷണം നടത്തി. പത്രക്കുറിപ്പുകളാണ് ഇവ. (പത്രക്കുറിപ്പുകൾ കാണിച്ചു) അന്വേഷണം നടത്തി റിപ്പോർട്ട് കിട്ടിയിട്ടും നടപടി ഉണ്ടായില്ല. അവസാനം നാട്ടുകാർ ഹൈക്കോടതിയിൽ പോയി. ലോക്കൽ കമ്മിറ്റിയിലെ ആളുകൾ ഹൈക്കോടതിയിൽ പോയി, ഹൈക്കോടതി ഉത്തരവ് വന്നു. എന്താണ് ഉത്തരവ് എന്നറിയാമോ? ആരോപണ വിധേയമായ കാര്യങ്ങളെ സംബന്ധിച്ച് ഹൈക്കോടതി ഉത്തരവിൽ പറയുന്നുണ്ട്. മേൽ പരാമർശിച്ചതിൽ ഒന്നാമത്തെ പരാതിക്ക് ആസ്പദമായ പഞ്ചായത്തിൽ സാംസ്ക്കാരിക നിർമ്മാണ നിലയത്തിന്റെ പ്രവർത്തനത്തിൽ ഉപാധിരഹിത ഫണ്ട് ഉപയോഗിക്കുന്നതിന് നിഷ്ക്കർഷിച്ചിട്ടുള്ള ലിസ്റ്റ് അനുസരിച്ചുള്ള മാനദണ്ഡങ്ങൾ പാലിക്കുകയോ സാധന സാമഗ്രികൾ വാങ്ങിയതിൽ സ്റ്റോർ പർച്ചേസ് നിയമങ്ങൾ പാലിക്കുകയോ ചെയ്തിട്ടില്ല എന്ന് വ്യക്തമായിട്ടുണ്ടെന്ന് ഗവൺമെന്റ് അഡീഷണൽ സെക്രട്ടറി ശ്രീ. രാമചന്ദ്രൻ പിള്ള അയച്ച റിപ്പോർട്ടാണ്. അതുപോലെ പുന്താനം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിനുവേണ്ടി കുടിവെള്ള പദ്ധതിക്ക് വാട്ടർ ടാങ്ക് വാങ്ങിയതും മറ്റും സംബന്ധിച്ചുള്ള ഒരുപാട് കാര്യങ്ങൾ പറയുന്നു. എന്നിട്ട് പറയുന്നത്, പഞ്ചായത്ത് പ്രസിഡന്റിൽ നിന്നും ഈ തുക ഈടാക്കണം, നടപടി എടുക്കണം എന്നാണ് ഇതുവരെ നടപടി ഉണ്ടായില്ല. പഞ്ചായത്ത് ഡയറക്ടർ പലതവണ ബന്ധപ്പെട്ടു. നടപടി ഉണ്ടായില്ല. പ്രസിഡന്റിൽ നിന്നും, സെക്രട്ടറിയിൽ നിന്നും തുല്യമായി സംഖ്യ ഈടാക്കണം. പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ് എന്ന് പറഞ്ഞാണ് ഗവൺമെന്റ് അഡീഷണൽ സെക്രട്ടറിയും ഉത്തരവിറക്കിയത്. ഇതിന് നടപടി ഉണ്ടായില്ല. ഹൈക്കോടതിയിൽ പോയി. ഹൈക്കോടതി വളരെ കണിശമായിട്ട് പറഞ്ഞു. 30-ാം തീയതിയിലെ റിപ്പോർട്ടനുസരിച്ച്, ഗവൺമെന്റ് തീരുമാനം അനുസരിച്ച്, നടപടി എടുക്കണമെന്ന്. ഇതുവരെ നടപടി ഉണ്ടായില്ല. അപ്പോൾ ഈ വൈരുദ്ധ്യം ഈ ഒരു കാര്യത്തിൽ ഇങ്ങനെ, മറു കാര്യത്തിൽ അങ്ങനെ. അത് ശരിയാണോ? മുനിസിപ്പാലിറ്റിയിൽ ന്യായമായി കാര്യം പറഞ്ഞാൽ അംഗീകരിക്കുന്നില്ല. അത് കാസ്റ്റിംഗ് വോട്ടിന്റെ പിൻബലത്തിൽ തള്ളുക, ഇവിടെ വ്യക്തമായിട്ടും അഴിമതി തെളിഞ്ഞിട്ട്, ഹൈക്കോടതിപോലും പറഞ്ഞ കാര്യങ്ങളിൽ ഇതുവരെ നടപടി ഉണ്ടായിട്ടില്ല. അതുപോലെതന്നെ ഓരോ പാർട്ടിക്കാരും ഇടപെട്ട് പറയുമ്പോൾ അത് ക്യാൻസൽ ചെയ്യുക. ഇത് ജനകീയവാദികൾ കാണുന്നതാണ്. നമ്മൾ കാണുന്നതാണ്, ഇത് നമ്മളൊക്കെ അംഗീകരിച്ചതാണല്ലോ. ജനകീയാസൂത്രണ സംവിധാനത്തിന് ഇത് കളങ്കമാണ്. ആ കളങ്കത്തിന് അങ്ങ് അറിഞ്ഞോ അറിയാതെയോ കൂട്ടു നിൽക്കരുത്. അങ്ങ് ഒരു പാവമാണെന്നാണ് പറയുന്നത്. സാധു ദുഷ്ടന്റെ ഫലം ചെയ്യുന്ന അനുഭവം അങ്ങയിൽനിന്നും ഉണ്ടാകരുത്. ഞാൻ വളരെ വ്യക്തമായി പറയാം. എനിക്ക് പറയാൻ പ്രയാസമുണ്ട്. നമ്മൾ ഒരു നാട്ടുകാരാണ്. ഇത് പരസ്യമായി അറിഞ്ഞിട്ട്പോലും അങ്ങ് ചെയ്യാത്തരത്തിൽ ഇത് പറയുമ്പോൾ സൂപ്പി അങ്ങനെതന്നെ എന്ന് പറഞ്ഞിട്ട് കാര്യമില്ല. എന്റെ വ്യക്തിപരമായ കാര്യമാണ്. പെരിന്തൽമണ്ണ മണ്ഡലത്തിൽ എന്റെ പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും നടക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് ഞാൻ അറിഞ്ഞില്ല. പറഞ്ഞില്ലാ എന്ന് പറഞ്ഞാൽ, ഞാൻ എം.എൽ.എ ആയി വരണോ? പറയേണ്ട കാര്യങ്ങൾ പറയണം. അത് പറയേണ്ട രീതിയിൽ നല്ല നിലയ്ക്ക് ബോദ്ധ്യപ്പെടുത്തി നിയമസഭയിൽ ആവർത്തിച്ച് പറയുന്നു. ഇത് സംബന്ധിച്ച് ഒരു അന്വേഷണം നടത്ത

LIBRARY ARCHIVES Kerala Legislative Assembly

ണം. മുനിസിപ്പാലിറ്റി പൂട്ടി കിടക്കുകയാണ്. അവിടുത്തെ ജനങ്ങൾ ബുദ്ധിമുട്ടിലാകും. ഒരു മുനിസിപ്പാലിറ്റി മുഴുവൻ ഉപരോധം നടത്തി പൂട്ടിക്കിടക്കുന്നു. ഈ തെറ്റായ നടപടി തുടരണം എന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. അതിൽ തീരുമാനം ഉണ്ടാകണം. ഗവൺമെന്റ് ഇക്കാര്യത്തിൽ ഇടപെടണം എന്ന് മാത്രം പറഞ്ഞുകൊണ്ട് ഇതുപോലുള്ള നടപടികളുമായി മുന്നോട്ടുപോകരുതെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ.സി. വേണുഗോപാൽ</u> : സർ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 2000-ത്തിലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. പഞ്ചായത്ത് രാജ് സമ്പ്രദായത്തിന്റെ നിലവിലുള്ള നിയമങ്ങളിൽ ഉണ്ടായിട്ടുള്ള ചില അപാകതകൾ പരിഹരിക്കുന്നതിനാണ് കുറ്റമറ്റതാക്കുന്നതിനുവേണ്ടിയാണ് പുതിയ ഭേദഗതി കൊണ്ടുദ്ദേശിക്കുന്നത് എന്ന് സൂചിപ്പിക്കുകയുണ്ടായി. പക്ഷേ ഫലത്തിൽ ഈ രംഗത്തുണ്ടായിക്കൊണ്ടിരിക്കുന്ന വളരെ ഗുരുതരമായ ക്രമക്കേടുകളും, അസ്വസ്ഥതകളുമൊക്കെത്തന്നെ നമ്മുടെ തന്നെ ഈ രംഗത്തുള്ളആത്മാർത്ഥതയെ ചോദ്യം ചെയ്യുന്നതാണ് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇന്നലെയും അതുപോലെ ഇന്നും സഭയിൽ ചർച്ച ചെയ്യപ്പെടുന്ന പല വിഷയങ്ങളെ സംബന്ധിച്ചും നമ്മൾ ചർച്ച ചെയ്യുമ്പോൾ ജനകീയാസൂത്രണത്തിൽ, പഞ്ചായത്ത് രാജ് സമ്പ്രദായത്തിന്റെ ഭാഗമായി ഉണ്ടാകുന്ന അധികാരവികേന്ദ്രീകരണത്തിൽ, ഈ ഗവൺമെന്റ് പലപ്പോഴും ആത്മാർത്ഥത കാണിക്കാറില്ല. പ്രസംഗം ഒന്നും പ്രവൃത്തി വേറെയും എന്ന നിലയിലേയ്ക്കാണോ കാര്യങ്ങൾ പോകുന്നത് എന്ന് ഞാൻ സംശയിക്കുന്നു. റിവൈസ്ഡ് എസ്റ്റിമേറ്റിൽത്തന്നെ ഗവൺമെന്റ് ഉദ്ദേശിച്ച തുകയേക്കാൾ പത്ത് മടങ്ങോളം കുറച്ചുമാത്രമേ ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളൂ എന്ന യാഥാർത്ഥ്യവും നമ്മുടെ മനസ്സിനകത്ത് ഉണ്ട്. ഈ ഭേദഗതിയെക്കുറിച്ച് നമ്മൾ ചർച്ച ചെയ്യുമ്പോൾ ശ്രീ നാലകത്ത് സൂപ്പി സൂചിപ്പിച്ചതുപോലെ വളരെ പ്രധാനപ്പെട്ട വാർഡ് വിഭജനം അടക്കമുള്ള കാര്യങ്ങളെക്കുറിച്ച് നമുക്ക് ചർച്ച ചെയ്യാതിരിക്കാൻ കഴിയില്ല. ഇലക്ഷൻ കമ്മീഷണർക്ക് അധികാരം കൊടുത്തു, ആ കമ്മീഷണർ അധികാരപ്പെടുത്തുന്ന ആൾ ഡെപ്യൂട്ടി ഡയറക്ടർക്ക് പരിപൂർണമായ അധികാരം കൊടുത്തു. വാർഡ് വിഭജനത്തിന്റെ പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെടുന്ന വേദിയിൽ ബഹുമാനപ്പെട്ട ചെയറിന് അറിയാം. ഇന്നലെ ശ്രീ. ജി. കാർത്തികേയൻ പടന്ന പഞ്ചായത്തിൽ നടന്നകാര്യം ഇവിടെ ചർച്ചയിൽ സൂചിപ്പിച്ചു. പ്രസംഗത്തിന്റെ ഭാവത്തിലാണോ പടന്ന പഞ്ചായത്തിൽ കാര്യം നടന്നത്? കേരള ഹൈക്കോടതിയുടെ മുൻപാകെ കേസ്സ് വന്നിരിക്കുന്നു. വാർഡ് വിഭജനത്തിനെതിരായി തെരഞ്ഞെടുപ്പ് കമ്മീഷന് മുൻപാകെ ഞങ്ങൾ മാർച്ച് നടത്തി. അതിൽ ക്രമക്കേടുകൾ നടന്നിട്ടുണ്ട്, ഗുരുതരമായ ക്രമക്കേടുകളാണ് ഉണ്ടായിട്ടുള്ളത്. വാർഡ് വിഭജനം നടത്തിയതിൽ പരാതി ഉണ്ടായിട്ടും അതു കേൾക്കാത്ത രീതിയിൽ നടപടി സ്വീകരിക്കുമ്പോഴാണ് ഞങ്ങൾ ഇലക്ഷൻ കമ്മീഷന് മുൻപിലേയ്ക്ക് സമാധാനപരമായി സമരവുമായി മുന്നോട്ടുപോയത്. അതിന്റെ പേരിൽ കമ്മീഷൻ ഈ രാജ്യത്തെ മുഴുവൻ വിരട്ടി, കോൺഗ്രസ്സുകാരെ മുഴുവൻ ജയിലിൽ തള്ളും അല്ലെങ്കിൽ യു.ഡി.എഫ്കാരെ മുഴുവൻ ജയിലിലാക്കും എന്നു പറഞ്ഞുകൊണ്ട് കമ്മീഷൻ നടക്കുകയാണ്. ഇതിൽ ഒരു പ്രധാനപ്പെട്ട കാര്യം, ജില്ലാ കളക്ടറിൽ നിന്നും ഈ അധികാരം മാറ്റി ഡെപ്യൂട്ടി ഡയറക്ടറുടെ റാങ്കിലുള്ള ജില്ലാ കളക്ടറുടെ താഴെയുള്ള ഒരു ഉദ്യോഗസ്ഥനിലേയ്ക്ക് ആക്കുമ്പോൾ സ്വാഭാവികമായി ഈ വകുപ്പിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കീഴിലുള്ള ഒരു ഉദ്യോഗസ്ഥനാകുമ്പോൾ ഈ വകുപ്പിന്റെ ശക്തമായ സ്വാധീനം ഉണ്ടാകും. ഫലത്തിൽ ഭരണകക്ഷിയുടെ, പ്രത്യേകിച്ച് മാർക്ക്സിസ്റ്റ് പാർട്ടിയുടെ ആജ്ഞാനുവർത്തിയായ ഉദ്യോഗസ്ഥൻ ഈ വാർഡ് വിഭജന പ്രക്രിയയിൽ ഇടപെടും എന്ന് ഞങ്ങൾ അന്ന് പറഞ്ഞതാണ്. ഇലക്ഷൻ കമ്മീഷൻ അന്ന് പറഞ്ഞതെന്താണ്? വാർഡ് വിഭജനം സത്യസന്ധമായി മാത്രമേ നടക്കൂ. അല്ലാതെ നടക്കുന്ന പ്രശ്നമില്ല എന്നാണ്. ബഹുമാനപ്പെട്ട മന്ത്രിയും പറഞ്ഞു. എന്താണ് പടന്ന പഞ്ചായത്തിൽ നടന്നിരിക്കുന്നത്? പടന്ന പഞ്ചായത്തിൽ ഡി.ഡി.പി.-യുടെ ഒരു കത്ത് ഹൈക്കോടതിയിലേയ്ക്ക് പോയിരിക്കുകയാണ്. ഹൈക്കോടതി മുൻപാകെ അത് രേഖപ്പെടുത്തിയിട്ടുണ്ട്. അത് നിഷേധിക്കാൻ കഴിയില്ല. പടന്ന പഞ്ചായത്തിലെ വാർഡ് വിഭജനത്തിൽ പഞ്ചായത്ത് സെക്രട്ടറിയോട് ഡെപ്യൂട്ടി ഡയറക്ടർ നേരിട്ട് അഭ്യർത്ഥിച്ചു. ഇവിടത്തെ സി.പി.ഐ. (എം)-ന്റെ ലോക്കൽ കമ്മിറ്റി സെക്രട്ടറി തരുന്ന ലിസ്റ്റ് അനുസരിച്ച് അത് ഭൂമിശാസ്ത്രപരമായി രേഖപ്പെടുത്തുന്ന മാപ്പ് അനുസരിച്ച് മാത്രമേ വാർഡ് വിഭജനം നടത്താവൂ. അത് നടത്തുമെന്ന് മാത്രമല്ല അതിന് മുമ്പേ അവിടെ പോയി ക്യാമ്പ് ചെയ്ത് ഈ ഡെപ്യൂട്ടി ഡയറക്ടർ, പടന്നയിലെ ലോക്കൽ കമ്മിറ്റി നേതാക്കൻമാരുമായി ഒരു വീട്ടിലിരുന്ന് ചർച്ച ചെയ്ത് അവിടെ പഞ്ചായത്ത് സെക്രട്ടറിയെ വിളിച്ച്വരുത്തി ഈ പറയുന്ന രീതിയിൽ വാർഡ് വിഭജനം നടത്തിയില്ലെങ്കിൽ ഗുരുതരമായ ഭവിഷ്യത്തുകൾ ഉണ്ടാകുമെന്ന് പഞ്ചായത്ത് സെക്രട്ടറിയെ ഭീഷണിപ്പെടുത്തി. ഭൂമിശാസ്ത്രപരമായ രീതിയിൽ വാർഡ് വിഭജിക്കാൻ വേണ്ടി തുനിയുന്ന പഞ്ചായത്ത് സെക്രട്ടറിയെ ഭീഷണിപ്പെടുത്തി. ലോക്കൽ കമ്മിറ്റി കൊടുക്കുന്ന നിർദ്ദേശം അനുസരിച്ച് മാത്രമേ വാർഡ് വിഭജനം നടത്താൻ കഴിയൂ എന്ന് പറഞ്ഞു. പടന്ന പഞ്ചായത്തിലെ സ്വഭാവം ബഹുമാനപ്പെട്ട ചെയറിന് അറിയാമല്ലോ? ആ പടന്ന പഞ്ചായത്തിൽ..... .....

<u>ശ്രീ. കെ.പി. സതീശ് ചന്ദ്രൻ</u> : സർ, ബഹുമാനപ്പെട്ട മെമ്പർ പടന്ന പഞ്ചായത്തിനെക്കുറിച്ചാണ് പറഞ്ഞത്. പടന്ന പഞ്ചായത്ത് എന്റെ നിയോജക മണ്ഡലത്തിലെ ഒരു പഞ്ചായത്താണ്. ശ്രീ. കെ.സി. വേണുഗോപാൽ ഇവിടെ പറയുന്നത് രാഷ്ട്രീയവുമായി ബന്ധമില്ലാത്തതാണ്. പടന്ന പഞ്ചായത്ത് എൽ.ഡി.എഫ്.-ന് ഭൂരിപക്ഷമുള്ള പഞ്ചായത്തായിരുന്നു. ആ പഞ്ചായത്തിൽ കഴിഞ്ഞ തവണ യാതൊരു വിവേചനവുമില്ലാതെ വാർഡ് വെട്ടിമുറിച്ചിട്ടാണ് യു.ഡി.എഫ്. ജയിച്ചത്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് സി.പി.എം.ന്റെ ലോക്കൽ കമ്മിറ്റി സെക്രട്ടറി ഡി.ഡി.പി.യോട് ആവശ്യപ്പെട്ടു എന്ന്. ഏത് രേഖയുടെ അടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഇങ്ങനെ പറയുന്നത്?

<u>ശ്രീ. കെ.സി. വേണുഗോപാൽ</u> : സർ, ഞാൻ രേഖയുടെ അടിസ്ഥാനത്തിൽ തന്നെയാണ് പറയുന്നത്. ഇത്തരം കാര്യങ്ങളിൽ പ്രതിഷേധമുള്ള ഒരു മെമ്പറാണ് ഞാൻ ഉത്തരവാദിത്തബോധത്തോടെയാണ് പറയുന്നത്, പടന്ന പഞ്ചായത്ത് സെക്രട്ടറി ഡെപ്യൂട്ടി ഡയറക്ടർക്ക് കൊടുത്ത കത്തിന്റെ കോപ്പി ഹൈക്കോടതിയുടെ മുമ്പിലുണ്ട്. അതെങ്ങനെയാണ് എന്റെ കയ്യിൽ കിട്ടുന്നത്. ഞങ്ങളും ആവശ്യപ്പെട്ടു. പഞ്ചായത്ത് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പടന്ന പഞ്ചായത്ത് സെക്രട്ടറി ഡെപ്യൂട്ടി ഡയറക്ടർക്ക് കൊടുത്ത കത്ത് ഞങ്ങൾക്ക് വേണമെന്ന് ആവശ്യപ്പെട്ടു. സെക്രട്ടറിയുടെ മറുപടി ഞങ്ങൾക്ക് കിട്ടിയത് പഞ്ചായത്ത് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട രേഖയുടെ പകർപ്പുകൾ മേലാവിൽനിന്നുള്ള പ്രത്യേക അനുമതി ഇല്ലാതെ താങ്കൾക്ക് നൽകാൻ

LIBRARY ARCHIVES Kerala Legislative Assembly

നിർവ്വാഹമില്ല എന്നാണ്. ശ്രീ. വാസുദേവൻ നായരെ ശ്രീ. കെ.പി. സതീശ് ചന്ദ്രനും അറിയാമല്ലോ. മാത്രമല്ല അതിന് ശേഷമാണ് ഞങ്ങൾ ഹൈക്കോടതിയിൽ പോയത്. ഹൈക്കോടതി മുൻപാകെയുള്ള പത്രവാർത്തയാണിത്. ഇതോ ഡി.ഡി.പി.യുടെ കത്ത് ഹൈക്കോടതിയിലേയ്ക്ക് (കത്തു കാണിച്ചു). പടന്ന പഞ്ചായത്തിൽ വാർഡ് വിഭജനത്തിൽ ഡി.ഡി.പി.യുടെ നിലപാട് കടുത്ത വിവാദത്തിലാണ്. സി.പി.എം.-ന് അനുകൂലമായ പുനർവിഭജനം ആവശ്യപ്പെട്ട് പഞ്ചായത്ത് സെക്രട്ടറി കൊടുത്ത കത്ത് ഹൈക്കോടതിയിലേയ്ക്ക് അയച്ചിരിക്കുകയാണ്. മനോരമയിൽ വന്ന വാർത്തയാണ്. അത് മാത്രമല്ല ഹൈക്കോടതിയിൽ ഞങ്ങൾ കൊടുത്ത പെറ്റീഷന്റെ കോപ്പിയാണ് ഞാൻ ഇവിടെ ഹാജരാക്കുന്നത്. "For the reasons stated in this original petition and in the accompanying affidavit it is most respectfully prayed that this court may be pleased to stay all further actions by the Secretary of the Padanna Grama Panchayat, pursuant to the directions given by the Deputy Director for delimiting the wards as proposed by the Local Committee Secretary of C.P.I.(M) contrary to Ext. P1"

ഞങ്ങൾ ഉത്തരവാദിത്തപ്പെട്ടാടുകൂടിയാണ് പറയുന്നത്. അങ്ങ് ഒരു ജനപ്രതിനിധിയാണെങ്കിൽ ഇതിനെക്കുറിച്ച് അന്വേഷിക്കണം, ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുന്നത്, ഇങ്ങനെ ഒരു കത്ത് കൊടുത്തിട്ടില്ല എന്ന് ബഹു മാനപ്പെട്ട മന്ത്രി പറയട്ടെ. ഞങ്ങൾ ഇവിടെ തെളിവടക്കം തന്നെയാണ് ഉന്നയിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി അന്വേഷിക്കട്ടെ. അധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥൻ, ഇവിടെ എല്ലാ കാര്യങ്ങളും ഭംഗിയായി നടക്കണമെന്ന് പറയുന്ന ഉദ്യോഗസ്ഥൻ, ഇലക്ഷൻ കമ്മിഷൻ ചുമതലപ്പെടുത്തിയ ഡെപ്യൂട്ടി ഡയറക്ടർ ..... സി.പി.ഐ.(എം) പറയുന്നത് അനുസരിച്ച് ലോക്കൽ കമ്മിറ്റി സെക്രട്ടറി ..... പിന്നെ എന്തിനാണ് ഡെപ്യൂട്ടി ഡയറക്ടർ? എല്ലായിടത്തും ലോക്കൽ കമ്മിറ്റി സെക്രട്ടറിമാരെ വച്ചാൽ മതിയല്ലോ. അവർതന്നെ വാർഡ് വിഭജിക്കട്ടെ. നിയമത്തിന്റെ ഭാഷ പറയുമ്പോൾ ശക്തമായി പറയും, അവസാനം പ്രവൃത്തിയിൽ വരുമ്പോൾ ഈ നിയമങ്ങളെയെല്ലാം കാറ്റിൽ പറത്തി രാജ്യത്ത് അരാജകത്വം സൃഷ്ടിക്കാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇവിടെ മാത്രമല്ല, തിരുവനന്തപുരത്ത് നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ പനവൂർ പഞ്ചായത്തിലും ഇതുതന്നെയാണ് നടന്നത്. അവിടെ നടന്നതെന്താണ്? പഞ്ചായത്ത് സെക്രട്ടറി നാച്ചറൽ ബൗണ്ടറി അനുസരിച്ച് വാർഡ് വിഭജിച്ചു. വാർഡ് വിഭജിച്ചതിൽ പനവൂർ പഞ്ചായത്ത് ലോക്കൽ കമ്മിറ്റി സെക്രട്ടറി ഇടപെട്ടു. ആ പഞ്ചായത്ത് സെക്രട്ടറി ഒരു map വരച്ച് ലോക്കൽ കമ്മിറ്റി സെക്രട്ടറിക്ക് കൊടുത്തു, ഇതനുസരിച്ച് അംഗീകരിക്കണമെന്ന്. സെക്രട്ടറി പറഞ്ഞു ഇത് അംഗീകരിക്കാൻ കഴിയില്ല എന്ന്. ഭൂമിശാസ്ത്രവുമായി പുലബന്ധംപോലുമില്ലാത്തതിനാൽ ഇത് അംഗീകരിക്കാൻ പറ്റില്ല എന്ന് പറഞ്ഞു. സെക്രട്ടറി പറഞ്ഞതിന് അപ്പീൽ കൊടുത്തു. അപ്പീൽ കൊടുത്തത് ജില്ലാ കളക്ടർ റിജക്ട് ചെയ്തു. ഇപ്പോൾ എന്താണ് നടന്നതെന്നുവച്ചാൽ പഴയ ഒരു കേസ്സിൽപ്പെടുത്തി ആ പഞ്ചായത്ത് സെക്രട്ടറിയെ ഈ ഗവൺമെന്റ് സസ്പെന്റ് ചെയ്തു. മാത്രമല്ല ഡെപ്യൂട്ടി ഡയറക്ടറെ വീണ്ടും ചുമതലപ്പെടുത്തി. ആ ഡെപ്യൂട്ടി ഡയറക്ടർ ലോക്കൽ കമ്മിറ്റി സെക്രട്ടറി പറഞ്ഞത് അനുസരിച്ച് പനവൂർ വാർഡ് വിഭജനം നടത്തി. ഇത് ഒറ്റപ്പെട്ട സംഭവം അല്ല. ഭീഷണിപ്പെടുത്തുക, ഭീഷണിപ്പെടുത്തിയാൽ കേൾക്കാതിരിക്കുന്ന ഉദ്യോഗസ്ഥൻമാരാണെങ്കിൽ അവരെ സ്ഥലം മാറ്റുക; അല്ലെങ്കിൽ ഏതെങ്കിലും കേസ്സിൽപ്പെടുത്തി സസ്പെന്റ് ചെയ്യുക. അവസാനം

LIBRARY ARCHIVES Kerala Legislative Assembly

ഡെപ്യൂട്ടി ഡയറക്ടർ എന്ന സംഹാരരൂപിയായ ഉദ്യോഗസ്ഥനെ അവതരിപ്പിച്ച് പഞ്ചായത്തിലെ വാർഡ് വിഭജനം മുഴുവൻ തകർക്കുകയാണ്. ഈ നിയമത്തിൽ പറയുന്ന പ്രൊവിഷൻ പഞ്ചായത്തിരാജ് നിയമത്തിന്റെ എല്ലാ അന്തസത്തയേയും തകർക്കുന്ന ഒരു താണ്ഡവ രൂപിയായി മാറിയിരിക്കുകയാണ് എന്നുള്ളത് അങ്ങ് മനസ്സിലാക്കണം. ഇതു പറഞ്ഞ് ഞങ്ങൾ ഇലക്ഷൻ കമ്മീഷനെ ചോദ്യം ചെയ്തു എന്ന് നിങ്ങൾ പറയും. ഇലക്ഷൻ കമ്മിഷനല്ല ദൈവം തമ്പുരാനായാലും രക്ഷക്കേടില്ല, ഇത്തരം കാര്യങ്ങളിൽ വൃത്തികേട് നടന്നാൽ നടന്നു എന്നു പറയാനുള്ള നട്ടെല്ല് ഞങ്ങൾക്കുണ്ട്. അതിനെ ഇമ്പാച്ചി കാണിച്ച് പേടിപ്പിച്ചാൽ പേടിക്കുന്നവരല്ല ഞങ്ങൾ. ഏതു കമ്മീഷനായാലും തരക്കേടില്ല. ന്യായമായ കാര്യങ്ങൾ ഉന്നയിക്കുന്ന പ്രശ്നങ്ങളിൽ ഗവൺമെന്റിന്റെ രാഷ്ട്രിയ പ്രേരിതമായ നിലപാടനുസരിച്ച് ഉദ്യോഗസ്ഥരോ പ്രത്യേകമായ സ്വഭാവമുള്ളവരോ നിന്നാൽ അത് അംഗീകരിക്കുന്ന പ്രശ്നമില്ല. ഇത് കൊടുക്കാൻ പോകുന്നതനുസരിച്ച് അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ സർക്കാർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ എന്നുള്ളതു മാറ്റി, ഇലക്ഷൻ കമ്മിഷനോ അല്ലെങ്കിൽ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ എന്ന് മാറ്റണം. 10-ാം വകുപ്പിനുശേഷം ഒരു പുതിയ വകുപ്പു ചേർത്താൽ ഫലത്തിലുണ്ടാകുന്നത്, പഞ്ചായത്തിരാജ് നിയമത്തിൽ ഉണ്ടാകാൻ പോകുന്ന എല്ലാ പവിത്രതയേയും ഈ ഉദ്യോഗസ്ഥൻമാർ കാറ്റിൽ പറത്തിവിടുമെന്നുള്ളതാണ് സത്യം. അതിന്റെ സാങ്റ്റിറ്റി നഷ്പ്പെടുന്ന രീതിയിലേയ്ക്ക് പഞ്ചായത്തിരാജ് നിയമം പോകുന്നു എന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. ജനകീയാസൂത്രണത്തിന്റെ ഗുണദോഷങ്ങളെക്കുറിച്ചും ഇതിന്റെ ഗുണഭോക്താക്കൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങളെക്കുറിച്ചും പറഞ്ഞു. അനോമലീസിനെക്കുറിച്ച് സംസാരിക്കേണ്ട? അപ്പുറത്തിരിക്കുന്ന പല മെമ്പർമാർക്കും അറിയാമല്ലോ. ഗുണഭോക്താക്കളെ തീരുമാനിക്കുക, മാർക്ക് ഇടുക, മാർക്ക് മാറ്റിയിട്ട് ഗുണഭോക്താക്കളെ മാറ്റുക. വ്യാപകമായി പല വാർഡുകളിലും ഇങ്ങനെ നടന്നില്ലേ? ആടിനെയായാലും കോഴിയെയായാലും, ഗവൺമെന്റ് കൊടുക്കുന്ന ആനുകൂല്യങ്ങൾ, അതിന് മാർക്ക് ഇട്ടിട്ട് ആ മാർക്ക് മറികടന്നുകൊണ്ട്, മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ഗുണഭോക്താക്കളല്ലാത്തവർക്ക് കൊടുത്തുകൊണ്ടിരിക്കുന്നു.

<u>ശ്രീ. അനത്തലവട്ടം ആനന്ദൻ</u> : നമ്മുടെ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 40 ശതമാനത്തിലേറെ യു.ഡി.എഫ്.ന്റെ കൈയിലാണ്. യു.ഡി.എഫ്. ഭരിക്കുന്ന പഞ്ചായത്തുകളിലെല്ലാം ഈ ആക്ഷേപം വരത്തക്കവിധത്തിലാണ് വിതരണം നടത്തിയത് എന്ന അഭിപ്രായം അങ്ങേയ്ക്കുണ്ടോ?

<u>ശ്രീ. കെ.സി. വേണുഗോപാൽ</u> : യു.ഡി.എഫ്. ആയാലും എൽ.ഡി.എഫ്. ആയാലും പ്രതിപക്ഷനേതാവ് വളരെ അസന്നിഗ്ദ്ധമായി നിയമസഭയിൽ പറഞ്ഞിട്ടുണ്ട്. യു.ഡി.എഫ്. ആയാലും എൽ.ഡി.എഫ്. ആയാലും ഈ നിയമത്തിലൂടെ ജനങ്ങൾക്കു കിട്ടേണ്ട ആനുകൂല്യങ്ങൾ ദുർവിനിയോഗം ചെയ്യുന്നവർക്കെതിരെ അന്വേഷണ നടപടികൾ സ്വീകരിക്കണമെന്ന് വളരെ അസിന്നിഗ്ദ്ധമായി പറഞ്ഞിട്ടുണ്ട്. ഇതിനകത്ത് നടപടിയെടുക്കേണ്ടതാരാണ്? നടപടിയെടുക്കേണ്ടത് ഗവൺമെന്റാണ്. നിങ്ങൾ കുറ്റക്കാരെ എന്തിനു സംരക്ഷിക്കുന്നു? യു.ഡി.എഫ്.-ൽപ്പെട്ട ഏതെങ്കിലും ഒറ്റപ്പെട്ട ആളാണെങ്കിൽ, ആ ഒറ്റപ്പെട്ട ആളിനെ സംരക്ഷിച്ചു എന്ന് പറയുന്നത് മഹാഭൂരിപക്ഷം വരുന്ന നിങ്ങളുടെ കൊള്ളക്കാരെ സംരക്ഷിക്കാൻ വേണ്ടിയിട്ടല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആനത്തലവട്ടം ആനന്ദൻ : ദുർവിനിയോഗം ചെയ്ത അനുഭവമാണുള്ളതെങ്കിൽ അതേ പഞ്ചായത്തുകളിലെ ബൈ ഇലക്ഷന്റെ റിസൾട്ട് എന്താണ് വന്നത്? എൽ.ഡി.എഫ്.-ന് അനുകൂലമായി ജനങ്ങൾ എങ്ങനെയാണ് വിധിയെഴുതിയത്? അഴിമതിക്കാരെ സംരക്ഷിച്ചിട്ടാണോ?

ശ്രീ. കെ.സി. വേണുഗോപാൽ : ആടിനെ പട്ടിയാക്കുകയല്ല. അങ്ങനെയുള്ള ജനവികാരമൊന്നും കേരളത്തിൽ പഞ്ചായത്ത് ഇലക്ഷനിൽ ഉണ്ടായിട്ടില്ല. പഞ്ചായത്ത് ഇലക്ഷനിൽ നിങ്ങൾ ജയിച്ചിടത്ത് ഞങ്ങൾ ജയിച്ചിട്ടുണ്ട്. ഞങ്ങൾ ജയിച്ചിടത്ത് നിങ്ങളും ജയിച്ചിട്ടുണ്ട്.

ശ്രീ. കെ. ബാബു : തെരഞ്ഞെടുപ്പിൽ ജയിച്ചത് സത്യസന്ധതയുടെ ലക്ഷണമായി കണക്കാക്കുകയാണെങ്കിൽ ഫൂലൻദേവി ജയിച്ചതിനെക്കുറിച്ച് ബഹുമാനപ്പെട്ട വേണുഗോപാലിന്റെ അഭിപ്രായം എന്താണ്?

ശ്രീ. കെ.സി. വേണുഗോപാൽ : ബഹുമാനപ്പെട്ട ആനത്തലവട്ടത്തിന് ഈ കാര്യത്തിൽ യാതൊരു സംശയവുമില്ലല്ലോ. അവിശ്വാസ പ്രമേയം ചർച്ച ചെയ്യുന്ന യോഗത്തിൽ തെരഞ്ഞെടുപ്പു കമ്മിഷൻ നിയോഗിക്കുന്ന ഉദ്യോഗസ്ഥൻ അദ്ധ്യക്ഷം വഹിക്കണം. നമ്മൾ വീണ്ടും പഴയതിലേയ്ക്ക് തിരിച്ചുപോകുകയാണ്. യു.ഡി.എഫ്. ഉണ്ടാക്കിയ നിയമമാണ്. യു.ഡി.എഫ്. ഉണ്ടാക്കിയ നിയമത്തിൽ അവിശ്വാസപ്രമേയം ചർച്ച ചെയ്യാൻ ഉദ്യോഗസ്ഥനെ വയ്ക്കണം എന്ന് നിങ്ങൾ പറഞ്ഞു. അതു പോരാ, ജനപ്രതിനിധികൾ വേണം. വൈസ് ചെയർമാനോ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനോ എന്നുള്ള നിർദ്ദേശം വന്നു. ഏതായാലും യു.ഡി.എഫ്. തീരുമാനിച്ചതു തന്നെയാണ് ശരിയെന്ന നിഗമനത്തിൽ അങ്ങ് ഇപ്പോൾ എത്തിച്ചേർന്നിരിക്കുന്നതിൽ സന്തോഷമുണ്ട്. ജില്ലാ പഞ്ചായത്ത് പോലുള്ള സംഘടനകളിൽ അവിശ്വാസം വരുന്നു, കോർപ്പറേഷനിൽ അവിശ്വാസം വരുന്നു, ഇതൊക്കെത്തന്നെ ശബ്ദായമാനമാകാനും സംഭവബഹുലമാകാനും സാദ്ധ്യതയുണ്ട്. തെരഞ്ഞെടുപ്പ് കമ്മീഷൻ നിയോഗിക്കുന്ന ഉദ്യോഗസ്ഥൻ എന്നുപറഞ്ഞാൽ ഡെപ്യൂട്ടി ഡയറക്ടറും അതുപോലുള്ള ഉദ്യോഗസ്ഥൻമാരുമാണെങ്കിൽ പിന്നെന്താണ് സ്ഥിതി? ആ അവിശ്വാസ പ്രമേയം കലങ്ങും. അതുകൊണ്ട് തെരഞ്ഞെടുപ്പ് കമ്മീഷൻ ഉദ്യോഗസ്ഥൻമാർ തന്നെ ജില്ലാ പഞ്ചായത്തിലും കോർപ്പറേഷനിലും യോഗത്തിൽ അദ്ധ്യക്ഷം വഹിക്കട്ടെ. തെരഞ്ഞെടുപ്പു കമ്മിഷഷനല്ല ജുഡീഷ്യറിയുമായി ബന്ധപ്പെട്ട ആൾ വരുന്നതാണ് നല്ലത്. ഇന്ന് ചർച്ച ചെയ്യപ്പെടുന്ന നിയമത്തിൽ തെരഞ്ഞെടുപ്പ് കമ്മിഷന്റെ അധികാരത്തിലേയ്ക്ക് വാർഡ് വിഭജനത്തിന്റെ അധികാരം കൊടുക്കുന്നതോടുകൂടി അതേ കമ്മിഷന്റെ വിശ്വാസ്യത പരിപൂർണ്ണമായും കേരളത്തിന് നഷ്ടപ്പെട്ടിരിക്കുന്ന സാഹചര്യത്തിലാണ് പടന്ന പഞ്ചായത്തിലേയും പനവൂർ പഞ്ചായത്തിലേയും പ്രശ്നം ഞാൻ ഇവിടെ സൂചിപ്പിച്ചത്. ഇത്തരം ഡെപ്യൂട്ടി ഡയറക്ടർമാരെ വച്ചുകൊണ്ടാണ് വീണ്ടും ഈ പഞ്ചായത്ത് തെരഞ്ഞെടുപ്പിനെ നേരിടാൻ പോകുന്നത്. ഒരു സംശയവും വേണ്ട. ജനഹിതത്തെ അട്ടിമറിച്ച് തീരുമാനമെടുക്കാൻ വേണ്ടിയുള്ള ഗൂഢാലോചന ഈ പഞ്ചായത്ത് തെരഞ്ഞെടുപ്പിന്റെ പിന്നിലുണ്ടെന്ന് പറയുകയാണ്. കാസർഗോഡ് ഡെപ്യൂട്ടി ഡയറക്ടറുടെമേൽ ഹൈക്കോടതി മുമ്പാകെ കേസ്സ് ഉണ്ടല്ലോ. ഉത്തരവാദപ്പെട്ട കാര്യം ചെയ്യാതിരുന്നത്, ജനഹിതത്തെ അട്ടിമറിക്കാൻ ശ്രമിച്ച ഡെപ്യൂട്ടി ഡയറക്ടർക്ക് എതിരായി നടപടി സ്വീകരിച്ച്, ഈ നിയമത്തിൽ ആത്മാർത്ഥതയുണ്ടെങ്കിൽ അങ്ങയുടെ ആത്മാർത്ഥത തെളിയിക്കാൻ തയ്യാറാകണം എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണ വകപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : സർ, ഈ ഭേദഗതി ബില്ലിനെ സംബന്ധിച്ച് ഇവിടെ സംസാരിച്ച ബഹുമാനപ്പെട്ട മെമ്പർമാർ വളരെ പ്രധാനമായും സംസാരിച്ചത് ഇതുമായി ബന്ധപ്പെടാത്ത പ്രശ്നങ്ങളാണ്. ഇവിടെ കൊണ്ടുവന്നിട്ടുള്ള ഭേദഗതി അത്യാവശ്യമാണെന്നുള്ളത് ബഹുമാനപ്പെട്ട മെമ്പർമാരെല്ലാം അംഗീകരിക്കുമല്ലോ. കെട്ടിട നിർമ്മാണ നിയമപ്രകാരം മൂന്ന് മീറ്റർ ദൂരപരിധിയ്ക്കകം പുതുതായി കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി പെർമിഷൻ കൊടുക്കാറില്ല. നിലവിൽ അതിന് നിയമം ഇല്ല. നമ്മുടെ സംസ്ഥാനത്തിൽ മിക്ക പ്രദേശങ്ങളിലും കെട്ടിട നിർമ്മാണ നിയമം കൊണ്ടുവരുന്നതിനുമുമ്പുതന്നെ നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾഉണ്ട്. റോഡിന്റെ വികസനം ആവശ്യമായിവരുമ്പോൾ സ്വാഭാവികമായും ആ കെട്ടിടം പൊളിക്കും. അത്തരത്തിലുള്ള വികസന പ്രവർത്തനങ്ങൾ അടിയന്തിരമായിട്ട് ഇല്ലാത്ത സന്ദർഭത്തിൽ അത്യാവശ്യം അതിന്റെ മേലെ ഒരുനില കൂടി പണിയണം എന്നുള്ള ആവശ്യം നമ്മുടെ സംസ്ഥാനത്തിലെ പലഭാഗത്തുനിന്നും വളരെ ശക്തിയായി ഉന്നയിക്കുകയാണ്. അങ്ങനെ നിർമ്മിക്കണം എന്നുദ്ദേശിക്കുന്ന ആളുകൾ 14 നില കെട്ടിടക്കാരാണ് എന്നൊക്കെപ്പറഞ്ഞാൽ ഞാൻ ആ തർക്കത്തിലേയ്ക്ക് വരുന്നില്ല. പക്ഷേ മഹാഭൂരിപക്ഷം ആളുകളും അത്തരക്കാരല്ലാ എന്നുള്ളത് നിങ്ങൾക്കെല്ലാവർക്കുമറിയാം. തൽക്കാലം അത്തരം ആളുകൾക്ക് അവിടെ ഒന്നോ രണ്ടോ നില നിർമ്മിക്കുന്നതിനുവേണ്ടിയുള്ള ഭേദഗതിയാണ് ഈ ബില്ലിലൂടെ കൊണ്ടുവന്നിട്ടുള്ളത്. ചില ആളുകളെ രക്ഷിക്കാൻ വേണ്ടിയാണ് ഇതെല്ലാം കൊണ്ടുവന്നത് എന്നു പറഞ്ഞാൽ ..... വിവാദത്തിലേക്ക് പോകാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. അതൊക്കെ കഴിഞ്ഞ പ്രാവശ്യം ഞാൻ പറഞ്ഞിട്ടുള്ളതുപോലെ 'തന്നെപ്പോലെ തന്റെ അയൽക്കാരനേയും വിശ്വസിക്കണം' എന്ന് കാണുന്ന കാഴ്ചപ്പാടാണ്. കഴിഞ്ഞ കാലഘട്ടങ്ങളിൽ ഇവിടെ ഉയർന്നുവന്നിട്ടുള്ള കെട്ടിടങ്ങളുടെ സ്ഥിതി വേണമെങ്കിൽ നിങ്ങൾക്കു പരിശോധിക്കാമല്ലോ. ഞാൻ അതിലേയ്ക്ക് പോകുന്നില്ല. പിന്നെ ഇവിടെ രണ്ടാമതു പറഞ്ഞു യു.ഡി.എഫ്. പറഞ്ഞതാണ് ശരി എന്ന്. നിങ്ങൾ പറഞ്ഞിട്ടുള്ള ശരി അംഗീകരിക്കുന്നതിൽ യാതൊരു തരത്തിലുള്ള ബുദ്ധിമുട്ടും ഞങ്ങൾക്കില്ല. യു.ഡി.എഫ്. തന്നെ, ഇവിടെ നിലവിലുണ്ടായിരുന്ന ആദ്യത്തെ പഞ്ചായത്ത് നിയമത്തിൽ നിന്ന് വളരെ വ്യത്യസ്തമായിട്ടുള്ള നിയമമല്ലേ 1994-ൽ കൊണ്ടുവന്നത്? എന്തേ അത്തരത്തിലൊരു നിയമനിർമ്മാണത്തിന്റെ ആവശ്യം വന്നത്? തദ്ദേശ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം നമ്മുടെ കാഴ്ചപ്പാടുതന്നെ മാറി. വെറും നോക്കുകുത്തികളായി യാതൊരു അധികാരവും ഇല്ലാതെ ഇരിക്കേണ്ട ഒരു സ്ഥിതിയല്ല. ധാരാളം അധികാരം കൊടുക്കണമെന്നുള്ളത് കണ്ട് അതിന്റെ അടിസ്ഥാനത്തിലാണ് ഭരണഘടനാ ഭേദഗതിയും അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളിൽ നിയമനിർമ്മാണവും വന്നത്. പക്ഷേ കേരളത്തിൽ അന്ന് പാസ്സാക്കിയ നിയമം ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലേതിനെ അപേക്ഷിച്ച് മെച്ചപ്പെട്ട നിയമമാണ്. അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ തെരഞ്ഞെടുപ്പ് കഴിഞ്ഞ് പുതുതായി അധികാരത്തിൽ വന്നിട്ടുള്ള സമിതികളുടെ ഭരണഘട്ടത്തിലാണ് ഈ ഗവൺമെന്റ് വന്നത്. ഈ ഗവൺമെന്റ് വരുമ്പോൾ ധാരാളം അധികാരം കിട്ടിയിട്ടുള്ള തദ്ദേശ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം അധികാരം കെട്ടി തലയിൽ വച്ചാൽ പോരല്ലോ. മാതൃകയുണ്ട്. പ്രവർത്തിക്കാനാവശ്യമായ ഫണ്ടാണ് അവരുടെ മുമ്പിൽ പ്രധാനപ്പെട്ട പ്രശ്നം. വളരെ മാതൃകാപരമായി ഇന്ത്യാരാജ്യത്ത് ഒരു സംസ്ഥാനത്തുമില്ലാത്ത വിധം അരും ഈ ഗവൺമെന്റ് കൊടുത്തു. അങ്ങനെ ജനപ്രതിനിധികളെ സംബന്ധിച്ചിട

LIBRARY ARCHIVES Kerala Legislative Assembly

ത്തോളം അവരെ കൂടുതൽ അംഗീകരിക്കാനും അധികാരം കൊടുക്കാനും തയ്യാറായ സാഹചര്യത്തിൽ അവിശ്വാസപ്രമേയം പോലെയുള്ള കാര്യങ്ങൾ വന്നിട്ടുണ്ടെങ്കിലും ജനപ്രതിനിധികൾക്ക്തന്നെ അതിനെ സംബന്ധിച്ചിട ത്തോളം നല്ല രീതിയിൽ തീരുമാനമെടുക്കാൻ കഴിയണം. ആ ജനപ്രതിനിധി കളിൽ വിശ്വാസമർപ്പിച്ചുകൊണ്ട് ഒരു പുതിയ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തി ലാണ് നമ്മൾ നിയമം കൊണ്ടുവന്നത്. അതിന്റെ അടിസ്ഥാനത്തിൽ പിന്നീട് വന്നിട്ടുള്ള അവിശ്വാസ പ്രമേയങ്ങളുടെ പരിഗണനയിലും അതുപോലുള്ള കാര്യങ്ങളിലും 95% പഞ്ചായത്തുകളും ആ ഉന്നതമായ മാനദണ്ഡം വച്ചു കൊണ്ട് സത്യസന്ധമായി പെരുമാറി. പക്ഷേ ഒന്നോ, രണ്ടോ പഞ്ചാത്ത് മറിച്ച് പെരുമാറിയെങ്കിൽപോലും അത് നിസ്സാരപ്പെട്ട പ്രശ്നമല്ലല്ലോ. അതിന്റെ ഫല മായി ആ പഞ്ചായത്തിൽ സ്തംഭനമാണ്. യാതൊരു കാര്യങ്ങളും നടക്കു ന്നില്ല. അതൊഴിവാക്കുന്നതിനുവേണ്ടി സന്തോഷത്തോടുകൂടിയല്ല ഈ ഭേദ ഗതി കൊണ്ടുവന്നത്. നമ്മുടെ ജനപ്രതിനിധികളിൽ ചിലർക്കെങ്കിലും അവ രുടെ ഉന്നതമായിട്ടുള്ള സ്ഥാനം വച്ചുകൊണ്ട് ഉയരാൻ കഴിഞ്ഞില്ല എന്നുള്ള ദുഃഖത്തോടുകൂടിയാണ് ഈ ഭേദഗതി കൊണ്ടുവരുന്നത്. അതാണ് ഇതിന് ഇടവന്നത്. അതിനെ നാറാണത്ത് ഭ്രാന്തന്റെ പട്ടികയിലേയ്ക്ക് കൂട്ടിച്ചേർത്തത് ബുദ്ധിമാനായ ശ്രീ. സൂപ്പിയുടെ കണ്ടുപിടിത്തമാണ്. അതിനെ സംബന്ധിച്ച് എനിക്കൊന്നും പറയാനില്ല. ബഹുമാനപ്പെട്ട അബ്ദുറബ്ബ് കൊണ്ടുവന്നിട്ടുള്ള ഒരു ഭേദഗതി ശിക്ഷണ നടപടിയെടുക്കുമ്പോൾ അഞ്ചുകൊല്ലം എന്നുള്ള താണ്, നേരെ മറിച്ച് കൗൺസിലിന്റെ കാലാവധി കഴിയുന്നതുവരെ എന്ന് പറ ഞ്ഞാൽ കൗൺസിലിന്റെ കാലാവധി തീരുന്നതിന്റെ തൊട്ടടുത്ത ആഴ്ച നട പടി എടുത്തിട്ടുണ്ടെന്നുണ്ടെങ്കിൽ അത് കഴിഞ്ഞാൽ തീർന്നു. അങ്ങനെ അത്ര ലാഘവത്തോടുകൂടി കാര്യങ്ങൾ പോകുന്നത് ശരിയല്ല. അഞ്ചുകൊല്ലം നിൽക്കുന്നതാണ് നല്ലത് എന്നുള്ളതുകൊണ്ടാണ്. അക്കാര്യം ചർച്ചചെയ്യു മ്പോൾ നമുക്ക് ബോദ്ധ്യപ്പെടുന്നതാണ്. അതിലൊരു തർക്കത്തിന്റെ കാര്യമില്ല. മറ്റൊരുകാര്യം പറഞ്ഞത് ഇതിന്റെ കാലാവധി, ഇത് നടപ്പിൽ വരുന്നത് 2001 ജനുവരി വരെ നീട്ടുന്നു. അതുവരെയുള്ള അനധികൃത നിർമ്മാണം ഇപ്പോൾത്തന്നെ ക്രമവൽക്കരിക്കുമെന്നുള്ളത് ആരീതിയിൽ പറയുന്നത് ശരി യല്ലല്ലോ. ഇപ്പോൾ അത്കൊണ്ടുവരേണ്ട കാര്യമില്ല. ഇന്ന് നിലവിലുള്ള ആ രീതിയിൽ പരിഹരിക്കുന്നതിനുവേണ്ടിയുള്ള വ്യവസ്ഥയുണ്ട്. പഞ്ചായത്തുക ളിലാണെന്നുണ്ടെങ്കിൽ ഇത് വരാൻ പോകുന്നത് 2001-ലാണ്. അപ്പോൾ ആ പ്രശ്നം വരുന്നില്ല. പിന്നെ ഹൈവേ സംരക്ഷണ നിയമവും ഇതുംതമ്മിൽ വൈരുദ്ധ്യമുണ്ടെന്നുള്ളതാണ്. അത്ര വ്യക്തമായി അതിനെ സംബന്ധിച്ചുള്ള വൈദഗ്ദ്ധ്യം എനിക്കില്ല. ഇല്ല എന്നുള്ള ഒരു ധാരണയിലാണ് കൊണ്ടുവന്നത്. ഉണ്ടെന്നുണ്ടെങ്കിൽ നമുക്ക് അത് പരിഹരിക്കാം. രണ്ടും തമ്മിൽ കൂട്ടിമുട്ടുന്ന പ്രശ്നമുണ്ടാകില്ല. ഇത് നീട്ടിക്കൊടുക്കുന്നതിന്റെ ഫലമായി കേരളത്തിൽ അനധികൃതമായി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളുടെ നിർമ്മാണമെല്ലാം ക്രമ വൽക്കരിച്ചുകൊടുക്കാനാണ് എന്നുള്ള ഒരു ധാരണയിലാണ് പലരും സംസാ രിക്കുന്നത്. അത് ബന്ധപ്പെട്ടവരുടെ മുമ്പിൽ വരുന്ന സമയത്ത് തെറ്റായ രീതി യിൽ നിർമ്മാണം നടത്തിയിട്ടുള്ള ഒരു കെട്ടിടംപോലും ഈ ഗവൺമെന്റ് അനുവദിച്ചിട്ടില്ല. ഒഴിപ്പിക്കുന്നതതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഡസൻ കണക്കിന് കെട്ടിടങ്ങൾ ഈ ഗവൺമെന്റ് വന്നതിനുശേഷം ഒഴപ്പിച്ചി ട്ടുണ്ട്. അതിൽ ഏറിയകൂറും വലിയ കെട്ടിടങ്ങളാണ്. ചട്ടവിരുദ്ധമായ ചിലതു ണ്ടാകും. അത് അവരുടെ കയ്യിൽനിന്ന് എഗ്രിമെന്റ് വാങ്ങിച്ചിട്ട് തൽക്കാലം ക്രമവൽക്കരിച്ചുകൊടുക്കുന്ന ഏർപ്പാടാണ്. ഏതോ ചില ആളുകളുടെ കെട്ടി

LIBRARY ARCHIVES Kerala Legislative Assembly

ടത്തെ കണ്ടുവച്ചിട്ടുണ്ട്. അത് സംരക്ഷിച്ചു കൊടുക്കാനാണെന്നുള്ള രീതിയി ലാണ് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത്. ആ രീതിയിലുള്ള വിമർശനം ശരിയല്ല. അങ്ങനെ ഉണ്ടെന്നുണ്ടെങ്കിൽ ഏതോ എന്ന് പറയേണ്ടല്ലോ. കേരളം വളരെ ചെറിയ ഒരു സംസ്ഥാനമാണ്. എല്ലാവർക്കും നേരിട്ട് പലപ്പോഴും കാണാനും ബന്ധപ്പെടാനുമൊക്കെ കഴിയുന്നതാണ്. ആ രീതിയിൽ എന്തെ ങ്കിലും നടന്നിട്ടുണ്ടെങ്കിൽ അത് പറയാം. എന്റെ ശ്രദ്ധയിൽ വന്നു, ഞാൻ അനുവദിച്ചു കൊടുത്തു എന്നുള്ളത് ശരിയല്ല. ശ്രദ്ധയിൽവരാത്ത കാര്യം പല തലങ്ങളിലും അനുവദിച്ചുകൊടുക്കാനുള്ള വ്യവസ്ഥയുണ്ട്. എന്തെങ്കിലും വന്നിട്ടുണ്ടെന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ച് പരാതി കിട്ടിയാൽ പരിശോ ധിക്കുന്നുണ്ട്. ബഹുമാനപ്പെട്ട സൂപ്പി പെരിന്തൽമണ്ണയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ സംബന്ധിച്ച് പറഞ്ഞു. ഇവിടെ ഏതാണ്ട് 1214-ഓളം തദ്ദേശ സ്ഥാപനങ്ങളുണ്ട്. ആര് ഭരിക്കുന്നു എന്നുള്ളതല്ല. ആ തദ്ദേശസ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം നിയമസഭ അംഗീകരിച്ചിട്ടുള്ളത് എന്താണ്? ഗവൺമെന്റ് ഒരു മാനദണ്ഡം വച്ചുകൊണ്ട് അവർക്ക് ഫണ്ട് കൊടുത്തു. ആ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ സെക്ടറെല്ലാം തിരിച്ച്, എസ്.സി/എസ്.ടി. തുടങ്ങിയ വിഭാഗങ്ങളെ സംബന്ധിച്ച് ചില മാർഗ്ഗനിർദ്ദേശ ങ്ങൾ കൊടുക്കുകയും ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പദ്ധതി കൾ തയ്യാറാക്കാനുള്ള പൂർണ്ണ അധികാരം അവർക്കല്ലേ? ഇത് സംബന്ധിച്ച് ചർച്ച ചെയ്യുന്ന ഘട്ടത്തിൽ കഴിഞ്ഞ തവണ ഓരോ വാർഡിനും പണത്തിന്റെ ഇത്ര വിഹിതം എന്നുള്ളത് വയ്ക്കണം, വയ്ക്കണ്ട എന്നുള്ള തർക്കം വന്നത് നമ്മൾ അംഗീകരിച്ചില്ല. പൊതുവിൽ വേറൊരു ആക്ഷേപമുണ്ടായി. കിട്ടുന്ന പണം എല്ലാ വാർഡുകളിലേക്കും തുല്യമായി വീതിക്കുന്നു. അങ്ങനെ വിക സനം മുരടിക്കുന്നു. ഫലപ്രദമായി വികസന പ്രവർത്തനം നടത്താൻ കഴിയു ന്നില്ല എന്നുള്ള വിമർശനം വന്നു. അതിലെല്ലാം അവസാന തീരുമാനമെടു ക്കേണ്ട പരമാധികാരികൾ ജനപ്രതിനിധികളാണെന്നുള്ള രീതിയിൽ തീരുമാന ച്ചതിനുശേഷം ഇന്ന വാർഡിൽ ഇന്ന പദ്ധതി എടുക്കണം ഇത്ര കാശ് കൊടു ക്കണമെന്നുള്ളത് ഇവിടെ നിന്ന് നിർദ്ദേശിക്കാമോ? അതേ സമയം തദ്ദേശ ഭ രണസ്ഥാപനങ്ങളിലുള്ള ജനപ്രതിനിധികളെ വിളിച്ചുകൂട്ടുന്ന ഘട്ടത്തിലും അവർക്ക് കൊടുക്കുന്ന നിർദ്ദേശങ്ങളിലും ഗവൺമെന്റ് തരുന്ന ഫണ്ടും നിങ്ങൾ സ്വരൂപിക്കുന്ന ഫണ്ടും ഭരിക്കുന്ന മുന്നണിയുടെയോ, പാർട്ടിക്കാരു ടേയോ അല്ല. അത് രാജ്യത്തുള്ള ജനങ്ങളുടെ ഫണ്ടാണ്. ആ പ്രദേശത്തിന്റെ സമഗ്രമായ വികസനത്തിനുവേണ്ടി പദ്ധതി തയ്യാറാക്കി ചെലവഴിക്കാനുള്ള താണ്. യാതൊരു കാരണവശാലും വിവേചനം കാണിക്കരുതെന്ന് തുടരെത്തു ടരെ ഗവൺമെന്റ് പറഞ്ഞുകൊണ്ടിരിക്കുന്നുണ്ട്. ആ പറയുന്നത് 100 ശതമാ നവും പാലിക്കപ്പെടുന്നുണ്ടല്ലോ? ഇല്ല. 100 ശതമാനവും പാലിക്കപ്പെടാത്ത തിൽ പെരിന്തൽമണ്ണ പഞ്ചായത്ത് ഉണ്ടെന്നുള്ളത് പറയാൻ കഴിയുമോ? ഞാൻ രണ്ടു ദിവസം മുമ്പ് ചോദ്യത്തിന് ഉത്തരം പറയുന്ന ഘട്ടത്തിൽ പറഞ്ഞു-എന്താണ് മലപ്പുറം ജില്ലയിലെ സ്ഥിതി? അതെല്ലാം എല്ലാവരും മന സ്സിലാക്കിയിട്ടുണ്ട്.

[1 PM] ബഹുമാനപ്പെട്ട മെമ്പർ ജോണി നെല്ലൂർ പറഞ്ഞ ഊർങ്ങാട്ടിരി പഞ്ചായത്തിനെ സംബന്ധിച്ച് വളരെ നന്നായിട്ട് മനസ്സിലാക്കിയി ട്ടാണ് പറയുന്നത്. അതുകൊണ്ട് സങ്കടമില്ല. അവിടെ മുൻ പ്രസി ഡന്റായ ഷൗക്കത്തലിക്ക് റോഡ് കൊടുത്തില്ല. അതുകൊണ്ട് ഷൗക്കത്തലി പാലൊളിയിലുള്ള സ്വാധീനം ഉപയോഗപ്പെടുത്തി പദ്ധതി തടഞ്ഞു. എന്താണ് സംഗതി? കഴിഞ്ഞ വർഷത്തെ പദ്ധതി തയ്യാറാക്കുന്ന ഘട്ടത്തിൽ ഗ്രാമസഭ

LIBRARY ARCHIVES Kerala Legislative Assembly

യിൽ അവതരിപ്പിച്ചിട്ടുള്ള റിപ്പോർട്ട് ഒന്ന്. അതുകഴിഞ്ഞ് പഞ്ചായത്ത് അംഗീകരിച്ച് ബി.എൽ.ഇ.സി.ക്കു കൊടുത്ത ലിസ്റ്റ് വേറൊന്ന്. പഞ്ചായത്തിൽ അംഗീകരിക്കപ്പെട്ടതല്ല ഇവിടെ കൊടുത്തത്. അതിന്റെ അടിസ്ഥാനത്തിലാണ് പ്രവർത്തനം നടന്നത്. അതൊരു ജനവഞ്ചനയായിരുന്നു എന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് തടഞ്ഞത്. അല്ലാതെ ഷൗക്കത്തലി ഇടപെട്ടിട്ടില്ല. അതൊക്കെ മനസ്സിലാക്കിയിട്ടാണ് സംസാരിക്കേണ്ടത്. അതുകൊണ്ട് ഈ പറയുന്നതിൽ .....

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ മനസ്സിലാക്കിയത് അനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ തന്ന വിവരം അനുസരിച്ച്, ആ ഉത്തരവാദിത്വത്തോടുകൂടിയാണ് ഞാൻ ഈ നിയമസഭയിൽ പറഞ്ഞത്.

ശ്രീ. കെ. ബാബു :സർ, ഞാൻ ചോദിക്കുന്നത് അങ്ങേയ്ക്കുകൂടി അറിയാവുന്ന ഒരു കാര്യമാണ്. എറണാകുളത്ത് എം.ജി. റോഡിലെ അനധികൃത കെട്ടിടനിർമ്മാണത്തിന്റെ കാര്യം അങ്ങേയ്ക്കറിയാം. അത് കണ്ടുപിടിക്കാൻവേണ്ടി ജി.സി.ഡി.എ. കൊച്ചിൻ കോർപ്പറേഷൻ ടൗൺ പ്ലാനിംഗ് ഡിപ്പാർട്ടുമെന്റ് ഇവ എല്ലാംകൂടി ഒരു കമ്മിറ്റിയെ നിയോഗിച്ചു. ആ കമ്മിറ്റി വിശദമായ പരിശോധന നടത്തി അനധികൃതമായ അനവധി നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. അത് ഈ നിയമത്തിന്റെ പരിധിയിൽ വരുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : ബഹുമാനപ്പെട്ട മെമ്പർ ശ്രദ്ധിച്ചിട്ടുണ്ടാകില്ല. ഞാൻ പറഞ്ഞല്ലോ. ക്രമവൽക്കരിച്ചു കൊടുക്കുക എന്നുപറയുന്നത്, വ്യവസ്ഥകൾ ലംഘിച്ച് കെട്ടിയിട്ടുള്ള മുഴുവൻ കെട്ടിടങ്ങളും ക്രമവൽക്കരിച്ചു കൊടുക്കാൻ കൊണ്ടുവന്നിട്ടുള്ളത് അല്ല. ബിൽഡിംഗ് റൂൾസ് നിലവിലില്ലാത്ത ഒരു കാലഘട്ടത്തിൽ ഒരു കെട്ടിടം വച്ചു. റോഡിന്റെ രണ്ട് മീറ്റർ ഇപ്പുറത്താണ് ആ കെട്ടിടമെങ്കിൽ ഇന്നത്തെ നിയമപ്രകാരമാണെങ്കിൽ ആ കെട്ടിടം പൊളിക്കണം. പൊളിക്കുന്നത് ഒരുപക്ഷെ ഇപ്പോൾ നമ്മൾ ചെയ്യുന്നില്ല. കാരണം എന്താണെന്നുവച്ചാൽ എന്തെങ്കിലും വികസനം വരുന്ന ഘട്ടത്തിലേ പൊളിക്കുകയുള്ളൂ. അതിനു മുകളിൽ ഒരു നില കൂടി പണിയണമെന്നുണ്ടെങ്കിൽ ഇനി അനുവദിക്കാതിരിക്കാൻ നിവൃത്തിയില്ല. ചില വീടുകളെ സംബന്ധിച്ച്, മുകളിൽ മാത്രമല്ല, അതിനപ്പുറമോ ഇപ്പുറമോ, അതിനോട് ചേർത്തോ കെട്ടിടം വയ്ക്കാൻ വയ്യ. ഒരു കുടുംബത്തിൽ കുട്ടികൾ വളർന്നുവരുമ്പോൾ, ഒരു മുറി കൂടി നിർമ്മിക്കണമെന്നുവരുമ്പോൾ സാധ്യമല്ലാത്ത ഒരു അവസ്ഥ ഉണ്ട് എന്നുള്ളതു മനസ്സിലാക്കി അത്തരം കേസ്സുകൾ പരിഹരിക്കുന്നതിനുവേണ്ടിയാണ് ഇത് കൊണ്ടുവന്നിട്ടുള്ളത്. അത് ക്രമവൽക്കരിച്ചു കൊടുക്കുന്ന സമയത്ത് ഇതുപോലുള്ള കാര്യങ്ങൾ പരിഗണിച്ചുകൊണ്ടാണ് ചെയ്യുന്നത്. അതല്ലാതെ 8 നില കെട്ടാനുള്ള പെർമിഷനല്ല.

ശ്രീമതി റോസമ്മ ചാക്കോ : സർ, ബിൽഡിംഗ് റൂൾസ് നിലവിൽവരുന്നതിനുമുമ്പ് പണിത കെട്ടിടങ്ങൾക്ക് കുഴപ്പമില്ല എന്നൊക്കെ ഇപ്പോൾ അങ്ങ് പറഞ്ഞു. രണ്ടും രണ്ടരയും സെന്റ് സ്ഥലമേയുള്ളൂവെങ്കിൽ പൊളിച്ചുനീക്കാൻ പറയില്ല എന്നൊക്കെ പറഞ്ഞത് നല്ലതാണ്. എന്റെ നിയോജകമണ്ഡലത്തിലെ ഒരു കാര്യം പറയാം. എന്റെ നിയോജകമണ്ഡലത്തിലെ മുല്ലശ്ശേരി പഞ്ചായത്ത് വളരെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്തായിരുന്നു. അതൊരു സ്പെഷ്യൽ പഞ്ചായത്ത് അല്ല. അവിടെ 1990-ൽ പണി ആരംഭിച്ച ഒരു കെട്ടിടത്തിന്റെ മിനുക്കു പണികൾ മാത്രമാണ് 1996-ൽ തീർന്നത്. ബാക്കി പണി മുഴുവൻ 1994-ലേ തീർന്നുകഴിഞ്ഞതാണ്. പഞ്ചായത്തിരാജ് ആക്ട് നിലവിൽവരുന്നതിനുമുമ്പു തന്നെ പണി ആരംഭിക്കുകയും ഈ ബിൽ നില

LIBRARY ARCHIVES Kerala Legislative Assembly

വിൽ വരുന്നതിനുമുമ്പുതന്നെ അവസാനിപ്പിക്കുകയും ചെയ്ത കെട്ടിടമാണ്. അവർ. ഇലക്ട്രിക് കണക്ഷനുവേണ്ടി അപേക്ഷകൊടുത്തിട്ട് പഞ്ചായത്തുകാർ അനുവദിക്കുന്നില്ല. ഞാൻ തന്നെ 3 പ്രാവശ്യം അവരുടെ പരാതിയുമായിട്ട് ബഹുമാനപ്പെട്ട മന്ത്രിക്ക് നിവേദനം നൽകി. ഇപ്പോൾ മന്ത്രി വളരെ സൗഹാർദ്ദത്തോടുകൂടി പറഞ്ഞല്ലോ, ഒരു നിലയുള്ളതിനുമേൽ മൂന്നും നാലും നില പണിയാമെന്ന്. ഈ കെട്ടിടത്തിന്റെ കാര്യവുമായി മൂന്നു തവണ ഞാൻ മന്ത്രിയുടെ അടുത്തു പോയതാണ്. മന്ത്രി രണ്ടു പ്രാവശ്യം തെളിവെടുപ്പിന് ആവശ്യപ്പെട്ടതുമാണ്. തെളിവെടുപ്പിന് പഞ്ചായത്തുകാർ ആരും വന്നില്ല. ഒരു ഗ്രാമീണ റോഡാണ്. റോഡിന് 3 മീറ്റർ വീതി ഇല്ല എന്നുപറഞ്ഞ് അത് പഞ്ചായത്തുകാർ നിഷേധിക്കുകയാണ്. വിവേചനം വച്ചുകൊണ്ടാണ് ഇത് ചെയ്യുന്നത്. ഞാൻ മന്ത്രിയോട് പറഞ്ഞിട്ട് മന്ത്രി ഒരു തീരുമാനവും എടുത്തിട്ടില്ല. കച്ചവടം ചെയ്ത് നിത്യവൃത്തി കഴിക്കാൻവേണ്ടിയാണ് അവർ ആ കെട്ടിടം പണിതത്. ഇതുവരേയും അതിന് അപ്രൂവൽ കൊടുക്കാതെയിരിക്കുന്ന പഞ്ചായത്തിന്റെ പ്രവൃത്തിയെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രിയുടെ അഭിപ്രായം എന്താണ്?

<u>ശ്രീ. പാലോളി മുഹമ്മദ് കുട്ടി</u> : അതു സംബന്ധിച്ച് എന്താണ് തകരാറ് എന്നുള്ളതു മനസ്സിലാക്കിയല്ലേ പറയാൻ കഴിയൂ? ഒരു ദിവസംതന്നെ മിക്കവാറും പത്തെഴുപത്തഞ്ച് കെട്ടിടത്തിന്റെ പ്രശ്നം എന്റെ മുമ്പിൽ വരുന്നുണ്ട്. എന്താണെന്ന് മനസ്സിലാക്കിയിട്ട് ചെയ്യാം. അനുവാദം തരാൻ പറ്റാത്തതായിരിക്കും, അതുകൊണ്ട് തന്നിട്ടുണ്ടാകില്ല.

<u>ശ്രീ. ഇസ്ഹാക് കുരിക്കൾ</u> : സർ, എന്റെ നിയോജകമണ്ഡലത്തിലെ ഒരു കാര്യം, അങ്ങ് പറഞ്ഞു പഞ്ചായത്ത് ജനവഞ്ചന കാണിച്ചതുകൊണ്ടാണ് സ്റ്റേ ചെയ്തത് എന്ന്. അങ്ങ് ആലോചിക്കണം. ജനകീയാസൂത്രണത്തെക്കുറിച്ചും അധികാരവികേന്ദ്രീകരണത്തെക്കുറിച്ചും അങ്ങ് പറഞ്ഞു. ഒരു പഞ്ചായത്ത്, ബോർഡിന്റെ തീരുമാനപ്രകാരം നടപടി എടുക്കും. അതിനെക്കുറിച്ച് അന്വേഷിച്ച് നടപടിയെടുക്കുകയല്ലേ വേണ്ടത്? അതേസമയത്ത് 2 വർഷമായി ആ പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾ മുഴുവൻ തടഞ്ഞുനിർത്തിയിരിക്കുന്നത് ശരിയാണോ?

<u>ശ്രീ. പാലോളി മുഹമ്മദ് കുട്ടി</u> : ബഹുമാനപ്പെട്ട മെമ്പർ, ജനപ്രതിനിധികളുടെ ജനാധിപത്യാവകാശത്തെ ഇവിടെ നിഷേധിച്ചില്ല. ജനങ്ങളെയാകെ വഞ്ചിക്കുകയാണ് ആ പഞ്ചായത്തിൽ ചെയ്തത്. അതാണു പ്രശ്നം. ഗ്രാമസഭ വിളിച്ചുകൂട്ടി ജനങ്ങളോട് ഇന്നയിന്ന പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത് എന്നുപറഞ്ഞ് അംഗീകാരം വാങ്ങുന്നു. അതിൽനിന്നും ഒന്നുരണ്ടു പദ്ധതികൾ കൂട്ടിച്ചേർത്ത് അവർക്ക് ഇഷ്ടമുള്ള പദ്ധതികൾ അതിൽ രൂപപ്പെടുത്തിക്കൊടുക്കുന്നു. അവിടെനിന്നും അപ്രൂവൽ വാങ്ങുന്നു. അതിൽനിന്നും ഒന്നുരണ്ടു പദ്ധതികൾ കൂട്ടിച്ചേർത്ത് അവർക്ക് ഇഷ്ടമുള്ള പദ്ധതികൾ അതിൽ രൂപപ്പെടുത്തിക്കൊടുക്കുന്നുണ്ട്. അവിടെനിന്നും അപ്രൂവൽ വാങ്ങുന്നു. അതല്ലാതെയൊന്നുമല്ല. അത് തിരുത്തണം എന്നേ പറഞ്ഞുള്ളൂ. വി.സി.ബി.യുടെ കാര്യം പറഞ്ഞു. അത് നമുക്കൊക്കെ ആവശ്യമുള്ളതാണ്. അത് നിർമ്മിക്കുന്നതിൽ ഗവൺമെന്റ് തടസ്സം നിന്നു. ഇവിടെ 14 ജില്ലകൾക്ക് ഫണ്ട് കൊടുക്കുന്നുണ്ട്. ആ ജില്ലയുടെ വികസനത്തിനുവേണ്ടിയാണ് കൊടുക്കുന്നത്. രണ്ട് ജില്ലകൂടി സഹകരിച്ച് നടത്താത്തതുകൊണ്ട് ചില പദ്ധതികൾ നടക്കുന്നില്ല. അതിന് സംസ്ഥാനതലത്തിൽ മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള ഒരു വികസന സമിതിയുണ്ട്. അതിൽ ആ പ്രശ്നം കൈകാര്യം ചെയ്യാം. മലപ്പുറം ജില്ലയുടെ തൊട്ടടുത്തുകിടക്കുന്ന പാലക്കാട് ജില്ല അറിയാതെ, ഗവൺമെന്റിൽനിന്നും പെർമി

LIBRARY ARCHIVES Kerala Legislative Assembly

ഷൻ വാങ്ങാതെ പാലക്കാട് ജില്ലയിൽ വി.സി.ബി. നിർമ്മിച്ചു. പരാതിവന്ന സമയത്ത് പരിശോധനയിൽ വിട്ടു. ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തു, രണ്ടാമത്, അവിടെനിന്നും അന്വേഷണത്തിന് അയച്ചു. പാലക്കാട് ജില്ലയാണെന്നു ബോധ്യപ്പെട്ടു. അതു ശരിയല്ല എന്നുപറഞ്ഞ് നിർത്തിവച്ചു. അതിൽ എന്താണ് തെറ്റ്? അതല്ലാതെ വന്നിട്ടുണ്ടെങ്കിൽ പാലക്കാട് ജില്ലക്കാർ ഇടുക്കിയിൽ കൊണ്ടുപോയി വികസനം നടത്തില്ലേ? ആ ഒരു സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ വിടാമോ? തെറ്റാണെന്നുള്ളതുകൊണ്ടാണ് അത് ചെയ്തത്. വിദഗ്ദ്ധ സമിതിയെ സംബന്ധിച്ച് ഈ സഭയിൽ ഞാൻ പറഞ്ഞതാണ്. പുറത്തും പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർമാർക്ക് അത് കേട്ട സമയം മുതൽ അസഹ്യതയായിരിക്കും. തദ്ദേശ ഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം വിദഗ്ദ്ധ സമിതിയോ, അതല്ലെങ്കിൽ അവർ നിർവ്വഹിച്ചിരിക്കുന്ന ചുമതല നിർവ്വഹിക്കാൻ പറ്റുന്ന സംവിധാനമോ ഇല്ലാതെ നമ്മൾ ഈ പണം കൊടുക്കുന്നതിൽ യാതൊരു അർത്ഥവും ഇല്ല. അവർക്ക് ചെലവഴിക്കാൻ കഴിയില്ല. അത് നിർവ്വഹിക്കുന്നതിനുവേണ്ടിയാണ് ഉദ്യോഗസ്ഥ പുനർവിന്യാസം എന്നുള്ളത് നമ്മൾ കണ്ടത്. ഞാൻ അന്നേ പറഞ്ഞിട്ടുള്ളതാണ്, ആ നടപടിക്രമം പൂർത്തീകരിച്ചാൽ പിറ്റേ ദിവസം നിലവിലുള്ള ഈ സംവിധാനം ഒഴിവാക്കും. ഇത് നീട്ടിക്കൊണ്ടുപോകുന്നത് ബോധപൂർവ്വമല്ല. അത് മനസ്സിലാക്കണം. മിക്കവാറും അതിന്റെ കാര്യങ്ങളെല്ലാമായി. ഏപ്രിൽ മാസത്തിൽ ഈ പഞ്ചായത്തുകളിലേയ്ക്ക് പുനർവിന്യസിക്കപ്പെട്ട ഉദ്യോഗസ്ഥൻമാർ ചാർജ്ജെടുക്കണം എന്നുള്ള രീതിയിലാണ് ഇപ്പോൾ വർക്ക് ചെയ്യുന്നത്. അതുവരെ ഇത് തുടരും.

മി. സ്പീക്കർ : ശ്രീ. നാലകത്തു സൂപ്പി അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. നാലകത്ത് സൂപ്പി : ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ : ഭേദഗതിയെ അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

മി. സ്പീക്കർ : ശ്രീ. കെ.സി. വേണുഗോപാൽ അതവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ.സി. വേണുഗോപാൽ : ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ : ഭേദഗതിയെ അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2000-ത്തിലെ കേരള പഞ്ചായത്തീരാജ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു

2-ാം വകുപ്പ്

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

(204) 2-ാം ഖണ്ഡപ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 1(3) ന്റെ ക്ലിപ്ത നിബന്ധനയിൽ "2000 ഏപ്രിൽ മാസം" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും "2001 ജനുവരി മാസം" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതുണ്ട്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(109) 2-ാം ഖണ്ഡപ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 1(3)-ന്റെ ക്ലിപ്ത നിബന്ധനയിൽ "ഏപ്രിൽ മാസം 1-ാം തീയതി" എന്നതിനുപകരം "ജൂലായ് മാസം 1-ാം തീയതി" എന്ന് ചേർക്കുക.

ശ്രീ. പി.കെ. അബ്ദുറബ്ബ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(110) 2-ാം ഖണ്ഡപ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്നപ്രധാന ആക്ടിലെ വകുപ്പ് 1(3)-ന്റെ ക്ലിപ്ത നിബന്ധന താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക:

"എന്നാൽ 235A മുതൽ 235A ഇസഡ് വരെയുള്ള വകുപ്പുകൾ 2000 ഒക്ടോബർ ഒന്നാം തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്".

ഇതിനേക്കാൾ അധികമുള്ള റിലാക്സേഷൻ മന്ത്രി വരുത്തിയിട്ടുണ്ട്.

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(113) 2-ാം ഖണ്ഡപ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 1(3)-ന്റെ ക്ലിപ്ത നിബന്ധനയിൽ "2000 ഏപ്രിൽ മാസം 1-ാം തീയതി" എന്നതിനുപകരം "സർക്കാർ വിജ്ഞാപനംമൂലം നിശ്ചയിക്കുന്ന തീയതി മുതൽ" എന്നു ചേർക്കുക.

2000 ഏപ്രിൽ മാസം 1-ാം തീയതി എന്നതിനുപകരം സർക്കാർ വിജ്ഞാപനംമൂലം നിശ്ചയിക്കുന്ന തീയതി മുതൽ എന്നാക്കണം എന്നുള്ളതാണ് എന്റെ ഭേദഗതി.

മി. സ്പീക്കർ : മറ്റു ഭേദഗതികൾ ഓർഡറില്ല.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : ഔദ്യോഗിക ഭേദഗതി അംഗീകരിക്കണം എന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 204-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

സർവ്വശ്രീ ഡൊമിനിക് പ്രസന്റേഷൻ, പി.കെ. അബ്ദു റബ്ബ്, ജോണി നെല്ലൂർ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പു ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(115) 3-ാം ഖണ്ഡപ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 10(4)-ൽ "സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷനോ അത് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ" എന്നതിനുപകരം "സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷനോ അത് ഈ ആവശ്യത്തിലേക്കായി മുൻകൂട്ടി വിജ്ഞാപനം ചെയ്തിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ" എന്ന് ചേർക്കുക.

"അത് അധികാരപ്പെടുത്തിയ സംസ്ഥാന തെരഞ്ഞെടുപ്പു കമ്മിഷനോ, ഉദ്യോഗസ്ഥനോ" എന്നതിനുപകരം "സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷനോ അത് ഈ ആവശ്യത്തിലേയ്ക്കായി മുൻകൂട്ടി വിജ്ഞാപനം ചെയ്തിട്ടുള്ള ഉദ്യോഗസ്ഥനോ" എന്നത് കുറേക്കൂടി വ്യക്തതയുണ്ടാക്കാൻ വേണ്ടിയാണ്.

ശ്രീ. കെ.സി. ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(116) 3-ാം ഖണ്ഡപ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പു 10(4)-ൽ " സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷനോ അത് അധികാരപ്പെടുത്തിയ" എന്ന വാക്കിനുശേഷം "ആർ.ഡി.ഒ.യുടെ റാങ്കിൽ കുറയാത്ത ഒരു" എന്ന് ചേർക്കണം.

ശ്രീ. പി.ജെ. ജോയി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(117) 3-ാം ഖണ്ഡപ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പു 10(4)-ൽ "അത് അധികാരപ്പെടുത്തിയ" എന്നതിനുശേഷം "ഒരു പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പദവിയിൽ കുറയാത്ത/ പദവിയിലുള്ള" എന്ന് ചേർക്കുക.

ഇതിന്റെ കോപ്പി കൊടുക്കുന്ന കാര്യത്തെപ്പറ്റിയാണ്. "ഇലക്ഷൻ കമ്മിഷൻ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ" എന്നതിനുപകരം സ്പെസിഫൈ ചെയ്ത് പറയണം. അത് ഡെപ്യൂട്ടി ഡയറക്ടറുടെ പദവിയിൽ കുറയാത്ത ഒരാൾ എന്ന് ഭേദഗതി ചെയ്യണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. കെ.സി. വേണുഗോപാൽ : സർ, ഞാൻ താഴെപറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(118) 3-ാം ഖണ്ഡപ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പു 10(4)-ൽ "അത് അധികാരപ്പെടുത്തിയ" എന്നതിനുശേഷം "ജില്ലാ പഞ്ചായത്ത് ഓഫീസുകളുടെ പദവിയിൽ താഴെയല്ലാത്ത പദവിയുള്ള" എന്നു ചേർക്കുക.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : ഭേദഗതികൾ സ്വീകാര്യമല്ല.

സർവ്വശ്രീ ജോണി നെല്ലൂർ, കെ.സി. ജോസഫ്, പി.ജെ. ജോയി, കെ. സി. വേണുഗോപാൽ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.സി. ജോസഫ് : സർ, ഞാൻ താഴെപറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(128) 4-ാം ഖണ്ഡപ്രകാരം പുതുതായി ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പു 10 എ (1)-ൽ "സ്വമേധയായോ അല്ലെങ്കിൽ" എന്ന വാക്കുകൾ നീക്കം ചെയ്യുക.

(129) 4-ാം ഖണ്ഡപ്രകാരം പുതുതായി ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിന്റെ വകുപ്പ് 10 എ (1)-ൽ "സ്വമേധയായോ അല്ലെങ്കിൽ അപേക്ഷയിൻമേലോ" എന്ന വാക്കുകൾക്ക് പകരം "അതിനായുള്ള അപേക്ഷയിൻമേൽ" എന്ന് ചേർക്കുക.

(140) 4-ാം ഖണ്ഡപ്രകാരം പുതുതായി ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 10 എ വകുപ്പിന്റെ (2)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധനകൂടി ചേർക്കുക:

"എന്നാൽ ഇപ്രകാരമുള്ള ഉത്തരവിനെതിരെ പരാതിയുള്ളപക്ഷം ഉത്തരവിന്റെ പകർപ്പ് ലഭിച്ച് 15 ദിവസത്തിനകം നിയമപ്രകാരം ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്".

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(130) 4-ാം ഖണ്ഡപ്രകാരം പുതുതായി ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 10 എ വകുപ്പിൽ (1)-ാം ഉപവകുപ്പിൽ "അതിന് യുക്തമെന്ന് തോന്നുന്ന ഉത്തരവ് പുറപ്പെടുവിക്കാവുന്നതും ആണ്" എന്ന വാക്കുകൾക്കുപകരം 'ആക്ഷേപങ്ങളും അഭിപ്രായങ്ങളും എന്തെങ്കിലുമുണ്ടെങ്കിൽ അവ ക്ഷണിച്ചുകൊണ്ട് പുതുക്കിയ നിർദ്ദേശങ്ങൾ അതിനുള്ള കാരണങ്ങൾ സഹിതം പ്രസിദ്ധീകരിച്ചതിനുശേഷവും ആക്ഷേപങ്ങളോ അഭിപ്രായങ്ങളോ ഉണ്ടെങ്കിൽ അവ പരിഗണിച്ചതിനുശേഷവും, അതിന് യുക്തമെന്ന് തോന്നുന്ന ഉത്തരവു പുറപ്പെടുവിക്കാവുന്നതും ആകുന്നു" എന്ന് ചേർക്കേണ്ടതാണ്.

(133) 4-ാം ഖണ്ഡപ്രകാരം പ്രധാന ആക്ടിൽ പുതുതായി ചേർക്കാനുദ്ദേശിക്കുന്ന 10 എ വകുപ്പിന്റെ (2)-ാം ഉപവകുപ്പിലും അതിന്റെ ക്ലിപ്ത നിബന്ധനയിലും "പതിനഞ്ച്" എന്ന വാക്കിനുപകരം "നാൽപ്പത്തിയഞ്ച്" എന്ന വാക്ക് ചേർക്കുക.

(146) 4-ാം ഖണ്ഡപ്രകാരം പുതുതായി ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 10 എ വകുപ്പിന്റെ (3)-ാം ഉപവകുപ്പിൽ "നിയമസഭയിൽ പ്രാതിനിധ്യമുള്ള എല്ലാ രാഷ്ട്രീയകക്ഷികളുടേയും" എന്ന വാക്കുകൾക്കുപകരം "നിയമസഭയിൽ പ്രാതിനിധ്യമുള്ളതോ ബന്ധപ്പെട്ട പഞ്ചായത്തിൽ പ്രാതിനിധ്യമുള്ളതോ ആയ എല്ലാ രാഷ്ട്രീയ കക്ഷികളുടേയും" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(131) 4-ാം ഖണ്ഡപ്രകാരം പുതുതായി ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 10 എ (1)-ൽ താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.

"എന്നാൽ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചുകഴിഞ്ഞ് നാൽപ്പത്തിയഞ്ച് ദിവസങ്ങൾക്കുശേഷം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷൻ യാതൊരു കാര

ണവശാലും അത് സ്വമേധയാ പുനഃപരിശോധനയ്ക്ക് വിധേയമാക്കുവാൻ പാടില്ലാത്തതാകുന്നു''.

ഇതിൽ ഒരുകാര്യം പറയാനുള്ളത് ഏതവസരത്തിലും ഇലക്ഷൻ കമ്മിഷൻ ഇത് പുനഃപരിശോധിക്കാനുള്ള അവസരമുണ്ട്. ഫൈനൽ ലിസ്റ്റ് വന്ന് 45 ദിവസമേ കൊടുക്കാവൂ. അതിൽകൂടുതൽ കൊടുക്കുവാൻ പാടില്ല എന്നാണ് എന്റെ ഭേദഗതി.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(138) 4-ാം ഖണ്ഡപ്രകാരം പുതുതായി ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 10 എ വകുപ്പിന്റെ (2)-ാം ഉപവകുപ്പിലും അതിന്റെ ക്ലിപ്ത നിബന്ധനയിലും ''പതിനഞ്ച്'' എന്നതിനുപകരം '' ഇരുപത്തിയൊന്ന്'' എന്ന് ചേർക്കുക.

ശ്രീ. എ.കെ. മണി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(144) 4-ാം ഖണ്ഡപ്രകാരം പുതുതായി ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 10 എ വകുപ്പിന്റെ (3)-ാം ഉപവകുപ്പിൽ ''പ്രാദേശിക പത്രങ്ങൾ'' എന്നതിനുപകരം 'പ്രാദേശിക ഭാഷാപത്രങ്ങൾ' എന്നു ചേർക്കുക.

ശ്രീ. പി.ജെ. ജോയി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(145) 4-ാം ഖണ്ഡപ്രകാരം പുതുതായി ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 10 എ വകുപ്പിന്റെ (3)-ാം ഉപവകുപ്പിൽ ''ഓരോ പ്രതി'' എന്നതിനും ''നിയമസഭയിൽ'' എന്നതിനും ഇടയിൽ ''വീതം'' എന്നവാക്ക് ചേർക്കുക.

കുറച്ചുകൂടി ക്ലാരിറ്റിക്കുവേണ്ടിയുള്ള നിർദ്ദേശമാണ്. 'ഓരോ പ്രതി വീതം' എന്നുള്ള വാക്കുകൾവേണം. അത് ക്ലാരിറ്റിക്ക് ആവശ്യമാണ്.

ശ്രീ. തന്വാനൂർ രവി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(147) 4-ാം ഖണ്ഡപ്രകാരം പുതുതായി ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 10 എ വകുപ്പിന്റെ (3)-ാം ഉപവകുപ്പിൽ ''ഓരോ പ്രതി'' എന്നതിനുപകരം ''മൂന്നു പ്രതി വീതം''എന്നു ചേർക്കുക.

ഇപ്പോൾ അപ്രൂവ് പൊളിറ്റിക്കൽ പാർട്ടിക്ക് ഒരു പ്രതിയേ കൊടുക്കുകയുള്ളൂ. മൂന്നു പ്രതികൾ എന്നാക്കണമെന്നാണ് എന്റെ ഭേദഗതി. അത് വളരെ ന്യായമായ കാര്യമാണ്.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : ഭേദഗതികൾ സ്വീകാര്യമല്ല. പ്രതി 'ഒന്ന്' എന്നുള്ളത് ജനറൽ ഇലക്ഷനടക്കം അന്നുകൊടുക്കുന്ന പ്രതിയാണ്. മൂന്നെണ്ണത്തിന്റെ ആവശ്യമില്ല.

സർവ്വശ്രീ കെ.സി. ജോസഫ്, ജോണി നെല്ലൂർ, ആര്യനാട് മുഹമ്മദ്, ഡൊമിനിക് പ്രസന്റേഷൻ, എ.കെ. മണി, പി.ജെ. ജോയി, തന്വാനൂർ രവി എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

4-ാം വകുപ്പു ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

5-ാം വകുപ്പ്

ശ്രീ. കെ.സി. ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(150) 5-ാം ഖണ്ഡപ്രകാരം പുതുതായി ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 149-ാംവകുപ്പിന്റെ (4എ) ഉപവകുപ്പിൽ 'ആകസ്മിക' എന്ന വാക്ക് നീക്കം ചെയ്യുക.

(151) 5-ാം ഖണ്ഡപ്രകാരം പുതുതായി ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 149-ന്റെ (4എ) ഉപവകുപ്പിൽ ''ഏഴു ദിവസത്തിനകം'' എന്നതിനുപകരം ''പത്തുദിവസത്തിനകം'' എന്നു ചേർക്കുക.

ഏതെങ്കിലും തലത്തിലുള്ള പഞ്ചായത്ത് അംഗത്തിന്റെ സ്ഥാനത്തിലുണ്ടാകുന്ന ആകസ്മികമായ ഒഴിവ്. എന്താണ് ആകസ്മികമായ ഒഴിവ് എന്നത് മനസ്സിലാകുന്നില്ല. ഏതൊഴിവാണെങ്കിലും റിപ്പോർട്ട് ചെയ്യണ്ടേ? അതുകൊണ്ട് 'ആകസ്മികം' എന്ന .....

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ പാലോളി മുഹമ്മദ് കുട്ടി) : അതറിയാനുള്ള വ്യവസ്ഥ വേറെയുണ്ടല്ലോ. ഇതിൽ പ്രശ്നമില്ല.

ശ്രീ. കെ.സി. ജോസഫ് : 151-ാമത്തെ ഭേദഗതിയിൽ 7 ദിവസത്തിനകം എന്നുള്ളത് 10 ദിവസത്തിനകം എന്നാക്കണം.

ശ്രീ. തന്നാനൂർ രവി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(152) 5-ാം ഖണ്ഡപ്രകാരം പുതുതായി ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 149-ാം വകുപ്പിന്റെ (4എ) ഉപവകുപ്പിൽ 'ഏഴുദിവസത്തിനകം' എന്നതിനുപകരം 'മൂന്ന് ആഴ്ചയ്ക്കകം' എന്ന് ചേർക്കുക

ഏഴു ദിവസം എന്നുപറയുന്നത് മൂന്നാഴ്ച എന്നാക്കണം. സെക്രട്ടറി ലീവായി വീട്ടിലിരുന്നാൽ എന്തു ചെയ്യും? അതുകൊണ്ട് 3 ആഴ്ച എന്നാക്കണം. ഇപ്പോൾ ധാരാളം പ്രാക്ടിക്കൽ ബുദ്ധിമുട്ടുകൾ വന്നതുകൊണ്ടാണ് പറയുന്നത്.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(157) 5-ാം ഖണ്ഡപ്രകാരം പുതുതായി ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 149 (4എ)യിൽ ''ബന്ധപ്പെട്ട സെക്രട്ടറി'' എന്ന വാക്കുകൾക്കുശേഷം ''രേഖാമൂലം'' എന്ന വാക്ക് ചേർക്കുകയും ''വീഴ്ച വരുത്തുന്ന'' എന്ന വാക്കുകൾക്കുശേഷം താഴെപ്പറയുന്ന വാക്കുകൾ ചേർക്കുകയും ചെയ്യുക.

''സെക്രട്ടറിയെ ആയിരം രൂപയിൽ കവിയാത്ത പിഴ ശിക്ഷയ്ക്ക് വിധേയനാക്കേണ്ടതും ഇതിലേയ്ക്ക് പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷന് അധികാരമുണ്ടായിരിക്കുന്നതുമാണ്''.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(158) 5-ാം ഖണ്ഡപ്രകാരം പുതുതായി ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 149 (4എ)യിൽ 'സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മി

LIBRARY ARCHIVES Kerala Legislative Assembly

ഷനെ അറിയിക്കേണ്ടതും' എന്നതിനുപകരം 'സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷനെ രേഖാമൂലം അറിയിക്കേണ്ടതും' എന്നു ചേർക്കുക.

149 (4എ)യിൽ പറയുന്നത് ആ ഒഴിവുണ്ടായി 7 ദിവസത്തിനകം ബന്ധപ്പെട്ട സെക്രട്ടറി നേരിട്ട് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷനെ അറിയിക്കേണ്ടതാണ് എന്നാണ്. നേരിട്ട് എന്നുപറഞ്ഞാൽ നേരെപോയി പറഞ്ഞാലും മതി. ഞാൻ പറയുന്നത് നേരിട്ട് എന്നല്ല. രേഖാമൂലം എന്നാണ്. അവിടെച്ചെന്ന് സെക്രട്ടറി പറയുകയാണ് ഞാൻ നേരിട്ട് പറഞ്ഞിരുന്നുവെന്ന്. ഇല്ലെന്ന് എങ്ങനെ പറയും? രേഖാമൂലം വേണം.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(159) 5-ാം ഖണ്ഡപ്രകാരം പുതുതായി ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 149-ന്റെ (4എ) ഉപവകുപ്പിൽ 'കമ്മിഷനെ അറിയിക്കുന്നതിൽ' എന്നതിനുപകരം 'പ്രസ്തുത കമ്മിഷനെ അറിയിക്കുന്നതിൽ' എന്നു ചേർക്കുക.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (<u>ശ്രീ. പാലോളി മുഹമ്മദ് കുട്ടി</u>) : ശ്രീ. ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച 158-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച 158-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

സർവ്വശ്രീ കെ.സി. ജോസഫ്, തമ്പാനൂർ രവി, പി.പി. സുലൈമാൻ റാവുത്തർ, ഡൊമിനിക് പ്രസന്റേഷൻ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>6-ാം വകുപ്പ്</u>

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (<u>ശ്രീ പാലോളി മുഹമ്മദ് കുട്ടി</u>) : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(205) 6-ാം ഖണ്ഡത്തിൽ (1)-ാം ഉപഖണ്ഡത്തിന് മുൻപായി താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

(1എ) പ്രധാന ആക്ടിലെ 157-ാം വകുപ്പിൽ (2)-ാം ഉപവകുപ്പിൽ 'സർക്കാർ' എന്ന വാക്കിന് പകരം 'സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷൻ' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(206) ഖണ്ഡം 6(1)-ൽ "പ്രധാന ആക്ടിലെ 157-ാം വകുപ്പിൽ' എന്ന വാക്കുകളും അക്കങ്ങളും വിട്ടുകളയേണ്ടതാണ്.

<u>ശ്രീ. തമ്പാനൂർ രവി</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(162) ഖണ്ഡം 6(1) പ്രകാരം പുതുതായി ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 157-ാം വകുപ്പിന്റെ 5-ാം ഉപവകുപ്പ് നീക്കം ചെയ്യുക.

ഈ ഉപവകുപ്പ് പൂർണ്ണമായും നീക്കം ചെയ്യണമെന്നാണ് എന്റെ ഭേദഗതി.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.സി. വേണുഗോപാൽ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(163) ഖണ്ഡം 6(1) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 157 (5)-ൽ ''സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷൻ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ'' എന്നതിനുപകരം ''സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷനോ അത് അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ'' എന്ന് ചേർക്കുക.

കമ്മിഷനോ അല്ലെങ്കിൽ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ..... ചില സമയത്ത് തെരഞ്ഞെടുപ്പ് കമ്മിഷൻ നേരിട്ട് അദ്ധ്യക്ഷത വഹിക്കേണ്ടിവരും.

ശ്രീ. കെ.സി. ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(165) ഖണ്ഡം 6(1) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 157 (5)-ൽ ''അധികാരപ്പെടുത്തുന്ന'' എന്നും ''ഉദ്യോഗസ്ഥൻ'' എന്നും ഉള്ള വാക്കുകൾക്കിടയിൽ ''ആർ.ഡി.ഒ.യുടെ റാങ്കിൽ കുറയാത്ത ഒരു'' എന്നു ചേർക്കുക.

ഈ ഗവൺമെന്റിന്റെ ആലോചനയില്ലായ്മകൊണ്ടുതന്നെയാണ് ..... പഞ്ചായത്തിരാജിലെ ആദ്യത്തെ ആക്ടിലെ ഒരു പ്രൊവിഷൻ തന്നെയാണ് ..... ബഹുമാനപ്പെട്ട മന്ത്രി അത് മാറ്റി. പഞ്ചായത്തിന്റെ മെമ്പർമാർ അദ്ധ്യക്ഷരാകുന്ന കീഴ്വഴക്കമുണ്ടാക്കി. മൂഷികസ്ത്രീ വീണ്ടും മൂഷികസ്ത്രീ ആവുകയാണ്. മടങ്ങിപ്പോവുകയാണ്. അങ്ങനെ ചെയ്യുമ്പോൾ ശരിയല്ലേ ഇത്? എന്താണ് മാറ്റം വരുത്തിയത്? വീണ്ടുവിചാരമില്ലാതെ ..... പല അനുഭവങ്ങളുമുണ്ട്. പയ്യാവൂരടക്കം ഇലക്ഷൻ കമ്മിഷൻ നിയോഗിക്കുന്ന ഉദ്യോഗസ്ഥന് ആരെവേണമെങ്കിലും നിയോഗിക്കാമല്ലോ. എൽ.ഡി.ക്ലാർക്കിനെ വേണമെങ്കിലും അയയ്ക്കാം. അതുപോരാ ആർ.ഡി.ഒ.യുടെ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ എന്ന് ചേർക്കണം. കാരണം ഇത്രയും പ്രധാനപ്പെട്ട യോഗത്തിൽ വളരെയേറെ തർക്കങ്ങളുണ്ടാകും, പ്രശ്നങ്ങളുണ്ടാകും. ഉദ്യോഗസ്ഥൻ ഏതു റാങ്കിലാണെന്ന് ഡിഫൈൻ ചെയ്യേണ്ടത് ആ യോഗത്തിന്റെ സ്മൂത്തായ ഹാൻഡ്ഷനിംഗ് ആവശ്യമായ കാര്യമാണ്. അതുകൊണ്ടാണ് ഇത് അവതരിപ്പിക്കുന്നത്.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : സർ, അവിശ്വാസ പ്രമേയങ്ങൾ സംബന്ധിച്ച ചർച്ച നടക്കുമ്പോൾ പോലും, യോഗം നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള ആളെ ചുമതലപ്പെടുത്തുന്നത് ഇലക്ഷൻ കമ്മിഷനാണ്. അതിന്റെ ഗൗരവത്തോടുകൂടി അതിനു പറ്റുന്ന ആളുകളെ നിയമിക്കുവാൻ ഇലക്ഷൻ കമ്മിഷനേ സാധിക്കുകയുള്ളൂ എന്നതാണ് നമ്മൾ കണേണ്ടത്. അതിന്റെ അടിസ്ഥാനത്തിൽ ആ ഭേദഗതി സ്വീകരിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച (205), (206) എന്നീ ഭേദഗതികൾ സഭ അംഗീകരിച്ചു.

സർവ്വശ്രീ തമ്പാനൂർ രവി, കെ.സി. വേണുഗോപാൽ, കെ.സി. ജോസഫ് എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

7-ാം വകുപ്പ്

ശ്രീ. കെ.സി. ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(167) 7-ാം ഖണ്ഡപ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 220 (ബി)യുടെ ഒന്നാം ക്ലിപ്തം നിബന്ധനയിൽ " ഈ ആക്ട്" എന്നതിനുപകം " ഈ വകുപ്പ്" എന്നു ചേർക്കുക.

(182) 7-ാം ഖണ്ഡപ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 220 (ബി)യുടെ മൂന്നാം ക്ലിപ്തം നിബന്ധന നീക്കം ചെയ്യുക.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(168) 7-ാം ഖണ്ഡപ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 220 (ബി)യുടെ ഒന്നാം ക്ലിപ്ത നിബന്ധനയിൽ "നില നിൽക്കുന്ന" എന്നതിനുശേഷം "രണ്ടായിരം ചതുരശ്രഅടി വിസ്തീർണ്ണത്തിൽ കവിയാത്ത" എന്ന് ചേർക്കുക.

(175) 7-ാം ഖണ്ഡപ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 220 (ബി) യുടെ ആദ്യത്തെ ക്ലിപ്ത നിബന്ധനയ്ക്ക്ശേഷം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക;

"എന്നാൽ 1999-ലെ കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം ഹൈവേയായി പ്രഖ്യാപിക്കപ്പെട്ട റോഡുകളിൽ നിലനിൽക്കുന്ന കെട്ടിടങ്ങൾക്ക് ഇതു ബാധകമായിരിക്കുന്നതല്ല."

(186) 7-ാം ഖണ്ഡപ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന ആക്ടിലെ വകുപ്പ് 220 (ബി) യുടെ മൂന്നാം ക്ലിപ്ത നിബന്ധന താഴെപ്പറയും പ്രകാരം പുനഃക്രമീകരിക്കുക.

"എന്നു മാത്രമല്ല നിലവിലുള്ള കെട്ടിടത്തിന്റെ ഭാഗം ഏതെങ്കിലും പൊളിച്ചുമാറ്റേണ്ടിവരുമ്പോൾ അത് ബാക്കിവരുന്ന കെട്ടിടത്തിനെ ദോഷകരമായി ബാധിക്കാത്തവിധത്തിലായിരിക്കും എന്ന് പ്രസ്തുത നഗരാസൂത്രണ പദ്ധതി നടപ്പിലാക്കുന്ന ഏജൻസി ഉറപ്പു വരുത്തേണ്ടതും, ബാക്കിവരുന്ന കെട്ടിട ഭാഗത്ത് എന്തെങ്കിലും കൂട്ടിച്ചേർക്കലുകൾ ഉടമ നടത്തുന്നുവെങ്കിൽ അതിന്റെ സുരക്ഷയും ഉറപ്പും സംബന്ധിച്ച പൂർണ്ണ ഉത്തരവാദിത്വം കെട്ടിട ഉടമയ്ക്കായിരിക്കുന്നതും ആ കർത്തവ്യം സ്വന്തം ചെലവിൽ നിർവ്വഹിക്കേണ്ടതും, ആയതിനുവേണ്ടി യാതൊരു നഷ്ടപരിഹാരവും ആവശ്യപ്പെടുകയില്ലെന്ന് ഒരു സമ്മതപത്രം നൽകേണ്ടതുമാണ്".

മന്ത്രിയുടെ ഇന്റൻഷൻ ഇവിടെ ക്ലാരിഫൈ ചെയ്യാൻ വേണ്ടിയാണ് ഞാൻ പറഞ്ഞത്. അങ്ങ് പറഞ്ഞു വലിയ കെട്ടിടങ്ങൾക്കൊന്നും ഇല്ല. 2000 സ്ക്വയർഫീറ്റ് എന്ന് പറയുമ്പോൾ സാധാരണ കെട്ടിടമാണ്. നമ്മുടെ പല പ്രദേശങ്ങളിലും 10,000, 15,000, 20,000 അടിവരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ ഉണ്ട്. അതിന്റെ മുകളിൽ ഒക്കെ പണിയാണ്. അതിനുപകരം ഒരു ക്ലിപ്തമായ, ഇത്ര ചതുരശ്ര അടി എന്ന് പറയുന്നതായിരിക്കും നല്ലത്. അങ്ങനെയായാൽ നിയമം മിസ്യൂസ് ചെയ്യുന്നത് കുറയും. അതുകൊണ്ടാണ് ഞാൻ 168-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

ഈയിടയ്ക്കാണ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പാസ്സാക്കിയത്. അതനുസരിച്ച് ഏത് റോഡിനേയും ഹൈവേ അതോറിറ്റിയുടെ പരിധിയിൽ വരുന്നതായി പ്രഖ്യാപിക്കാം. അപ്രകാരം പ്രഖ്യാപിച്ചുകഴിഞ്ഞാൽ ഇപ്പോൾ കൊടുക്കുന്ന എക്സംപ്ഷൻ ഇവിടെ ബുദ്ധിമുട്ടായിട്ടുവരും. അതുകൊണ്ട് അക്കാര്യം ആലോചിക്കണം. ഹൈവേ പ്രൊട്ടക്ഷന്റെ പരിധിയിൽ വരുമ്പോൾ തമ്മിൽ തർക്കങ്ങൾ ആകും. അത് ഒഴിവാക്കുവാൻ വേണ്ടിയാണ് ആ ഒരു പ്രൊവൈസോ വേണമെന്ന് ആവശ്യപ്പെട്ടത്.

നിലവിലുള്ള കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊളിച്ചുമാറ്റുന്നതിന് മിക്കവാറും അതോറിറ്റിയുടെ അല്ലെങ്കിൽ പഞ്ചായത്തിന്റെ ആവശ്യത്തിനു വേണ്ടി ആയിരിക്കും. പൊളിച്ചുമാറ്റുന്നതിന്റെ ചെലവ് മുഴുവൻ ഉടമ വഹിക്കണം. കെട്ടിടത്തിന്റെ സുരക്ഷിതത്വം ഉടമയുടെ ചുമതലയിലാണ്. അതു രണ്ടുംകൂടി യോജിക്കുന്നതല്ല. അയാളുടെ ആവശ്യത്തിന് അല്ലാത്ത കാരണത്തിന്, പൊതുകാര്യത്തിനുവേണ്ടി പൊളിച്ചുമാറ്റേണ്ടിവരുമ്പോൾ അതിന്റെ പണം മുടക്കിയില്ലെങ്കിലും ആ കെട്ടിടത്തിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്താനുള്ള ബാധ്യത അതാത് ഏജൻസികൾ ഏറ്റെടുക്കണം. അതിനുവേണ്ടിയുള്ള ഭേദഗതിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.സി. വേണുഗോപാൽ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(177) 7-ാം ഖണ്ഡപ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 220 (ബി) യുടെ ഒന്നാം ക്ലിപ്ത നിബന്ധനയിൽ "ഒന്നാം നിലയോ രണ്ടാം നിലയോ രണ്ടും കൂടിയോ" എന്നതിന് പകരം "ഒരു നിലയോ ഒന്നിലധികം നിലകളോ" എന്ന് ചേർക്കുക.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(185) 7-ാം ഖണ്ഡപ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 220 (ബി) യുടെ മൂന്നാം ക്ലിപ്ത നിബന്ധനയിൽ "ചെലവിലും ഉത്തരവാദിത്വത്തിലും" എന്ന വാക്കുകൾക്കുശേഷവും "നിർവ്വഹിക്കേണ്ടതും" എന്ന വാക്കിന് മുമ്പും താഴെ കൊടുത്തിട്ടുള്ള വാക്കുകൾ ചേർക്കുക.

"നിശ്ചിത സമയപരിധിക്കുള്ളിൽ"

ശ്രീ. തന്വാനൂർ രവി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(187) 7-ാം ഖണ്ഡപ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 220 (ബി) യുടെ മൂന്നാം ക്ലിപ്ത നിബന്ധന താഴെപ്പറയും പ്രകാരം മാറ്റുക.

" എന്നുമാത്രമല്ല നിലവിലുള്ള കെട്ടിടത്തിന്റെ ഭാഗം ഏതെങ്കിലും നഗരാസൂത്രണ പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി പൊളിച്ചുമാറ്റേണ്ടിവരുമ്പോൾ അത് ബാക്കിവരുന്ന കെട്ടിടത്തിനേയോ പുതുതായി നടത്തുന്ന കൂട്ടിച്ചേർക്കലിനേയോ ദോഷകരമായി ബാധിക്കാത്ത വിധത്തിലായിരിക്കേണ്ടതും, അതിന്റെ സുരക്ഷയും ഉറപ്പും സംബന്ധിച്ച പൂർണ്ണ ഉത്തരവാദിത്വം കെട്ടിടം ഉടമസ്ഥനിൽ ആയിരിക്കേണ്ടതും അയാൾ അപ്രകാരം പൊളിച്ചു മാറ്റേണ്ടിവരുമ്പോൾ ബന്ധപ്പെട്ട പഞ്ചായത്തിന്റെ ചെലവിലും ഉത്തരവാദിത്വത്തിലും നിർവ്വഹിക്കേണ്ടതും ആണ്".

പൊതുആവശ്യത്തിന് കെട്ടിടം പൊളിച്ചാൽ അതിന്റെ ചെലവു ഇയാൾ കൊടുക്കണമെന്ന് പറഞ്ഞാൽ അത് തെറ്റാണ്.

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(188) 7-ാം ഖണ്ഡപ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 220 (ബി) യുടെ മൂന്നാമത്തെ ക്ലിപ്ത നിബന്ധനയ്ക്കു ശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധനകൂടി ചേർക്കുക.

"എന്നുതന്നെയുമല്ല, ഈ വകുപ്പിലെ വ്യവസ്ഥകൾ യാതൊന്നിനും 2000-ത്തിലെ കേരളാ ഹൈവേ സംരക്ഷണ ആക്ടിലേയോ അതിനു കീഴിലുണ്ടാക്കിയ ചട്ടങ്ങളിലേയോ വ്യവസ്ഥകൾ യാതൊന്നിനേയും ലംഘിക്കുന്ന തരത്തിൽ പ്രാബല്യമുണ്ടായിരിക്കുന്നതല്ല".

ഞാൻ ആദ്യം ഭേദ ഗതി അവതരിപ്പിച്ചുകൊണ്ട് സംസാരിച്ച സമയത്ത് പറഞ്ഞ കാര്യമാണ്. ഹൈവേ പ്രൊട്ടക്ഷൻ ആക്ടുമായി ഈ ഭേദഗതിക്ക് ഒരു വൈരുദ്ധ്യമുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ അതു പരിശോധിക്കാമെന്ന് പറഞ്ഞു. ഈ ഭേദഗതി സ്വീകരിക്കണം. ഇതു സ്വീകരിച്ചില്ലെങ്കിൽ രണ്ട് നിയമങ്ങൾ തമ്മിൽ ഒരു കൂട്ടിമുട്ടലിന് ഇടയുണ്ടാകും. അത് ഒഴിവാക്കുവാൻ ഈ ഭേദഗതികൂടി മാറ്റിച്ചേർക്കണം.

ശ്രീ. എ.കെ. മണി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(191) 7-ാം ഖണ്ഡപ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 220 (ബി) യുടെ 3-ാം ക്ലിപ്ത നിബന്ധനയ്ക്കുശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധനകൂടി ചേർക്കുക.

"എന്നുമാത്രവുമല്ല ഇത് ആക്ടായി പ്രസിദ്ധപ്പെടുത്തുന്ന തീയതിയിൽ പട്ടികജാതി-പട്ടികവർഗ്ഗങ്ങളിൽപ്പെട്ട ഏതെങ്കിലും ആളിന്റെ ഉടമസ്ഥതയിലും കൈവശത്തിലുമുള്ള ഭൂമിയുടെ വിസ്തീർണ്ണം തുലോം കുറവായതുകൊണ്ട് പ്രസ്തുത ഭൂമിയിൽ അയാൾ സ്വന്തം ആവശ്യത്തിനായി വീടുനിർമ്മിക്കുന്ന കാര്യത്തിൽ ഈ ദൂരപരിധി ബാധകമായിരിക്കുന്നതല്ല".

ഇതു മന്ത്രി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ കാര്യമാണ്. പട്ടികജാതി കുടുംബത്തിൽ പത്തും പതിനഞ്ചും സെന്റിൽ കൂടുതൽ സ്ഥലം ഉണ്ടാകും. അപേക്ഷ കൊടുക്കുമ്പോൾ സ്ഥലത്തിന്റെ സ്കെച്ചും പ്ലാനും ഒക്കെ വെയ്ക്കേണ്ടതാണ്. 15 സെന്റ് സ്ഥലത്തിൽ കൂടുതൽ കുടുംബങ്ങൾ ആയാൽ ഓരോ കുടുംബത്തിനും ചിലപ്പോൾ ഒന്നോ രണ്ടോ സെന്റ് സ്ഥലം മാത്രമേ കിട്ടുകയുള്ളൂ. അതിന്റെ ദൂരപരിധി കൂടി ഇതിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ആൾക്കാർക്ക് ഒരു പ്രത്യേക എക്സംപ്ഷൻ ആ നിയമത്തിൽ ഉണ്ടാകണം എന്നുള്ളതാണ് എന്റെ അമെന്റ്മെന്റ്.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) : പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് ഒരു പ്രത്യേകതയും ഈ കാര്യത്തിൽ ഇല്ല. ശ്രീ. ജോണി നെല്ലൂർ പറഞ്ഞകാര്യം, ഇനി എന്തെങ്കിലും പ്രശ്നം ഉണ്ടെങ്കിൽ ചട്ടം കൊണ്ടുവരുന്ന സമയത്ത് ആവശ്യമായിട്ടുള്ള മാറ്റം വരുത്താം. ഇവിടെ പുതിയതായി ഇളവ് കൊടുക്കുന്ന കെട്ടിടങ്ങൾക്ക് മാത്രമാണ് ഇതു ബാധകമാക്കുന്നത്. കെട്ടിടങ്ങൾ പൊളിച്ച് നീക്കുന്നതിനുവേണ്ടിയുള്ള ചെലവും തദ്ദേശ സ്ഥാപനങ്ങൾ വഹിക്കും. ഭേദഗതികൾ സ്വീകാര്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

സർവ്വശ്രീ. കെ.സി. ജോസഫ്, ഡൊമിനിക് പ്രസന്റേഷൻ, കെ.സി. വേണുഗോപാൽ, പി.പി. സുലൈമാൻ റാവുത്തർ തമ്പാനൂർ രവി, ജോണി നെല്ലൂർ, എ.കെ. മണി എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

8-ാം വകുപ്പ്

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(193). 8-ാം ഖണ്ഡപ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 235 എ ബി(1)-ൽ "1999 ഒക്ടോബർ 15-ാം തീയതിയോ" എന്നതിനുപകരം "1999 മാർച്ച് ഇരുപത്തിനാലാം തീയതിയോ" എന്ന് ചേർക്കുക.

(194). 8-ാം ഖണ്ഡപ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 235 എ ബി (1)-ൽ "1999 ഒക്ടോബർ 15-ാം തീയതിയോ" എന്നതിനുപകരം "1999 ജൂൺ 30-ാം തീയതിയോ" എന്നാക്കുക.

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(195). 8-ാം ഖണ്ഡപ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 235 എ ബി (1)-ൽ "1999 ഒക്ടോബർ 15-ാം തീയതിയോ" എന്നതിനുപകരം "2000 ഫെബ്രുവരി 29-ാം തീയതിയോ" എന്നാക്കുക.

(197). 8-ാം ഖണ്ഡപ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 235 എ ബി (1)-ൽ "1999 ഒക്ടോബർ 15-ാം തീയതിയോ" എന്നതിനുപകരം "2000 ഏപ്രിൽ 30-ാം തീയതിയോ" എന്ന് ചേർക്കേണ്ടതാണ്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(196). 8-ാം ഖണ്ഡപ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 235 എ ബി (1)-ൽ "1999 ഒക്ടോബർ 15-ാം തീയതിയോ" എന്നതിനുപകരം "2000 മാർച്ച് 31-ാം തീയതിയോ" എന്നുചേർക്കുക.

ശ്രീ. പി.കെ. അബ്ദുറബ്ബ് : സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(198). 8-ാം ഖണ്ഡപ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 235 എ ബി (1)-ൽ "1999 ഒക്ടോബർ 15-ാം തീയതിയോ അതിനുമുൻപോ" എന്നുള്ളത് "ആക്ട് നിലവിൽ വരുന്ന തീയതി മുതൽ" എന്നാക്കി മാറ്റുക.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) ; ഭേദഗതികൾ സ്വീകാര്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

സർവ്വശ്രീ. ജോണി നെല്ലൂർ, തമ്പാനൂർ രവി, ഡൊമിനിക് പ്രസന്റേഷൻ, പി.കെ. അബ്ദുറബ്ബ് എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

9-ാം വകുപ്പ്

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(203). ബില്ലിന്റെ 1-ാം ഖണ്ഡം (2)-ാം ഉപഖണ്ഡത്തിൽ "7-ാം വകുപ്പ് ഉടൻ പ്രാബല്യത്തിൽ വരുന്നതും" എന്ന അക്കത്തിനും വാക്കുകൾക്കുംശേഷം "2-ാം വകുപ്പ് 1999 ഒക്ടോബർ 1-ാം തീയതി പ്രാബല്യത്തിൽ വരുന്നതായി കരുതപ്പെടേണ്ടതും" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്.

ശ്രീ. ജോണി നെല്ലൂർ : സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(104). ഖണ്ഡം 1 (2) താഴെപ്പറയുംപ്രകാരം മാറ്റുക.

"(2) ഈ ആക്ട് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്".

ശ്രീ. എ.കെ. മണി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(106) ഖണ്ഡം 1(2)-ന് പകരം താഴെപ്പറയുന്നത് ചേർക്കുക.

"(2) ഈ ആക്ടിലെ 2-ാം വകുപ്പും 7-ാം വകുപ്പും 8-ാം വകുപ്പും ഗസറ്റ് വിജ്ഞാപനം വഴി ഗവണ്മെന്റ് നിർദ്ദേശിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതും മറ്റ് വകുപ്പുകൾ ഉടനെ പ്രാബല്യത്തിൽ വരുന്നതുമാണ്.

ശ്രീ. കെ.സി. ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(107) ഖണ്ഡം 1(2)-ന് പകരം താഴെപ്പറയുന്നത് ചേർക്കുക.

"(2) ഈ ആക്ടിലെ ഏഴാം വകുപ്പ് ഉടനേയും 2-ാം വകുപ്പു ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനം വഴി നിർദ്ദേശിക്കുന്ന തീയതിയിലും ബാക്കി വകുപ്പുകൾ 2000-ാമാണ്ട് ഏപ്രിൽ 1 മുതലും പ്രാബല്യത്തിൽ വരുന്നതാണ്".

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) : ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണം. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല. ഉടൻ പ്രാബല്യത്തിൽ വരുത്തിയാൽ ഉണ്ടാകുന്ന വിഷമങ്ങൾ അതിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്. അതുകൊണ്ട് മറ്റ് ഭേദഗതികൾ സ്വീകരിക്കാൻ നിർവ്വാഹമില്ല.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 203-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

സർവ്വശ്രീ. ജോണി നെല്ലൂർ, എ.കെ. മണി, കെ.സി. ജോസഫ് എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2000-ത്തിലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പിന്നോക്ക-പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി) : സർ, നമുക്ക് സ്വാതന്ത്ര്യം ലഭിച്ചതിനുശേഷം ജനാഭിലാഷം പൂർത്തീകരിക്കുന്നതിനുള്ള വികസന പ്രവർത്തനങ്ങൾ കേന്ദ്ര ഗവണ്മെന്റും സംസ്ഥാന ഗവണ്മെന്റുകളും നടത്തിക്കൊണ്ടുപോകുന്ന ഒരു സ്ഥിതിവിശേഷമായിരുന്നു ദീർഘകാലമായി തുടർന്നുവന്നിരുന്നത്. അനുഭവമാണ് ഏറ്റവും വലിയ അദ്ധ്യാപകൻ. കുറേ കഴിഞ്ഞെങ്കിലും എല്ലാപേർക്കും ബോധ്യം വന്നു. വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിക്കുന്ന തുകയിൽ ഗണ്യമായ ഒരു ഭാഗം അതിന്റെ ഗുണം ആർക്ക് ലഭിക്കണമെന്ന് നാം ഉദ്ദേശിക്കുന്നോ അവർക്ക് കിട്ടുന്നതിനു പകരം ഇടത്തട്ടുകാരും മറ്റുള്ളവരുമായി അപഹരിച്ചുകൊണ്ടുപോകുകയാണ് എന്ന്. അതുകൊണ്ട് അധികാരം താഴേയ്ക്ക് നല്കി. അധികാര വികേന്ദ്രീകരണത്തിൽകൂടി മാത്രമേ ഇന്ത്യയെപ്പോലുള്ള ഒരു രാജ്യത്ത് വികസന പ്രവർത്തനങ്ങൾ ജനങ്ങൾക്ക് ഗുണകരമായി നടത്താൻ സാധിക്കൂ എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് വളരെ നാളത്തെ ചർച്ചകൾക്കു ശേഷം പഞ്ചായത്ത് രാജ് നിയമം ഉണ്ടായത്. പാർലമെന്റ് പാസ്സാക്കിയ നിയമത്തിന്റെ ചുവടു പിടിച്ചാണ് കേരളത്തിലും പഞ്ചായത്ത് രാജ് നിയമം നാം പാസ്സാക്കിയത്. അതിന്റെ അടിസ്ഥാനത്തിൽ 1995 സെപ്തംബറിൽ കേരളത്തിൽ ത്രിതല പഞ്ചായത്തുകളിലേയ്ക്ക് തെരഞ്ഞെടുപ്പ് നടന്നു. 1995 ഒക്ടോബർ മാസം 2-ാം തീയതി അധികാര കൈമാറ്റം കഴിഞ്ഞു. ഈ വർഷം സെപ്തംബറിൽ വീണ്ടും ത്രിതല പഞ്ചായത്തുകളിലേയ്ക്ക് ഇലക്ഷൻ നടക്കാൻ പോകുകയാണ്. അധികാര വികേന്ദ്രീകരണത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട ത്രിതല പഞ്ചായത്തുകളുടെ ഭരണം അവസാന വർഷത്തിലേയ്ക്ക് പ്രവേശിച്ചിരിക്കുകയാണ്. അഞ്ചാം വർഷത്തിലേയ്ക്ക് പ്രവേശിച്ചിരിക്കുന്നു. ഇനി ഏതാനും മാസങ്ങൾ കഴിഞ്ഞാൽ 1995 സെപ്തംബറിൽ തെരഞ്ഞെടുക്കപ്പെട്ട, 1995 ഒക്ടോബർ 2-ന് അധികാരമേറ്റെടുത്ത കേരളത്തിലെ ത്രിതല പഞ്ചായത്തുകളുടെ അധിപൻമാർ അധികാരം വിട്ടൊഴിഞ്ഞ് ജനവിധി തേടേണ്ട കാലഘട്ടം വരാൻ പോകുകയാണ്. ഒരു ഗവണ്മെന്റിന്റെ കാലാവധി അവസാനിക്കുന്നതുപോലെ കേരളത്തിൽ പുതിയ പരീക്ഷണത്തിൽക്കൂടി അധികാരമേറ്റെടുത്ത ത്രിതല പഞ്ചായത്തുകളുടെ നേതാക്കൻമാരെല്ലാം അധികാരം വിട്ടൊഴിയേണ്ട സ്ഥിതിവിശേഷം വരികയാണ്. 1996 മുതൽ അധികാര വികേന്ദ്രീകരണം ഒരു പാതയിലൂടെ മുന്നോട്ടുപോയി. പിന്നീട് കേരളത്തിൽ ജനകീയാസൂത്രണം എന്നുള്ള ഒരു പരിപാടി കൊണ്ടുവന്നു. അധികാരവികേന്ദ്രീകരണത്തിന്റെ പ്രവർത്തനത്തിന് കുറേക്കൂടി വിപു

LIBRARY ARCHIVES Kerala Legislative Assembly

ലമായ ഒരർത്ഥം നൽകാൻ ശ്രമിച്ചു. കഴിഞ്ഞ അഞ്ച് വർഷക്കാലത്തിനിടയ്ക്ക് കേരളത്തിൽ ആദ്യം പാസ്സാക്കിയ പഞ്ചായത്ത് രാജ് നിയമത്തിന് നിരവധി ഭേദഗതികളുണ്ടായി. ബഹുമാനപ്പെട്ട മന്ത്രി തന്നെ പറഞ്ഞു, 1995-ൽ അന്നത്തെ നിയമം പാസ്സാക്കിയ സാഹചര്യത്തിൽ ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളിൽ പാസ്സാക്കിയ നിയമങ്ങളേക്കാൾ വളരെയേറെ പുരോഗമന പരമായ ഒരു നിയമമായിരുന്നു അതെന്ന്. അന്നത്തെ സാഹചര്യത്തിൽ വളരെ നല്ലൊരു നിയമം പാസ്സാക്കിയെങ്കിലും ത്രിതല പഞ്ചായത്തുകളുടെ പ്രവർത്ത നത്തിൽക്കൂടി നമുക്കു ബോധ്യം വന്നത് ആ നിയമം മാത്രം പോരാ, ആ നിയ മത്തിന് ചില അപാകതകൾ ഉണ്ട്, അതുപോലെ തന്നെ ആ നിയമത്തിന്റെ അടിസ്ഥാനത്തിൽ ത്രിതല പഞ്ചായത്തുകൾക്ക് നൽകിയ അധികാരങ്ങൾ വിജയകരമായി നടപ്പാക്കണമെങ്കിൽ മറ്റു ചില ഭേദഗതികൾക്കൂടി വേണമെ ന്നാണ്. അതിന്റെ അടിസ്ഥാനത്തിലാണ് കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ പല ഘട്ടങ്ങളിലായി നമ്മൾ ഒട്ടനവധി ഭേദഗതികൾ ഈ നിയമത്തിൽ വരു ത്തിയത്. അതിൽ ഏറ്റവുമൊടുവിലത്തെ ഭേദഗതികളാണ് നാം ഇപ്പോൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. പക്ഷേ അടുത്ത ഇലക്ഷനു മുൻപ് ഭേദഗ തിയുണ്ടാക്കാനുള്ള സാധ്യത കുറവാണ്. ജൂൺ മാസത്തിൽ എന്തെങ്കിലും ഭേദഗതി കൊണ്ടുവരുമോ എന്നെനിക്കറിയില്ല. അടുത്ത പഞ്ചായത്ത് ഇല ക്ഷൻ വരാൻ പോകുന്ന സ്ഥിതിക്ക് ഭേദഗതികൾക്കുള്ള സാധ്യത കുറവാണ്. അങ്ങനെ കേരളത്തിലെ വലിയൊരു ജനാധിപത്യ പരീക്ഷണത്തിന്റെ ഘട്ടം പൂർത്തിയായി. നാലര വർഷം കഴിഞ്ഞിരിക്കുകയാണ്. ഈ നാലര വർഷത്തി നകം നാലായിരം കോടിയോളം രൂപ നമ്മൾ ത്രിതല പഞ്ചായത്തുകൾക്കു വേണ്ടി ചെലവാക്കി. ആദ്യം 1996-ൽ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ 412 കോടി രൂപയാണ് അന്നത്തെ യു.ഡി.എഫ്. സർക്കാർ ആദ്യത്തെ വർഷത്തേയ്ക്ക് നീക്കിവച്ചത്. യു.ഡി.എഫ്. സർക്കാർ മാറി ഇന്നത്തെ ഇടതുപക്ഷജനാധി പത്യ മുന്നണി ഗവണ്മെന്റ് അധികാരത്തിൽ വന്നപ്പോൾ 412 കോടി രൂപയുടെ സ്ഥാനത്ത് 417 കോടി രൂപയായി ആദ്യവർഷം വർദ്ധനവുണ്ടായി. തുടർന്ന് വർദ്ധിച്ച്, വർദ്ധിച്ച് നമ്മൾ ഇവിടംവരെയെത്തി. ഇതിനിടയിൽ മൊത്തം നാലാ യിരത്തോളം കോടി രൂപ ത്രിതല പഞ്ചായത്തുകൾക്ക് വേണ്ടി നാം ബഡ്ജ റ്റിൽ വകയിരുത്തി. ഇതിൽ എത്ര ചെലവാക്കിയില്ല, എന്നുള്ളതിന്റെയെല്ലാം കണക്കുകളുണ്ട്. അതെല്ലാവർക്കുമറിയാവുന്നതാണ്. ഇത്രയും തുക ത്രിതല പഞ്ചായത്തുകൾക്ക് കൊടുത്തപ്പോൾ അത് അവരെ ഏൽപ്പിച്ച അധികാരമനു സരിച്ചുള്ള കടമകൾ നിർവഹിക്കാൻവേണ്ടി കൊടുത്തതാണ്. അധികാര വികേന്ദ്രീകരണത്തിനുമുൻപ് സർക്കാർ നേരിട്ട് നടത്തിയിരുന്ന ഒരുപാട് വിക സന പ്രവർത്തനങ്ങൾ ഉണ്ട്. കൃഷി, ആരോഗ്യം, വിദ്യാഭ്യാസം, മൈനർ ഇറി ഗേഷൻ, വ്യവസായം, പി.ഡബ്ല്യൂ.ഡി. തുടങ്ങിയ വകുപ്പുകളിലെ വികസന പദ്ധതികളെല്ലാം സർക്കാർ നേരിട്ടു നടത്തിക്കൊണ്ടിരുന്നതാണ്. ഇപ്പോൾ ആ പദ്ധതികളെല്ലാം അധികാരവികേന്ദ്രീകരണത്തിലൂടെ ത്രിതല പഞ്ചായത്തു കളെ ഏൽപ്പിച്ചിരിക്കുകയാണ്. അതിന്റെ ഒന്നാം ഘട്ടം കഴിഞ്ഞു. അടുത്ത സെപ്തംബറിൽ നമ്മൾ ഇലക്ഷനെ സമീപിക്കാൻ പോവുകയാണ്. കഴിഞ്ഞ നാലര വർഷത്തെ അനുഭവത്തിന്റെ വെളിച്ചത്തിൽ ത്രിതല പഞ്ചായത്തു കൾക്ക് നൽകിയ അധികാരവും ചുമതലകളും, അത് നിറവേറ്റാൻ നൽകിയ പണവും, അതിന്റെ അടിസ്ഥാനത്തിൽ കാർഷിക മേഖലയിൽ, വ്യാവസായിക മേഖലയിൽ, വിദ്യാഭ്യാസ മേഖലയിൽ, ഇറിഗേഷൻ മേഖലയിൽ, പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ക്ഷേമകാര്യം എന്നിങ്ങനെ കേരളം ഒട്ടാകെ വിവിധ മേഖ ലകളിൽ അവരിൽ നിന്നും പ്രതീക്ഷിച്ച ഫിസിക്കൽ ടാർജറ്റിൽ എന്തു നേട്ടമു

LIBRARY ARCHIVES Kerala Legislative Assembly

ണ്ടായി? പണ്ട് സർക്കാർ നേരിട്ട് നടത്തിയിരുന്ന വികസനപ്രവർത്തനങ്ങളാണ് ഇപ്പോൾ ത്രിതല പഞ്ചായത്തുകളെ ഏൽപ്പിച്ചിരിക്കുന്നത്. പഞ്ചവത്സര പദ്ധതികളുടെ, വാർഷിക പദ്ധതികളുടെ, ഫിസിക്കൽ ടാർജറ്റ് നമ്മൾ നിയമസഭയിൽ ചർച്ച ചെയ്യാറുണ്ട്. അതുപോലെ ഈ കാലഘട്ടത്തിൽ ഫിസിക്കൽ ടാർജറ്റ് നിർവ്വഹിക്കുന്ന കാര്യത്തിൽ കേരളമൊട്ടാകെ എത്ര നേട്ടമുണ്ടായി; ജില്ലകളിലെത്ര നേട്ടമുണ്ടായി; പഞ്ചായത്തുകളിൽ എത്ര നേട്ടമുണ്ടായി; ബ്ളോക്ക് പഞ്ചായത്തുകളിൽ എത്ര നേട്ടമുണ്ടായി; മുനിസിപ്പാലിറ്റികളിൽ എത്ര നേട്ടമുണ്ടായി, കോർപ്പറേഷനുകളിൽ എത്ര നേട്ടമുണ്ടായി എന്നിങ്ങനെയുള്ള നേട്ടങ്ങളുടെ ടാർജറ്റ് അച്ചീവ് ചെയ്യുന്ന കാര്യത്തിൽ എന്തെങ്കിലും തടസ്സമുണ്ടായിട്ടുണ്ടെങ്കിൽ, ആ തടസ്സങ്ങൾ കണ്ടുപിടിക്കുകയും അടുത്ത സെപ്തംബറിനുശേഷം വീണ്ടും വരുന്ന ത്രിതല പഞ്ചായത്തുകൾ ഇതിനേക്കാൾ കൂടുതൽ ഭംഗിയായി ഫിസിക്കൽ ടാർജറ്റ് നിറവേറ്റത്തക്ക രീതിയിൽ, നമ്മൾ അമെന്റ്മെന്റ് കൊണ്ടുവരുന്നതുപോല എന്തെങ്കിലും ചെയ്യേണ്ടി വരും. ഓരോ വർഷവും പഞ്ചായത്തുകൾക്കുള്ള പണം ബഡ്ജറ്റിൽ നീക്കിവച്ച് വോട്ടു ചെയ്ത് പാസ്സാക്കുന്നത് നിയമസഭയിൽ ആണ്. ഇപ്പോൾ അഞ്ച് വർഷമാകാൻ പോകുന്നു. തെരഞ്ഞെടുക്കപ്പെട്ട ആദ്യ ത്രിതല പഞ്ചായത്തുകളുടെ കാലാവധി അവസാനിക്കാൻ പോകുന്നു. ഓരോ വർഷവും ത്രിതല പഞ്ചായത്തുകൾക്ക് പണം പാസ്സാക്കിയ നിയമസഭയുടെ ഒരു കമ്മിറ്റിയെ ഈ കാലഘട്ടത്തിലെ ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനത്തിൽ ഫിസിക്കൽ ടാർജറ്റ് അച്ചീവ് ചെയ്യുന്ന കാര്യത്തിൽ എത്രമാത്രം വിജയിച്ചു എന്ന് പരിശോധിച്ച് അതിലെന്തെങ്കിലും പരാജയമുണ്ടായിട്ടുണ്ടെങ്കിൽ അത് പരിഹരിക്കാൻ ക്രിയാത്മകമായ നിർദ്ദേശം നൽകാൻ ഒരു നിയമസഭാ കമ്മിറ്റിയെ നിയമിക്കാൻ ഗവണ്മെന്റ് തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ജനകീയമായ ഒരു പ്രശ്നം ഏതെങ്കിലും ഉയർന്ന തലത്തിലുള്ള ഉദ്യോഗസ്ഥൻമാർ അല്ലെങ്കിൽ നിയമസഭയ്ക്കും ഗവണ്മെന്റിനും അതീതമായിട്ടുള്ള മറ്റേതെങ്കിലുമൊരു സംവിധാനം പരിശോധിച്ച് അതിന്റെ കുറ്റങ്ങളും കുറവുകളും വിലയിരുത്തുന്നതിനുപകരം, (അസംബ്ളിയുടെ ക്രിയേഷൻ കൂടിയാണ് ത്രിതല പഞ്ചായത്തുകൾ) ഒരു നിയമസഭാ കമ്മിറ്റിയെ ഈ കാലഘട്ടത്തിൽ ഫിസിക്കൽ ടാർജറ്റ് അച്ചീവ് ചെയ്യുന്നതിനെക്കുറിച്ച് പഠിക്കാനായി നിയമിക്കാൻ ഗവണ്മെന്റ് സൻമനസ്സ് കാണിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്. മറ്റ് കാര്യങ്ങളൊന്നും സംസാരിക്കാനില്ല.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ അഭിപ്രായങ്ങളിൽ ഒന്നൊഴിച്ച് ബാക്കിയെല്ലാം ഞാൻ പൂർണ്ണമായി അംഗീകരിക്കുകയാണ്. മൂന്നു-നാലു കൊല്ലക്കാലമായി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നമ്മൾ കൊടുത്തിട്ടുള്ള പണമെന്നു പറയുന്നത്, പ്രത്യേകമായ ഒരു ഫണ്ട് കൊടുത്തതല്ല. സംസ്ഥാന ഗവണ്മെന്റിന്റെ വിവിധ വകുപ്പുകളുടെ കീഴിലുള്ള വികസന പ്രവർത്തനങ്ങൾക്ക് നീക്കിവയ്ക്കുന്ന പദ്ധതിവിഹിതത്തിന്റെ 40 ശതമാനമാണ് ത്രിതല പഞ്ചായത്തുകൾക്ക് നൽകിയത്. മുൻപ് വിവിധ ഡിപ്പാർട്ടുമെന്റുകൾ മുഖേന നടപ്പിലാക്കികൊണ്ടിരുന്ന പ്രവർത്തനങ്ങളാണ് ഇപ്പോൾ ത്രിതല പഞ്ചായത്തുകൾ ഏറ്റെടുത്ത് നടത്തുന്നത്. ആ കാഴ്ചപ്പാടിൽ നിന്ന് വ്യത്യസ്തമായ രീതിയിൽ പ്രവർത്തനം നടന്നാൽ കേരളത്തിന്റെ വികസനമാകെ സ്തംഭിക്കും. ഇത്രയേറെ അധികാരവും പണവും നൽകി അവർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളെ സംബന്ധിച്ച് ഇവിടെ പറഞ്ഞിട്ടുള്ളതുപോലെ ഫിസിക്കൽ അച്ചീവ്മെന്റ് എത്രത്തോളമുണ്ടായി എന്നുള്ളത് നല്ലതുപോലെ മനസ്സിലാക്കി ചർച്ച

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യാൻ നിയമസഭയ്ക്ക് അവകാശമുണ്ടാകണം, സാധിക്കണം, അവസരമുണ്ടാകണം. അതിനാവശ്യമായ കണക്ക് അടുത്ത നിയമസഭാസമ്മേളനം നടത്തുന്ന ഘട്ടത്തിൽ അവതരിപ്പിക്കാനും ചർച്ച ചെയ്യാനുമുള്ള അവസരം ഗവണ്മെന്റ് ഉണ്ടാക്കും. തെരഞ്ഞെടുക്കപ്പെട്ട തദ്ദേശ ഭരണസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ പരിശോധിക്കുന്ന ഒരു സ്ഥിതിയിലേയ്ക്ക് നമ്മുടെ നിയമസഭാ മെമ്പർമാർ മാറരുത് എന്നുള്ള അഭിപ്രായം എനിക്കുണ്ട്. 2000-ത്തിലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2000-ത്തിലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ അനുകൂലിക്കുന്നവർ ..... പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2000-ത്തിലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി)ബിൽ (ചർച്ച തുടർച്ച)

മി. സ്പീക്കർ : ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച ഭേദഗതിയെ അനുകൂലിക്കുന്നവർ ..... പ്രതികൂലിക്കുന്നവർ .....

ഭേദഗതി സഭ നിരാകരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2000-ത്തിലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ അനുകൂലിക്കുന്നവർ ..... പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ാം വകുപ്പ്

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(108) ഖണ്ഡം 2(1) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 19(2) ൽ "സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ" എന്നതിനുപകരം "സർക്കാർ" എന്ന് ചേർക്കുക.

109. ഖണ്ഡം 2(2) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 19(4) നീക്കം ചെയ്യുക.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(110) ഖണ്ഡം 2(2) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 19(4) ൽ "അധികാരപ്പെടുത്തുന്ന" എന്ന വാക്കിനുശേഷം "ഒരു മുനിസിപ്പൽ കോർപ്പറേഷനിൽ കളക്ടറുടേയോ മുനിസിപ്പാലിറ്റിയിൽ ആർ.ഡി.ഒ. യുടേയോ റാങ്കിൽ കുറയാത്ത" എന്നുകൂടി ചേർക്കുക.

ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കേണ്ട ഒരു കാര്യമുണ്ട്. ഈ ആക്ട് വരുന്നതിനുമുൻപ് നിലനിന്ന ഒരു സംവിധാനമുണ്ടായിരുന്നു. ഞാൻ 1988-ൽ കൊച്ചി നഗരസഭയിൽ കൗൺസിലറായിരുന്ന ആളാണ്. അന്ന് മേയറുടെ ഇല

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XX

LIBRARY ARCHIVES Kerala Legislative Assembly

2000-ത്തിലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

2000-ത്തിലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

തദ്ദേശ ഭരണവും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്കായി അയച്ച 2000-ത്തിലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, കമ്മിറ്റി പരിഗണിച്ചതനുസരിച്ചുള്ള കമ്മിറ്റിയുടെ റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2000-ത്തിലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ 2000 ഫെബ്രുവരി 24-ാം തീയതി അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2000 മാർച്ച് 6-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേ ദിവസം തന്നെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2000 മാർച്ച് 6-ാം തീയതി കമ്മിറ്റി യോഗം ചേർന്ന് ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെ പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

2-ാം ഖണ്ഡത്തിൽ (1)-ാം ഉപഖണ്ഡമായി താഴെക്കാണുന്നത് കൂട്ടിച്ചേർക്കുക:

"(1) (2)-ാം ഉപവകുപ്പിൽ "സർക്കാർ" എന്ന വാക്കിന് പകരം "സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്"

നിലവിലുള്ള "(1)", "(2)" എന്നീ ഉപഖണ്ഡങ്ങൾ യഥാക്രമം "(2)", "(3)" എന്നാക്കുകയും "സർക്കാർ" എന്ന വാക്കിന് പകരം "സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ" എന്ന് ചേർക്കുകയും ചെയ്യുക.

7-ാം ഖണ്ഡത്തിൽ 2-ാം ക്ലിപ്ത നിബന്ധനയ്ക്കുശേഷം താഴെ കാണുന്ന മൂന്നാം ക്ലിപ്ത നിബന്ധന ചേർക്കുക:

"എന്നു മാത്രമല്ല നിലവിലുള്ള കെട്ടിടത്തിന്റെ ഭാഗം ഏതെങ്കിലും നഗരാസൂത്രണ പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി പൊളിച്ചു മാറ്റേണ്ടി വരുമ്പോൾ അത് ബാക്കി വരുന്ന കെട്ടിടത്തിനെയോ പുതുതായി നടത്തുന്ന കൂട്ടിച്ചേർക്കലിനെയോ ദോഷകരമായി ബാധിക്കാത്ത വിധത്തിലായിരിക്കേണ്ടതും, അതിന്റെ സുരക്ഷയും ഉറപ്പും സംബന്ധിച്ച പൂർണ്ണ ഉത്തരവാദിത്വം കെട്ടിട ഉടമസ്ഥനിൽ ആയിരിക്കേണ്ടതും അയാൾ അപ്രകാരം പൊളിച്ചു മാറ്റേണ്ടി വരുമ്പോൾ അത് തന്റെ സ്വന്തം ചെലവിനും ഉത്തരവാദിത്വത്തിലും നിർവ്വഹിക്കേണ്ടതും പ്രസ്തുത നിർമ്മാണത്തിന് യാതൊരു നഷ്ടപരിഹാരത്തിനും അർഹത ഉണ്ടായിരിക്കുന്നതല്ലാത്തതും ഇതിലേയ്ക്കായി ഒരു സമ്മതപത്രം അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതുമാണ്.

4. ബില്ലിൽ വരുത്തിയിരിക്കുന്ന മറ്റു മാറ്റങ്ങൾ ഘടന ശരിയാക്കാനോ (verbal) അല്ലെങ്കിൽ ഭേദഗതികൾക്ക് അനുസൃതമായ (Consequential) ഉള്ളവയാണ്.

5. വിയോജനക്കുറിപ്പ് ഇതോടൊപ്പം ചേർത്തിരിക്കുന്നു.

എസ്. ശർമ്മ,
ചെയർമാൻ
സബ്ജക്ട് കമ്മിറ്റി IX

LIBRARY ARCHIVES Kerala Legislative Assembly

MINUTES OF DISSENT

We disagree with the Report of the Subject Committee on the Kerala Municipalities (Amendment) Bill, 2000 on the following grounds.

2. The provisions of this Bill invest powers on the State Election Commission to review any final order relating to the delimitation of Contituencies either suo moto or on application. We are of the view that under the provisions of the Act the constuencies are delimited on the basis of the population in accordance with the latest census. The latest census was conducted in 1991. The State Election Commission has no powers to delimit the constituencies on the basis of the increase if any, in the population thereafter. Such an excercise cannot but be based on presumptions. It is not only improper but also unlawful to delimit constituencies based on presumptions. Besides it is not at all proper to review the final orders relating to delimitation of constituencies either suo moto or on application. We are of opinion that by this provision the State Election Commission is conferred unlimited, unfettered and arbitary powers. It is to be doubted whether this is done with a view to act in such a manner as to shower extraordinary benefits on the parties in power. Hence we are of the well considered view that the powers proposed to be conferred on the State Election Commission in this regard should be deleted. Necessary changes should be made accordingly.

3. This Bill contains proposals to regularise the buildings constructed unauthorisedly up to a certain period. This is not at all proper. This amounts to encouragement of unauthorised constructions. Under the law a building constructed or attempted to be constructed unauthorisedly is an unlawful act and such a building has to be demolished as soon as it is deteted. Here the unauthorised constructions were allowed to stand and it is regularised and made lawful. Anybody can guess the sentiments behind this regularisation. Hence we can not but oppose this tooth and nail. We suggest that the proposal in the matter shall be deleted. Necessary changes should be made in the Bill accordingly.

Thiruvananthapuram (Sd)

6.3.2000 B. VIJAYAKUMAR, M.L.A

വിയോജന കുറിപ്പ്

1. തെരഞ്ഞെടുപ്പു ചെലവുകളുടെ കണക്ക് സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്ന ആളെ അയോഗ്യനാക്കുന്നത് സംബന്ധിച്ച് 89-ാം വകുപ്പിൽ കൊണ്ടുവന്നിട്ടുള്ള ഭേദഗതി ഒഴിവാക്കേണ്ടതാണ്. തെരഞ്ഞെടുപ്പു കമ്മീഷന്റെ ഗസറ്റ് വിജ്ഞാപനം മുതൽ 5 വർഷത്തേയ്ക്ക് അയോഗ്യനാക്കുക എന്നത് സാമാന്യ നീതിക്ക് നിരക്കുന്നതല്ല. നിലവിലുള്ളതുപോലെ തെരഞ്ഞെടുക്കപ്പെട്ട കൗൺസിലിന്റെ കാലാവധി അവസാനിക്കുന്നതു വരെ എന്നത് നിലനിർത്തിയാൽ മതി.

2. അനധികൃത കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുന്നതിനു വേണ്ടി 407-ാം വകുപ്പിൽ കൊണ്ടുവന്നിട്ടുള്ള ഭേദഗതിയിൽ 1999 ഒക്ടോബർ 15-ാം തീയതി എന്നത് ഒഴിവാക്കണം. ഈ നിയമം പാസ്സാകുന്നതുവരെ എന്നാക്കി മാറ്റണം. കൂടാതെ ക്രമവൽക്കരണത്തിനുള്ള അധികാരം സർക്കാരിന് എന്നത് മാറ്റി ബന്ധപ്പെട്ട മുനിസിപ്പാലിറ്റി എന്നാക്കി മാറ്റേണ്ടതാണ്.

(ഒപ്പ്)

പി.കെ. അബ്ദുറബ്ബ്

LIBRARY ARCHIVES Kerala Legislative Assembly

2000-ത്തിലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി)

ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

(അടിയിൽ വരച്ചിരിക്കുന്നതും വശങ്ങളിൽ വരച്ചിരിക്കുന്നതും കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതികളെ സൂചിപ്പിക്കുന്നു.)

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു ബിൽ

പീഠിക.- 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ:

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അമ്പത്തിയൊന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:-

1. ചുരുക്കപ്പേരും പ്രാരംഭവും.- (1) ഈ ആക്റ്റിന് 2000-ത്തിലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്ട് എന്ന് പേർ പറയാം.

(2) ഈ ആക്ടിലെ 7-ാം വകുപ്പ് ഉടൻ പ്രാബല്യത്തിൽ വരുന്നതും ശേഷിക്കുന്ന വകുപ്പുകൾ 2000 ജനുവരി 18-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതുമാണ്.

2. 19-ാം വകുപ്പിനുള്ള ഭേദഗതി.- 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ (1994-ലെ 20) (ഇതിനുശേഷം പ്രധാന ആക്ട് എന്നാണ് പരാമർശിക്കപ്പെടുക) 19-ാം വകുപ്പിൽ.-

(1) (2)-ാം ഉപവകുപ്പിൽ "സർക്കാർ" എന്ന വാക്കിനുപകരം "സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷൻ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(2) (4)-ാം ഉപവകുപ്പിനുപകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ് അതായത്:-

"(4) ഈ വകുപ്പ് പ്രകാരം വിളിച്ചുകൂട്ടിയ ഒരു യോഗത്തിൽ (2)-ാം ഉപവകുപ്പ് പ്രകാരം "സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷൻ" അധികാരപ്പെടുത്തുന്ന ഒരു ഉദ്യോഗസ്ഥൻ ആദ്ധ്യക്ഷം വഹിക്കേണ്ടതാണ്".

(3) (4 എ) ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്.

3. 38-ാം വകുപ്പിനുള്ള ഭേദഗതി.- പ്രധാന ആക്റ്റിന്റെ 38-ാം വകുപ്പിൽ.-

(1) (3)-ാം ഉപവകുപ്പിൽ "അയാളെ ചെയർപേഴ്സണോ ആദ്ധ്യക്ഷം വഹിക്കുന്ന ആളോ തീരുമാനിക്കുന്ന കാലയളവിലേക്ക്" എന്ന വാക്കുകൾക്ക് പകരം "ചെയർപേഴ്സൺ അല്ലെങ്കിൽ ആദ്ധ്യക്ഷം വഹിക്കുന്ന ആൾക്ക് അയാളെ ആ ദിവസത്തേക്ക്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(2) ക്ലിപ്ത നിബന്ധന വിട്ടുകളയേണ്ടതാണ്.

4. 69-ാം വകുപ്പിനുള്ള ഭേദഗതി.- പ്രധാന ആക്റ്റിലെ 69-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ "സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ" എന്ന വാക്കുകൾക്ക് പകരം "സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനോ അത് ഈ

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യത്തിലേക്കായി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

5. 69-ാം വകുപ്പിനുശേഷം പുതിയ വകുപ്പ് ചേർക്കൽ.-പ്രധാന ആക്ടിലെ 69-ാം വകുപ്പിനുശേഷം താഴെ പറയുന്ന വകുപ്പ് ചേർക്കണ്ടതാണ്. അതായത്.-

''69എ. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് അന്തിമ ഉത്തരവുകൾ പുനഃപരിശോധന ചെയ്യാമെന്ന്.- (1) സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് സ്വമേധയായോ അല്ലെങ്കിൽ അപേക്ഷയിൻമേലോ 69-ാം വകുപ്പ് പ്രകാരം പുറപ്പെടുവിച്ച ഏതൊരു ഉത്തരവും പുനഃപരിശോധിക്കാവുന്നതും അതിന് യുക്തമെന്ന് തോന്നുന്ന ഉത്തരവ് പുറപ്പെടുവിക്കാവുന്നതും ആണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം പുനഃപരിശോധനയ്ക്കുള്ള ഒരു അപേക്ഷ പരാതിക്കാസ്പദമായ അന്തിമ ഉത്തരവ് പുറപ്പെടുവിച്ച തീയതി മുതൽ പതിനഞ്ച് ദിവസത്തിനകം ബോധിപ്പിക്കേണ്ടതാകുന്നു:

എന്നാൽ, ഏത് ഉത്തരവിന് എതിരായാണോ പരാതി ബോധിപ്പിച്ചത് ആ ഉത്തരവിന്റെ പകർപ്പ് ലഭിക്കുന്നതിന് എടുത്ത സമയം പ്രസ്തുത പതിനഞ്ച് ദിവസം കണക്കാക്കുന്നതിൽ നിന്നും വിട്ടുകളയേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിക്കുന്ന ഏതൊരു ഉത്തരവും അത് പുറപ്പെടുവിച്ച് കഴിഞ്ഞ് കഴിയുന്നതുംവേഗം ബന്ധപ്പെട്ട മുനിസിപ്പാലിറ്റിയിലെ നോട്ടീസ് ബോർഡിലും അങ്ങനെയുള്ള മുനിസിപ്പൽ ഭൂപ്രദേശത്തിനുള്ളിലെ പ്രമുഖ സ്ഥലത്തും പതിച്ചുകൊണ്ട് പ്രസിദ്ധീകരിക്കേണ്ടതും, അപ്രകാരമുള്ള പ്രസിദ്ധീകരണം നടത്തിയ വസ്തുത ഗസറ്റിലും ബന്ധപ്പെട്ട മുനിസിപ്പൽ ഭൂപ്രദേശത്ത് വ്യാപകമായി പ്രചാരമുള്ള രണ്ട് പ്രാദേശിക പത്രങ്ങളിലും പ്രസിദ്ധീകരിക്കേണ്ടതും ആകുന്നു.''

6. 89-ാം വകുപ്പിനുള്ള ഭേദഗതി.- പ്രധാന ആക്ടിലെ 89-ാം വകുപ്പിൽ ''ഉത്തരവിന്റെ തീയതി മുതൽ തിരഞ്ഞെടുക്കപ്പെട്ടിരുന്ന കൗൺസിലിന്റെ കാലാവധി കഴിയുന്നതുവരെ'' എന്ന വാക്കുകൾക്കുപകരം ''ആ ഉത്തരവിന്റെ തീയതിതൊട്ട് അഞ്ച് വർഷത്താലത്തേയ്ക്ക്'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

7. 383 എ വകുപ്പിനുള്ള ഭേദഗതി.- പ്രധാന ആക്ടിലെ 383 എ വകുപ്പിൽ നിലവിലുള്ള ക്ലിപ്ത നിബന്ധനയ്ക്ക് പകരം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധനകൾ ചേർക്കേണ്ടതാണ്, അതായത്.-

''എന്നാൽ ഈ ആക്റ്റ് നിലവിൽവരുന്ന തീയതിയിൽ നിലനിൽക്കുന്ന കെട്ടിടത്തിനു മുകളിൽ ഒന്നാം നിലയോ രണ്ടാം നിലയോ രണ്ടുംകൂടിയോ കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായി നിർമ്മിക്കുന്നതിന് പ്രസ്തുത മൂന്നു മീറ്റർ ദൂരപരിധി ബാധകമാകുന്നതല്ല.

എന്നുമാത്രമല്ല, ഏതൊരു കെട്ടിടത്തിലേക്കും പ്രവേശിക്കുന്നതിനു മാത്രമായി ഉപയോഗിക്കാവുന്ന പാതയോ പാലമോ അതുപോലുള്ള മറ്റു നിർമ്മാണങ്ങളോ കെട്ടിടത്തിന്റെ ഭാഗമായിട്ടുള്ള വെതർഷേഡോ, സൺഷേഡോ കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായി പ്രസ്തുത മൂന്നു മീറ്റർ പരിധിക്കുള്ളിൽ നിർമ്മിക്കാവുന്നതാണ്.''

LIBRARY ARCHIVES Kerala Legislative Assembly

എന്നുമാത്രമല്ല നിലവിലുള്ള കെട്ടിടത്തിന്റെ ഭാഗം ഏതെങ്കിലും നഗരാസൂത്രണ പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി പൊളിച്ചു മാറ്റേണ്ടി വരുമ്പോൾ അതു ബാക്കി വരുന്ന കെട്ടിടത്തിനേയോ പുതുതായി നടത്തുന്ന കൂട്ടിച്ചേർക്കലിനേയോ ദോഷകരമായി ബാധിക്കാത്ത വിധത്തിലായിരിക്കേണ്ടതും, അതിന്റെ സുരക്ഷയും ഉറപ്പും സംബന്ധിച്ച പൂർണ്ണ ഉത്തരവാദിത്വം കെട്ടിട ഉടമസ്ഥനിൽ ആയിരിക്കേണ്ടതും അയാൾ അപ്രകാരം പൊളിച്ചു മാറ്റേണ്ടി വരുമ്പോൾ അതു തന്റെ സ്വന്തം ചെലവിലും ഉത്തവാദിത്വത്തിലും നിർവ്വഹിക്കേണ്ടതും പ്രസ്തുത നിർമ്മാണത്തിന് യാതൊരു നഷ്ടപരിഹാരത്തിനും അർഹത ഉണ്ടായിരിക്കുന്നതല്ലാത്തതും ഇതിലേക്കായി ഒരു സമ്മതപത്രം അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതുമാണ്.

8. 407-ാം വകുപ്പിനുള്ള ഭേദഗതി.- പ്രധാന ആക്ടിലെ 407-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ "1998 ഡിസംബർ 31-ാം തീയതിയോ" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "1999 ഒക്ടോബർ പതിനഞ്ചാം തീയതിയോ" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്.

9. റദ്ദാക്കലും ഒഴിവാക്കലും.- (1) 2000-ത്തിലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് (2000-ത്തിലെ 4) ഇതുമൂലം റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെട്ടതോ ആയ ഏതെങ്കിലും കാര്യമോ അല്ലെങ്കിൽ എടുത്തതോ എടുത്തതായി കരുതപ്പെട്ടതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്ട് പ്രകാരം ചെയ്തതായോ അല്ലെങ്കിൽ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2000 മാർച്ച്, 8.

കെ. ഗോപാലകൃഷ്ണൻ ഉണ്ണിത്താൻ
സെക്രട്ടറി (ഇൻ-ചാർജ്).

LIBRARY ARCHIVES Kerala Legislative Assembly